പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2014-2016)

## പതിനഞ്ചാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2001-04)-യുടെ രണ്ടാമത് റിപ്പോർട്ടിലെ (വനം-വന്യജീവി വകുപ്പിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

(2014 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

## (2014-2016)

### പതിനഞ്ചാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2001-04)-യുടെ രണ്ടാമത് റിപ്പോർട്ടിലെ**
**(വനം-വന്യജീവി വകുപ്പിനെ സംബന്ധിച്ച്)**
**ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടികൾ**
**സംബന്ധിച്ച്]**

27/2015.

# ഉള്ളടക്കം


പേജ്

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

| | | |
|---|---|---|
| ശ്രീ. | എം. എ. ബേബി, | എം. എൽ. എ. |
| ,, | എ. കെ. ബാലൻ, | ,, |
| ,, | ഡൊമിനിക് പ്രസന്റേഷൻ, | ,, |
| ,, | ഇ. പി. ജയരാജൻ, | ,, |
| ,, | സി. മോയിൻകുട്ടി, | ,, |
| ,, | കെ. മുരളീധരൻ, | ,, |
| ,, | കെ. രാജു, | ,, |
| ,, | എ. കെ. ശശീന്ദ്രൻ, | ,, |
| ,, | സി. എഫ്. തോമസ്, | ,, |
| ,, | എം. ഉമ്മർ, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി കെ. രാധാമണി, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാനവാസ്, പി. പി., ഡെപ്യൂട്ടി സെക്രട്ടറി

" ശാന്തകുമാർ, എസ്., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 നവംബർ മാസം 5-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 16.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2001-04)-യുടെ രണ്ടാമത് റിപ്പോർട്ട് (വനം-വന്യജീവി വകുപ്പിനെ സംബന്ധിച്ച്) 20-2-2003-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 94 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 23-6-2003-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 7-10-2005, 15-11-2005, 8-3-2006, 18-8-2008, 24-9-2009, 11-11-2009, 13-1-2010, 31-8-2010, 4-6-2013, 7-5-2014 എന്നീ തീയതികളിൽ ചേർന്ന സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2001-04)-യുടെ രണ്ടാമത് റിപ്പോർട്ടിലെ മുഴുവൻ ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ച പ്രസ്തുത ശിപാർശകളും ആയതിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

#### ശിപാർശ 1 (ഖണ്ഡിക 27)

കമ്പ്യൂട്ടർ സഹായത്തോടുകൂടി ഘട്ടംഘട്ടമായി വനമേഖലയുടെ വിവരങ്ങൾ ശേഖരിക്കുന്ന കമ്പ്യൂട്ടർ എയിഡഡ് കാർട്ടോഗ്രാഫി (സി.എ.സി.) വനം വകുപ്പ് ആസൂത്രണം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

കമ്പ്യൂട്ടർ അടിസ്ഥാനപ്പെടുത്തി വനമേഖലയുടെ വിവരങ്ങൾ കൃത്യമായി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ 1999 മുതൽതന്നെ വനം വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി വനം വകുപ്പിന്റേതായ ഒരു "ജോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം" തയ്യാറാക്കി വരുന്നു. ഇതിന്റെ പ്രാരംഭനടപടികൾ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള 8 ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. ബാക്കി 6 ജില്ലകളിലെ ജോലികൾ പുരോഗമിച്ചുവരുന്നു.

ഈ സംവിധാനം രൂപപ്പെടുത്താനായി സർവ്വേ ഓഫ് ഇന്ത്യാ, ടോപ്പോ ഷീറ്റുകളും ഉപഗ്രഹചിത്രങ്ങളുമാണ് ഉപയോഗിക്കുന്നത്. ഇതിനാവശ്യമായ ആധുനിക കമ്പ്യൂട്ടറുകളും സോഫ്റ്റ്‌വെയറുകളും ട്രെയിനിംഗ് കഴിഞ്ഞ ഉദ്യോഗസ്ഥന്മാരും നിലവിലുണ്ട്.

ഇതോടൊപ്പംതന്നെ വനം വകുപ്പ് മിനിസർവ്വേയുടെ ജോലികൾ ത്വരിതപ്പെടുത്താനും മറ്റുമായി കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ആധുനിക സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ ജോലികൾ പൂർണ്ണമാകുന്നതോടെ വനം വകുപ്പിന് സുസജ്ജവും കൃത്യവുമായ ഒരു കമ്പ്യൂട്ടർ എയിഡഡ് കാർട്ടോഗ്രാഫി സംവിധാനം നിലവിൽവരും.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കമ്പ്യൂട്ടർ അടിസ്ഥാനപ്പെടുത്തി വനമേഖലയുടെ വിവരങ്ങൾ കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി വനം വകുപ്പ് തയ്യാറാക്കിയ "ജോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം" മുഖേന ഓരോ ജില്ലയുടെയും വനമേഖലകളുടെ വിശദവിവരങ്ങൾ മനസ്സിലാക്കുന്നതിനായി കമ്പ്യൂട്ടർ സി.ഡി.കൾ വകുപ്പിൽ നിന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശയുമായി ബന്ധപ്പെട്ട് വനം വകുപ്പ് തയ്യാറാക്കിയ സംസ്ഥാനത്തെ വനം സംബന്ധിച്ച ഭൂപടത്തിന്റെ സി.ഡി. സമിതി മുമ്പാകെ പ്രദർശിപ്പിച്ചു.

<u>ശിപാർശ 2 (ഖണ്ഡിക 28)</u>

ജീവപരിണാമത്തിന്റെ കളിത്തൊട്ടിലെന്ന് വിശേഷിപ്പിക്കാവുന്ന മനോഹരവും സമ്പുഷ്ടവും ജൈവവൈവിദ്ധ്യത്തിന്റെ കേദാരവുമായ സംസ്ഥാനത്തെ മഴവൻ മഴക്കാടുകളെയും ബയോസ്ഫിയർ റിസർവ്വുകളായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ പ്രധാനപ്പെട്ട ജൈവവൈവിദ്ധ്യ മേഖലകൾ ഇപ്പോൾതന്നെ സംരക്ഷിത മേഖലകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സംസ്ഥാനത്തെ പ്രധാനപ്പെട്ട ജൈവവൈവിദ്ധ്യ മേഖലകൾ ഏതൊക്കെയാണെന്നും അവ സംരക്ഷിത മേഖലയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിൽനിന്ന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സസ്യജന്തുജാലങ്ങളുടെ വൈവിദ്ധ്യം, സ്ഥാനീയ സസ്യങ്ങളുടെ (endemic species) ബാഹുല്യം, കഴിഞ്ഞകാലങ്ങളിൽ സംഭവിച്ച ജൈവവൈവിദ്ധ്യ ശോഷണം എന്നിവയെ അടിസ്ഥാനമാക്കി IUCN പശ്ചിമഘട്ടത്തിന്റെ തെക്കൻ മേഖലയെ ലോകത്തിലെ 34 ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോർട്ടുകളിലൊന്നായാണ് പരിഗണിക്കുന്നത്.

പശ്ചിമഘട്ടത്തിന്റെ ഭാഗമായ കേരളം മൊത്തത്തിൽ ജൈവസമ്പന്നമാണ്.

2003-ൽ പോണ്ടിച്ചേരിയിലെ ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം അനുസരിച്ച് മൊത്തം വനപ്രദേശത്തിന്റെ 51% ഉയർന്ന സംരക്ഷണമൂല്യം (High Conservation Value) ഉള്ളതാണെന്ന് കണ്ടെത്തുകയുണ്ടായി.

ഇതിന്റെ 78 ശതമാനവും സംരക്ഷിത മേഖല (Protected Area)-യ്ക്ക് പുറത്താണ്. മാങ്കുളം, വാഴച്ചാൽ, റാന്നി തുടങ്ങിയ വനപ്രദേശങ്ങൾ അഗസ്ത്യമല എന്നിവ ഉയർന്ന മൂല്യമുള്ള പ്രദേശങ്ങളായി കണക്കാക്കുന്നു.

വനമേഖലയ്ക്ക് പുറത്ത് കാവുകൾ, കണ്ടൽവനങ്ങൾ, തണ്ണീർത്തടങ്ങൾ, അഴിമുഖങ്ങൾ മുതലായവയും ജൈവപരമായി അതീവ പരിഗണനയർഹിക്കുന്നു.

അതിനാൽത്തന്നെ കൂടുതൽ പ്രദേശങ്ങൾ 'സംരക്ഷിത' മേഖലയാക്കുവാൻ വനം വകുപ്പിന് താല്പര്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 32 $Km^2$ വരുന്ന പുൽമേട്ടുകളും ചോലവനങ്ങളും 'കുറിഞ്ഞിമല സാങ്ച്വറി'യാക്കിയത്. സൈലന്റ് വാലി നാഷണൽ പാർക്കിന് ഒരു 'ബഫർസോൺ' ചൂലന്നൂരിൽ മയിൽസങ്കേതം എന്നിവ സജീവ പരിഗണനയിലാണ്.

കടലുണ്ടി മേഖലയുടെ സംരക്ഷണത്തിനായി പ്രത്യേകം പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ മുഴുവൻ പ്രദേശങ്ങളും സംരക്ഷിതമേഖലയാക്കുന്നത് അപ്രായോഗികമാണ്. അതിനാൽ അവിടങ്ങളിലെ സസ്യജന്തു വൈവിധ്യം നിലനിർത്താനാവശ്യമായ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വന്യജീവി സങ്കേതങ്ങളെ 'കോറിഡോർ' വഴി ബന്ധിപ്പിക്കുന്നതും ആവാസ പുനരുദ്ധാരണ നടപടികൾ എല്ലാ വനപ്രദേശങ്ങളിലും നടപ്പിലാക്കുന്നതും ബഹുജന പങ്കാളിത്തത്തോടെ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക എന്നിവ ഇതിന്റെ ഭാഗമാണ്.

അഗസ്ത്യമല ഒരു ബയോറിസർവ്വായി പ്രഖ്യാപിച്ചു. ഇവിടെ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ആന്റ് റൂറൽ ലൈവ്‌ലിഹുഡ് ഇമ്പ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്രാനുമതിയായിട്ടുണ്ട്. പറമ്പിക്കുളം, ചിന്നാർ, ഇരവികുളം തുടങ്ങിയ സംരക്ഷിത

മേഖലകളെ ഉൾപ്പെടുത്തി പുതിയൊരു 'കടുവ സംരക്ഷണ കേന്ദ്രം' രൂപീകരിക്കാൻ കേന്ദ്രാനുമതിയായിട്ടുണ്ട്. പ്രോജക്ട് എലിഫന്റ് പദ്ധതി മുഴുവൻ വനപ്രദേശങ്ങളിലും നടപ്പിലാക്കിവരുന്നു.

കുമരകം ജലാശയം ഒരു 'കൺസർവേഷൻ റിസർവ് ' ആയി പ്രഖ്യാപിക്കാനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സംസ്ഥാനത്തെ കണ്ടൽക്കാടുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ടും 2004-നുശേഷം നിലനിൽക്കുന്ന കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം എത്രയാണെന്നും പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ വിശദാംശങ്ങളും ലഭ്യമാക്കുക

## സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാനത്ത് 16.5 ചതുരശ്ര കി.മീ. ഏരിയായിൽ കണ്ടൽക്കാടുകൾ ഉള്ളതായി കണക്കാക്കുന്നു. കണ്ണൂർ മേഖലയിലും വേമ്പനാട് മേഖലയിലും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമായി 100% കേന്ദ്ര സഹായത്തോടെയുള്ള ഒരു പദ്ധതി 2006-07 മുതൽ 2008-09 വരെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പാക്കിയിട്ടുണ്ട്. ഈ കാലയളവിൽ കണ്ണൂർ മേഖലയിൽ 64750 കണ്ടൽച്ചെടികളും വേമ്പനാട് മേഖലയിൽ 24450 കണ്ടൽച്ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം തീരപ്രദേശത്ത് 2007-08 വർഷം വരെ 14.65 ഹെക്ടർ പ്രദേശത്തും കണ്ടൽച്ചെടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നട്ടുപിടിപ്പിച്ചിട്ടുണ്ട്. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന വ്യക്തികൾക്ക് കൈവശ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഏക്കറിന് 4,000 രൂപ സഹായധനം നൽകുന്ന ഒരു പദ്ധതി 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു.

## ശിപാർശ 3 (ഖണ്ഡിക 30)

സംസ്ഥാനത്തെ വനമേഖലകളിൽ എവിടെയെല്ലാം ക്രമഭംഗം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തി നൈസർഗ്ഗികമായ രീതിയിൽ വനവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ക്രമഭംഗം സംഭവിച്ചിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വകാര്യ ഭൂമി ഏറ്റെടുത്ത് നൈസർഗ്ഗികമായ വനവൽക്കരണം നടത്തുന്നതാണ്.

<u>ശിപാർശ 4 (ഖണ്ഡിക 32)</u>

ഔഷധമേന്മകൊണ്ടും പരിസ്ഥിതി പ്രാധാന്യംകൊണ്ടും പ്രാമുഖ്യം നേടിയ പ്രകൃതി വിഭവങ്ങളായ അവശേഷിക്കുന്ന ദേവാരണ്യങ്ങളുടെ (കാവുകളുടെ) പ്രത്യേകം പ്രത്യേകം മൈക്രോ പ്ലാൻ തയ്യാറാക്കി ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാവുകളുടെ സംരക്ഷണത്തിനായി ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യ കാവുകളുടെ പ്രത്യേക സംരക്ഷണത്തിനായി ഒരു പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി അതായത് ജനപങ്കാളിത്തത്തോടുകൂടി കാവുകൾ സംരക്ഷിക്കുന്നതിലേക്ക് ഒരു പ്രോജക്ട്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിവരുന്നു.

<u>ശിപാർശ 5 (ഖണ്ഡിക 33)</u>

സംസ്ഥാനത്ത് അവശേഷിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും അനുയോജ്യമായ പ്രദേശങ്ങളിൽ അവ വച്ചുപിടിപ്പിക്കുന്നതിനും വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കണ്ടൽക്കാടുകളെ സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ 7 ജില്ലകളിൽ മൂന്നു വർഷത്തേക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് 88.17 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് (എം.ഒ.ഇ.എഫ്.) അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. 9-10-2003-ലെ ഈ പ്രോജക്ട് 2003-04 വർഷത്തേക്കുള്ളതായി പുതുക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

<u>ശിപാർശ 6 (ഖണ്ഡിക 34)</u>

പുൽമേടുകളുടെ നാശം അവിടെയുള്ള പക്ഷികളുടെയും സസ്തനികളുടെയും ചെറുപ്രാണികളുടെയും നിലനിൽപ്പിനെ അപകടത്തിലാക്കുമെന്നതു കണക്കിലെടുത്ത് വനം വകുപ്പ് ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്നും പുൽമേടുകളിലും വനങ്ങളിലും എല്ലാത്തരത്തിലുമുള്ള കാലിമേച്ചിൽ നിരോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനം വകുപ്പിന്റെ അധീനതയിലുള്ള പുൽമേടുകളിൽ കാണുന്ന പക്ഷികളുടേയും സസ്തനികളുടേയും ചെറുപ്രാണികളുടേയും നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു. എന്നാൽ പുൽമേടുകളിലും വനങ്ങളിലും എല്ലാത്തരത്തിലുമുള്ള കാലിമേച്ചിലുകൾ നിരോധിക്കണമെന്നുള്ള ശിപാർശ പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം നടപ്പാക്കാൻ സാധിച്ചിട്ടില്ല.

<u>ശിപാർശ 7 (ഖണ്ഡിക 38)</u>

വനം-വന്യജീവി സംരക്ഷണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കി വയ്ക്കുന്നതോടൊപ്പം ആ തുക യഥാവിധി വിനിയോഗിക്കുകയും ചെയ്യുന്നതിന് വകുപ്പുതലത്തിൽ പഠനം നടത്തി കേന്ദ്ര സംസ്ഥാന വിഹിതങ്ങളിലെ ഫണ്ട് യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും നിശ്ചിതസമയത്തിനുള്ളിൽ അവ വിനിയോഗിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്ര സംസ്ഥാന വിഹിതങ്ങളിലെ ഫണ്ട് യഥാസമയം ലഭ്യമാക്കി വിനിയോഗിച്ചിട്ടുണ്ട്.

<u>ശിപാർശ 8 (ഖണ്ഡിക 42)</u>

വനസംരക്ഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും ഭരണകാര്യങ്ങൾ സുഗമമാക്കുന്നതിനും നിലവിലുള്ള റേഞ്ചുകൾ ശാസ്ത്രീയമായി വിഭജിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനസംരക്ഷണം ഊർജ്ജിതമാക്കുന്നതിന് പ്രശ്നങ്ങൾ കൂടുതലുള്ള റെയിഞ്ചുകളിൽ ചിലവ ഇപ്പോൾതന്നെ വിഭജിച്ചിട്ടുണ്ട്. കട്ടപ്പന റെയിഞ്ച്, കട്ടപ്പന, ഇടമലയാർ എന്നീ റെയിഞ്ചുകളായി വിഭജിച്ചിട്ടുണ്ട്. കൂടാതെ അടുത്തകാലത്തായി മറയൂർ റെയിഞ്ച് വിഭജിച്ച് മറയൂർ, കാന്തല്ലൂർ റെയിഞ്ചുകളായി തിരിച്ച് ഉത്തരവായിട്ടുണ്ട്. സമിതിയുടെ ശിപാർശ വിശദമായി പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>ശിപാർശ 9 (ഖണ്ഡിക 43)</u>

സംസ്ഥാനത്തെ ഫോറസ്റ്റ് ഡിവിഷനുകളുടെ ആസ്ഥാനം ഭരണസൗകര്യത്തിനും വനസംരക്ഷണത്തിനും അനുയോജ്യമായ വിധത്തിൽ മാറ്റിസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ഇത്തരത്തിൽ വനം ഡിവിഷന്റെ ആസ്ഥാനം റെയിഞ്ച് ആസ്ഥാനത്തുനിന്നും അകന്ന് സ്ഥിതിചെയ്യുന്നത് കോട്ടയം ഡിവിഷൻ മാത്രമാണ്. കോട്ടയം ജില്ലയിൽ വനം ഡിവിഷന്റെ ആസ്ഥാനം ഉള്ളത് ഇവിടെ മാത്രമാണ്. കൂടാതെ 40-വർഷത്തിലേറെയായി ഇവിടെയാണ് ഡിവിഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്നതും. സമിതിയുടെ ശിപാർശ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ 10 (ഖണ്ഡിക 44)</u>

ഉയർന്ന ഉദ്യോഗസ്ഥരുടെ ബാഹുല്യം കാരണം പലപ്പോഴും ഉത്തരവാദിത്വങ്ങളും പുതിയ പദ്ധതികളും ഏറ്റെടുക്കുവാൻ ഇവർ വിമുഖത കാട്ടുകയും ഇവ എങ്ങനെയെങ്കിലും തന്റെ അധികാരപരിധിയിൽ വരുന്നതല്ല എന്നു വരുത്തി തീർക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്ന സാഹചര്യത്തിൽ വനം വകുപ്പിൽ ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ബാഹുല്യം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പല ഘട്ടങ്ങളിലായി ഉന്നത തസ്തികയിലുള്ള ഉദ്യോഗസ്ഥൻമാരെ മറ്റു പല ഡിപ്പാർട്ട്മെന്റിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അയച്ചിട്ടുണ്ട്. തന്മൂലം ബാഹുല്യം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

<u>ശിപാർശ 11 (ഖണ്ഡിക 45)</u>

വനം വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സ് മുതൽ റെയിഞ്ച് തലംവരെ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖലയ്ക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സ് മുതൽ റെയിഞ്ച് തലംവരെ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. റെയിഞ്ച്/ഡിപ്പോ തലത്തിൽവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്.

<u>ശിപാർശ 12 (ഖണ്ഡിക 45)</u>

കമ്പ്യൂട്ടർവൽക്കരണം ദീർഘവീക്ഷണത്തോടെയും പ്രായോഗികബുദ്ധിയോടെയും ചെയ്യേണ്ട ഒരു കാര്യമാണ്. ഇതിനായി ഈ രംഗത്ത് പ്രാഗൽഭ്യമുള്ള ഏജൻസികളെ ചുമതലപ്പെടുത്തി കമ്പ്യൂട്ടർവൽക്കരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഈ രംഗത്ത് വളരെ പ്രാഗൽഭ്യമുള്ള RITES എന്ന പൊതുമേഖലാ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് റെയിഞ്ച് തലംവരെയുള്ള കമ്പ്യൂട്ടർ ശൃംഖലയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

## ശിപാർശ 13 (ഖണ്ഡിക 46)

വനം-വന്യജീവി വകുപ്പിൽ ജീവനക്കാരെ ജോലിഭാരം കണക്കിലെടുത്തും അധികാര പരിധി നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും ശാസ്ത്രീയമായി പുനർവിന്യസിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടിയെന്നോണം എഫ്.എം.ഐ.എസ്. വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക സംരക്ഷണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേക്കും പാലോട് റെയിഞ്ചിലെ ഹെഡ് അക്കൗണ്ടന്റ് തസ്തിക വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേക്കും വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തിക ബയോഡൈവേഴ്സിറ്റി സെൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലേക്കും ട്രൈബൽ റിഹാബിലിറ്റേഷൻ കമ്മീഷണറുടെ ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് തസ്തിക ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ ആന്റ് നോഡൽ ഓഫീസർ)-ടെ ഓഫീസിലേക്കും പുനർവിന്യസിച്ചിട്ടുണ്ട്. ജോലിഭാരം കണക്കിലെടുത്ത് വനം വകുപ്പിലെ മറ്റു ഓഫീസുകളിലെ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമെങ്കിൽ അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ 14 (ഖണ്ഡിക 47)

വനം വകുപ്പിലെ എല്ലാ ഓഫീസുകളിലും സാങ്കേതിക വിഭാഗത്തിൽപ്പെടുന്നവരാണ് പ്രധാന ഉദ്യോഗസ്ഥൻമാർ. ഇതിന് പുറമേ മിനിസ്റ്റീരിയൽ വിഭാഗവും ഉണ്ട്. സാങ്കേതിക കാര്യങ്ങൾ അടങ്ങുന്ന ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിന് വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തത് പലപ്പോഴും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ആയതിനാൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും അത്യാവശ്യ സാങ്കേതിക കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാങ്കേതിക കാര്യങ്ങളിലും മറ്റും മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള ഫോറസ്റ്റി പ്രോജക്ടിന്റെ കീഴിൽ ഓറിയന്റേഷൻ കോഴ്സുകൾ നൽകിയിട്ടുണ്ട്. ഇത്തരം പരിശീലനം ഇപ്പോഴും തുടരുന്നുണ്ട്.

<u>ശിപാർശ 15 (ഖണ്ഡിക 48)</u>

വനം-വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥർ വന്യജീവി സംരക്ഷണ വിഭാഗത്തിലും വനം (ജനറൽ) വിഭാഗത്തിലും മാറിമാറി ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. വന്യജീവി സംരക്ഷണം സംബന്ധിച്ച ജോലിയിൽ ഒരാൾ പ്രാവീണ്യം നേടിക്കഴിയുമ്പോൾ അയാൾ വനസംബന്ധമായ ജോലിക്ക് നിയോഗിക്കപ്പെടുന്നു. അതുപോലെ തിരിച്ചും സംഭവിക്കുന്നു. ഇത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു എന്നത് അവിതർക്കിതമാണ്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് എല്ലാ വിഭാഗങ്ങളിലും ഒരു നിശ്ചിത കാലയളവിൽ പ്രവർത്തിക്കുന്നതിന് അവസരം ലഭിക്കുന്ന വിധത്തിൽ വ്യക്തമായ ഒരു കരിയർ പ്ലാനിംഗിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനം വകുപ്പിന്റെ ഭരണ സൗകര്യവും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിശ്ചിത പരിധിക്കുശേഷം സ്ഥലംമാറ്റ/പ്രൊമോഷൻ ജീവനക്കാർക്ക് നൽകേണ്ടതുണ്ട്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനായി ജീവനക്കാർക്ക് യഥാസമയങ്ങളിൽ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. വിജിലൻസ്, ട്രെയിനിംഗ്, റിസർവ് തുടങ്ങിയ വിഭാഗങ്ങളിൽ തസ്തികകളുടെ എണ്ണം വളരെ കുറവാണ്. ആയതിനാൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് എല്ലാ വിഭാഗങ്ങളിലും ഒരു നിശ്ചിത കാലയളവിൽ പ്രവർത്തിക്കുന്ന വിധത്തിൽ ഒരു കരിയർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ശിപാർശ നടപ്പിലാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

<u>ശിപാർശ 16 (ഖണ്ഡിക 49)</u>

വനങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങളെയും അതു ശോഷിച്ചാലുള്ള അപകടങ്ങളെയും കുറിച്ച് വേണ്ടരീതിയിൽ പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിനുവേണ്ടി വനം വകുപ്പിന്റെ നിയന്ത്രണത്തിൽ വനസംരക്ഷണ സമിതികൾ സംസ്ഥാനത്തുടനീളം രൂപീകരിക്കേണ്ടതാണ്. വനനശീകരണത്തിനു ബാധകമാകുന്ന ഏതു പ്രവൃത്തികളും

വെളിച്ചത്തുകൊണ്ടുവരികയും അവ ആവർത്തിക്കുവാൻ ഇടനൽകാത്ത വിധത്തിൽ ഇത്തരം സമിതികൾ ഒരു സന്നദ്ധ സേനയെന്നപോലെ സദാജാഗരൂകരായി കർമ്മനിരതരായി നിലകൊള്ളുകയും ചെയ്താൽ മാത്രമേ സംഘടിത വനം കയ്യേറ്റങ്ങളും മറ്റു വനവിഭവ ചൂഷണങ്ങളും തുടച്ചുമാറ്റാൻ കഴിയൂ. വനം വകുപ്പിൽനിന്നും തക്കതായ സഹായസഹകരണങ്ങൾ ഇത്തരം സമിതികൾക്ക് ലഭിക്കേണ്ടതാണ്. വനംവകുപ്പിലെ പബ്ലിസിറ്റി വിഭാഗത്തിലെ ഉദ്യോഗസ്ഥരും ഈ സമിതികളും ഒറ്റക്കെട്ടായി പ്രവർത്തിക്കുകയാണെങ്കിൽ വനനശീകരണം ഈ സംസ്ഥാനത്തുനിന്നുതന്നെ ഉൻമൂലനം ചെയ്യാം. ആയതിനാൽ ഈ ലക്ഷ്യം വച്ചുകൊണ്ട് വന വിജ്ഞാന വ്യാപന വിഭാഗത്തെ (പബ്ലിസിറ്റി വിഭാഗത്തെ) കാലോചിതമായി പുനഃസംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ജില്ലകളിലും സാമൂഹികവനവൽക്കരണ ഡിവിഷൻ ഓഫീസുകളോടു ചേർന്ന് ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രങ്ങൾ ആരംഭിക്കുകയും, വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുമായി ഒത്തുചേർന്നുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ വനം വകുപ്പിലെ പബ്ലിസിറ്റി വിഭാഗം സംഘടിപ്പിച്ചുവരുന്നുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി.)-യുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ ജില്ലാ വന വിജ്ഞാന വ്യാപനകേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫോറസ്റ്റ് ഇൻഫർമേഷൻ ഡയറക്ടർക്ക് അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് പ്രസിദ്ധീകരണമായ "ആരണ്യം"-ത്തിൽ വനവികസന ഏജൻസികളുടെയും (എഫ്.ഡി.എ.) വനം സംരക്ഷണ സമിതികളുടെയും പ്രവർത്തനവിജയത്തെ സംബന്ധിച്ച റിപ്പോർട്ടുകൾ കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിന് വിവരങ്ങൾ ശേഖരിക്കുന്നതിനായി എല്ലാ എക്സ്റ്റൻഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 17 (ഖണ്ഡിക 50)

വനം വകുപ്പിൽ ഒരു ക്രൈം സ്റ്റോപ്പർ സെൽ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ 18 (ഖണ്ഡിക 52)

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും ഫോറസ്ട്രി വിഷയമാക്കിക്കൊണ്ടുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും ഈ കോഴ്സുകൾ പഠിച്ചിട്ടുള്ളവർക്ക് വനവും വന്യജീവിയും വകുപ്പിലെ നിയമനങ്ങളിൽ മുൻഗണന ലഭിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കി നിലവിൽ തൊഴിൽസാധ്യതയുള്ള പുതിയ കോഴ്സുകൾ ഉൾപ്പെടുത്തി വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ പുനഃക്രമീകരിക്കുന്ന വിഷയം തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ഇപ്രകാരം കോഴ്സുകൾ പുനഃക്രമീകരണം നടത്തുന്ന അവസരത്തിൽ ഫോറസ്ട്രി/ഫോറസ്റ്റ് നഴ്സറി മാനേജ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

ശിപാർശ 19 (ഖണ്ഡിക 58)

വനത്തിനും വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്കും ഒരു കോട്ടവുംതട്ടാതെ വനവിഭവങ്ങൾ സമാഹരിക്കുന്നതിനും വനം സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തെ സംബന്ധിച്ച് അവരെ കൂടുതൽ ബോധവൽക്കരിക്കുന്നതിനും വേണ്ടി വനം വകുപ്പ് ആദിവാസികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വനസംരക്ഷണ സമിതികൾ എല്ലാ വനമേഖലകളിലും രൂപീകരിക്കണമെന്നും ഘട്ടംഘട്ടമായി വനത്തിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആദിവാസികളെക്കൂടി ഉൾപ്പെടുത്തിയുള്ള വനസംരക്ഷണ സമിതി എല്ലാ മേഖലകളിലും രൂപീകരിച്ചുവരുന്നു. ഇതുവരെ 329 വനസംരക്ഷണ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വനത്തിനുള്ളിൽ താമസിക്കുന്നവർ സ്വമേധയാ മാറിപ്പോകുന്നപക്ഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അവരെ പുനരധിവസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 20 (ഖണ്ഡിക 60)

പീച്ചി വാട്ടർ സപ്ലൈ സ്കീമിനോടനുബന്ധിച്ചുള്ള വനപ്രദേശത്ത് കാലിമേയ്ക്കൽ അടിയന്തരമായി തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വന്യജീവി സങ്കേതങ്ങളിൽ കാട്ടിമേച്ചിൽ നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 21 (ഖണ്ഡിക 61)</u>

കെ.എഫ്.ആർ.ഐ.-യ്ക്ക് 1991-92 മുതൽ 1997-98 വരെ 21 ലക്ഷം രൂപയാണ് പദ്ധതിയേതര ഗ്രാന്റായി നൽകിക്കൊണ്ടിരുന്നതെന്നും 1999-2000-ൽ ഇത് 45 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ഈ തുക സ്റ്റാഫിന്റെ ശമ്പളവും അലവൻസും നൽകുന്നതിനുപോലും പര്യാപ്തമല്ലായെന്നും 1999-2000-ലെ മൊത്തം ചെലവ് 268.86 ലക്ഷം രൂപയാണെന്നും 100 ലക്ഷം രൂപ സ്റ്റാഫിനുള്ള ശമ്പള കുടിശ്ശിക ഇനത്തിൽ തന്നെ നൽകാനുണ്ടെന്നും 2000-2001-ൽ ഏകദേശം 531 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ ഭൂരിഭാഗവും ചോർന്നൊലിക്കുന്നതാണെന്നും ഇതിനുള്ള അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്യേണ്ടതാണെന്നാണ് ഇതിനായി നിയോഗിച്ചിരുന്ന ഹൈപവർ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതെന്നും അതിനുവേണ്ടിയും കൂടിയാണ് ഇത്രയും തുക ഈ വർഷം വേണ്ടിവരുന്നതെന്നും അറ്റകുറ്റപ്പണികൾക്ക് മാത്രമായി 75 ലക്ഷം രൂപ വേണ്ടിവരുമെന്നും ഗവൺമെന്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടികൾ ആവശ്യമാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിന് ആവശ്യമായ ഗവേഷണവും പഠനങ്ങളും നടത്തുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിനും അടിസ്ഥാനാവശ്യങ്ങൾക്കും ഇപ്പോൾ ലഭിക്കുന്ന ധനസഹായം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ സ്ഥാപനത്തിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും ഭരണ ചെലവുകൾക്കും കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇക്കാര്യം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ബന്ധപ്പെടുകയുണ്ടായി. പുതുക്കിയ നടപടിക്രമമനുസരിച്ച് കെ.എഫ്.ആർ.ഐ. ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ വഴിയാണ് റിലീസ് ചെയ്യുന്നത്. 2003-2004-ൽ കെ.എഫ്.ആർ.ഐ.-യ്ക്കുള്ള പദ്ധതിയേതര ഗ്രാന്റിനത്തിൽ, വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കണക്കിനമായ 3425-60-200-71-09(NP)-ലേക്ക് വകമാറ്റിയിട്ടുണ്ടെന്നാണ് ആ വകുപ്പ് അറിയിച്ചിരിക്കുന്നത്.

ശിപാർശ 22 (ഖണ്ഡിക 62)

സിൽവികൾച്ചർ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നവീന കാലഘട്ടത്തിനനുസൃതമായ രീതിയിൽ പരിഷ്കരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ഈ വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം വകുപ്പിലെ പ്ലാനിംഗ് വിഭാഗത്തിൽ അപ്ലൈഡ് റിസർച്ച് ആണ് നടക്കുന്നത്. ഇതിൽ വനപരിപാലനത്തിനും ആവശ്യകതയ്ക്കനുസരിച്ച് വിപുലീകരണവും നവീകരണവും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

ശിപാർശ 23 (ഖണ്ഡിക 63)

ദ്രുതഗതിയിൽ വളരുന്ന തേക്കുകൾ ക്ലോണിംഗിലൂടെ വികസിപ്പിച്ചെടുക്കുന്ന ഗുണമേന്മയേറിയ യൂക്കാലിപ്റ്റസ് തൈകൾ, നഴ്സറികളിൽ തൈകൾ ചിതൽമൂലം നശിക്കാതിരിക്കുന്നതിനുള്ള സാങ്കേതികവിദ്യ, മഴ കുറവായ മേഖലകളിൽ വനവൽക്കരണം നടത്തുന്നതിനുള്ള സാങ്കേതികവിദ്യകൾ, മുളകളുടെയും ഈറകളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ, ഔഷധസസ്യങ്ങളുടെ സംരക്ഷണം, വന്യജീവി സെൻസസ് എടുക്കുന്നതിനുള്ള നൂതനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുക തുടങ്ങിയവ വനം വകുപ്പ് അടിയന്തരമായി ശ്രദ്ധ പതിപ്പിക്കണമെന്നും ഇതിനായി വനം വകുപ്പിന്റെ ഗവേഷണ വിഭാഗവും കെ.എഫ്.ആർ.ഐ.-യുമായി സഹകരിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തി വനം വകുപ്പിന്റെ പ്രവർത്തനത്തെ കൂടുതൽ സജീവമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തേക്ക്, മുള, യൂക്കാലിപ്റ്റസ് തുടങ്ങിയവയുടെ ഗുണമേന്മയുള്ള ക്ലോണുകൾ കണ്ടെത്തി തോട്ടനിർമ്മാണത്തിന് ഉപയോഗിക്കുന്നതിനും മറ്റുമുള്ള ഗവേഷണങ്ങൾ വനം വകുപ്പിന്റെ സഹകരണത്തോടെ KFRI-ൽ നടത്തിവരുന്നുണ്ട്. ഇവയുടെ വ്യാപ്തി, ഫണ്ടിന്റെ ലഭ്യതയും വകുപ്പിന്റെ പ്രായോഗിക ആവശ്യവും അനുസരിച്ച് വർദ്ധിപ്പിക്കുന്നതാണ്.

ശിപാർശ 24 (ഖണ്ഡിക 64)

വനം വകുപ്പിന്റെ ഗവേഷണവിഭാഗത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രായോഗികതലത്തിൽ ഉപയോഗസാധ്യതയുള്ള വിഷയങ്ങളിലാണ് ഇപ്പോൾ ഗവേഷണ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത്. ഗവേഷണ ഫലങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ 25 ( ഖണ്ഡിക 65)</u>

ഗാട്ട് കരാറിലെ ബൗദ്ധിക സ്വത്തവകാശം (Trade Related Intellectual Property Rights) നിയമങ്ങൾ നടപ്പാക്കാനുദ്ദേശിച്ചുള്ള സസ്യ ഇന സംരക്ഷണ ആക്ടിൽ തദ്ദേശീയമായി രൂപം നൽകിയ വിള ഇനങ്ങളെ ദേശീയ സ്വത്തായി പ്രഖ്യാപിച്ച് ഉടമസ്ഥാവകാശം സ്ഥാപിക്കണം. ഇത് നമ്മുടെ തനതുസസ്യ ഇനങ്ങളുടെ ശേഖരം എവിടെയിരുന്നാലും, ഇത് നമുക്ക് തിരിച്ച് ലഭ്യമാക്കുന്നതിനുള്ള അവകാശം നൽകും. ആയതിനാൽ ഇത് മുന്നിൽ കണ്ടുകൊണ്ടുള്ള നിയമനിർമ്മാണങ്ങളും ഗവേഷണങ്ങളും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

TRIPS മുതലായ കാര്യങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

<u>അധികവിവരം</u>

ഗാട്ട് കരാറിന്റെ ബൗദ്ധിക സ്വത്തവകാശം (Trade Related Intellectual Property-TRIPS) മുതലായ കാര്യങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വനം വകുപ്പ് നൽകിയിട്ടുണ്ടോ എന്ന് ആരായാൻ സമിതി നിർദ്ദേശിച്ചു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ 2-1-2003-ലെ G.O. (Rt.) No. 4/03/F & WLD എന്ന നമ്പർ ഉത്തരവ് പ്രകാരം TRIPS-മായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനായി ശ്രീ. പി. പ്രസാദബാബു, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) ചെയർമാനായും ശ്രീ. ഒ. പി. കേളർ (ഫോറസ്റ്റ് കൺസർവേറ്റർ, ബി.ഡി.ഡി.) കൺവീനർ ആയും ശ്രീ. കെ. ജെ. വർഗ്ഗീസ്, ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ശ്രീ. സൈമൺ ഫ്രാൻസിസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്പ്മെന്റ്), ശ്രീ. പ്രദീപ് കുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രോജക്റ്റ് സെൽ) എന്നിവർ അംഗങ്ങളായി ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിരുന്നു. ടി തസ്തികയിൽ നിന്നും ഇവർ സ്ഥലംമാറിപ്പോയ

സാഹചര്യത്തിൽ പുതിയ സെൽ രൂപീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു എന്നിരുന്നാലും കമ്മിറ്റി മീറ്റിംഗുകൾ വഴി കാര്യങ്ങൾ വിലയിരുത്തുകയും ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച കാര്യങ്ങളിൽ നടപടി എടുക്കുകയും ചെയ്തുവരുന്നു

ശിപാർശ 26 (ഖണ്ഡിക 66)

ഇപ്പോൾ നമ്മുടെ വനമേഖലകളിൽ കാണുന്ന എല്ലാ സസ്യങ്ങളുടെയും പ്രത്യേകിച്ച് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെയും ഡി.എൻ.എ. സീക്വൻസിംഗ്, ജീൻമാപ്പിംഗ് (DNA Sequencing and Gene Mapping) തുടങ്ങിയ അത്യാധുനിക ജനിതക ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനമേഖലകളിൽ അപൂർവ്വങ്ങളായിക്കൊണ്ടിരിക്കുന്ന സസ്യങ്ങൾ ഏതൊക്കെയാണെന്ന് അറിയുന്നതിനുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. അത്യധികം സംരക്ഷണ പ്രാധാന്യമുള്ള സസ്യങ്ങളുടെ ഡി.എൻ.എ. സീക്വൻസിംഗ്, ജീൻമാപ്പിംഗ് എന്നിവ ചെയ്യുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് ശാസ്ത്ര സാങ്കേതിക വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായാൻ നിർദ്ദേശിച്ചു

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇത്തരത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള അപൂർവ്വം വംശനാശഭീഷണി നേരിടുന്നതുമായ സസ്യജാലങ്ങളെപ്പറ്റിയുള്ള ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള പ്രധാനപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(1) ഡാൽബെർജിയ സ്പീഷീസിന്റെ ഡി.എൻ.എ. ബാർകോഡിംഗ്.

(2) ജനിതകമൂല്യനിർണ്ണയം വഴി തേക്കിന്റെ പരിപോഷണം.

(3) സന്റാലം ചന്ദനം, ടെക്കോണ എന്നിവയുടെ വൈവിദ്ധ്യവും സംരക്ഷണവും.

(4) തേക്ക് വൃക്ഷജാലത്തിന്റെ ജനിതക സമ്പത്ത് സംതുലിതമായി കൈകാര്യം ചെയ്യുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള സാങ്കേതികവിദ്യ വികസിപ്പിക്കൽ.

(5) മൈക്രോ സാറ്റലൈറ്റ് മാർക്കറുകൾ ഉപയോഗിച്ച് പശ്ചിമഘട്ടത്തിലെ തേക്കിന്റെ ഭൂമിശാസ്ത്രപരമായ വിതരണത്തിന്റെയും വൃക്ഷസമ്പത്തിന്റെ എണ്ണത്തിന്റെയും കണക്കെടുപ്പും ഡി.എൻ.എ. മാപ്പിംഗും.

(6) എ.എസ്.എൽ.പി. മാർക്കറുകൾ ഉപയോഗിച്ച് കേരളത്തിന്റെ തേക്ക് വൃക്ഷങ്ങളുടെ ജനിതകവൈവിദ്ധ്യം വിലയിരുത്തുന്നതിനുള്ള പഠനം.

(7) മോളിക്കുലാർ മാർക്കറുകൾ ഉപയോഗിച്ച് അപൂർവ്വവും വംശനാശഭീഷണിയുള്ളതുമായ ചൂരൽവർഗ്ഗ ചെടികളുടെ ഡി.എൻ.എ., ഫിംഗർ പ്രിന്റിംഗ് (കലാമസ് ട്രാവൻകോറിക്കസ്, സി.തൈറ്റേസി, സി.വട്ടയില ആന്റ് ഡി. ഗ്രാൻഡീസ്ഡി എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്)

വാണിജ്യ പ്രാധാന്യമുള്ളതും അപൂർവ്വവുമായ തടിക്ക് വേണ്ടിയുള്ളതും, അല്ലാതെയുമുള്ള വന ഉല്പന്നങ്ങളുടെ ഡി.എൻ.എ. അടിസ്ഥാനമാക്കിയുള്ള തിരിച്ചറിയലും പരിപാലനവും സംബന്ധിച്ചുള്ള കാര്യങ്ങളിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

സലേഷ്യ എസ്.പി.പി. അപൂർവ്വമായ മുളവർഗ്ഗങ്ങൾ, ഹംബോൾഷ്യയ, എസ്.പി.പി. എന്നീ ഔഷധ സസ്യങ്ങളുടെ ഡി.എൻ.എ. ബാർകോഡിംഗ് ചെയ്തുവരുന്നു.

<u>കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു:</u>

(1) വാണിജ്യപ്രാധാന്യമുള്ള തടിവൃക്ഷങ്ങളുടെ ഡി.എൻ.എ. ബാർകോഡിംഗ് ഉൾപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കുക. മായംകലർന്ന തടികളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിന് ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യങ്ങൾ വനം വകുപ്പിന്റെ ധനസഹായത്തോടെ ചെയ്യാനാണുദ്ദേശിക്കുന്നത്.

(2) പശ്ചിമഘട്ടത്തിലെ ഡിപ്റ്ററോ കാർപ്പ്-ന്റെ ഡി.എൻ.എ. സീക്വൻസിംഗ് : പരിസ്ഥിതിപരമായും സാമ്പത്തികപരമായും ഉന്നത ശ്രേണിയിലുള്ള വൃക്ഷജാലമാണ് ഡിപ്റ്ററോ കാർപ്പ്. കഴിഞ്ഞ കാലങ്ങളിലെ തിരഞ്ഞുപിടിച്ചുള്ള മുറിച്ചുനീക്കൽ കാരണം ഈ വൃക്ഷങ്ങളുടെ വിന്യസിക്കൽ അങ്ങേയറ്റം ശോഷിച്ചിട്ടുണ്ട്. ഈ വൃക്ഷങ്ങളുടെ ഡി.എൻ.എ. സീക്വൻസിംഗ് നടത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിലേക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ 27 (ഖണ്ഡിക 67)</u>

ഡെറാഡൂൺ, തൃശ്ശൂർ എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങൾ കഴിഞ്ഞാൽ വളരെ പ്രാധാന്യമുള്ള ഒരു വന്യജീവി ഗവേഷണ കേന്ദ്രമായി മാറാൻസാധ്യതയുള്ള മൂന്നാർ വന്യജീവി ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ട് ലഭ്യമാകുന്ന പക്ഷം മൂന്നാർ വന്യജീവി ഗവേഷണ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 28 (ഖണ്ഡിക 72)

വനപാലകർക്ക് ഇന്ന് നൽകിവരുന്ന പരിശീലന രീതികളിൽ കാലോചിതമായ മാറ്റം വരുത്തി വനപാലകർ കൂടുതൽ ഊർജ്ജസ്വലരാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം വകുപ്പിൽ നിലവിലുണ്ടായിരുന്ന പരിശീലനത്തിന്റെ കാലാവധി വർദ്ധിപ്പിച്ച് പോലീസിന്റെ സഹായത്തോടെ മൂന്നുമാസ ഫിസിക്കൽ ട്രെയിനിംഗ് കൂടി ഉൾപ്പെടുത്തിയും സിലബസ്സിൽ ആവശ്യമായ മാറ്റം വരുത്തിയും പരിശീലനം ഊർജ്ജസ്വലമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ 29 (ഖണ്ഡിക 73)

വനം-വന്യജീവി സംരക്ഷണത്തെക്കുറിച്ച് ജീവനക്കാരിൽ അവബോധം വളർത്താനും ശാസ്ത്രീയമായ അറിവും പ്രായോഗിക പരിശീലനവും നൽകുന്നതിനുമായി സംസ്ഥാനത്ത് ഒരു ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 30 (ഖണ്ഡിക 74)

നിലവിലുള്ള അരിപ്പ ട്രെയിനിംഗ് സെന്ററിൽ ഡെപ്യൂട്ടി റെയിഞ്ചർ മുതൽ ഡി.എഫ്.ഒ. വരെയുള്ളവർക്ക് ട്രെയിനിംഗ് നൽകുന്നതിന് വ്യത്യസ്ത ട്രെയിനിംഗ് മൊഡ്യൂൾസ് ആവിഷ്കരിച്ച് പരിശീലനം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

അരിപ്പ ട്രെയിനിംഗ് സെന്ററിൽ ഡി.എഫ്.ഒ./റെയിഞ്ചർ എന്നിവർക്കു പുറമേ ഐ.എഫ്.എസ്. ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മോഡ്യൂലാർ ട്രെയിനിംഗ് നൽകിവരുന്നു.

ശിപാർശ 31 (ഖണ്ഡിക 75)

പരിശീലനത്തിൽ സിവിൽ, ക്രിമിനൽ നിയമങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പരിശീലനത്തിൽ സിവിൽ, ക്രിമിനൽ നിയമങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ 32 (ഖണ്ഡിക 78)

1971-ലെ വന നിയമത്തിൽ കാതലായ ഭേദഗതികൾ വരുത്തിയാൽ വ്യാജരേഖകൾ കോടതിയിൽ ഹാജരാക്കി സർക്കാർ വനഭൂമി സ്വന്തമാക്കിയവരിൽ നിന്നും പാരിസ്ഥിതിക ക്ഷിപ്ര സചേതന (Ecologically Fragile) വനഭൂമി തിരിച്ചുപിടിക്കുന്നതിന് അവസരവും അധികാരവും ലഭിക്കുന്നതാണ്. ഇത് സംബന്ധിച്ച് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള നിയമം പാസ്സാക്കുന്നതോടുകൂടി ഇതിന് പരിഹാരമാകുമെന്ന് സമിതി കരുതുന്നു. 1971-ൽ കേരള സ്വകാര്യ വന (നിക്ഷിപ്തവും കൈമാറ്റവും) നിയമം നിയമസഭ പാസ്സാക്കിയതിനുശേഷവും ട്രൈബ്യൂണലുകളിലൂടെയും കോടതി മുഖേനയും 27580.8 ഏക്കർ സർക്കാരിൽ നിക്ഷിപ്തമായിരുന്ന വനഭൂമി തിരിച്ച് സ്വകാര്യ വ്യക്തികൾക്ക് കൈമാറേണ്ടിവന്നു. ഇത്തരത്തിലുള്ള 1765 കേസ്സുകളിൽ സർക്കാർ പരാജയപ്പെടുകയുണ്ടായി എന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. പ്രോസിക്യൂഷനു വേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ ശുഷ്കാന്തിക്കുറവും കോടതിയിൽ ഹാജരാക്കുന്ന രേഖകൾ വ്യാജമാണെന്ന് തെളിയിക്കുന്നതിൽ വരുത്തുന്ന വീഴ്ചയുമാണ് വനവുമായി ബന്ധപ്പെട്ട കേസ്സുകൾ പരാജയപ്പെടുന്നതിന് കാരണമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ന്യായമായ പ്രതിഫലം സർക്കാർ പ്ലീഡർമാർക്ക് (ഗവൺമെന്റ് പ്ലീഡേഴ്സ്) നൽകുന്നതിനുള്ള സംവിധാനവും സാഹചര്യവും സൃഷ്ടിക്കുകയാണെങ്കിൽ സീനിയർ അഭിഭാഷകർ വനം സംബന്ധിച്ച് പ്രത്യേക കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് തല്പരരാകുമെന്നും അതിനുവേണ്ട നിയമ നടപടികൾ അടിയന്തരമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം വകുപ്പിന്റെ കേസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ ഹൈക്കോടതിയിൽ സീനിയർ അഡ്വക്കേറ്റായ ശ്രീ. എം. പി. പ്രകാശിനെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിട്ടുണ്ട്. കൂടാതെ, അഡ്വക്കേറ്റ് ജനറൽ ഓഫീസിനോട് ചേർന്ന് ഫോറസ്റ്റ് ലെയ്സൺ ഓഫീസും പ്രവർത്തിച്ചുവരുന്നു. 1971-ലെ കേരള പ്രൈവറ്റ്

ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈന്മെന്റ്) ആക്ട് പ്രകാരം വനസംയോജനവും സ്വകാര്യ വനങ്ങൾ ഏറ്റെടുക്കലും സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനം വകുപ്പിൽ ഫോറസ്റ്റ് ട്രൈബ്യൂണൽ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ അധികാര പരിധി കേരള സംസ്ഥാനത്താകെയുണ്ട്. നിശ്ചിതതീയതികളിൽ ട്രൈബ്യൂണൽ പാലക്കാട് ക്യാമ്പ് ചെയ്തും പ്രവർത്തിക്കുന്നു. ഈ ട്രൈബ്യൂണലിൽ ശ്രീ. കെ. കെ. ബാലകൃഷ്ണൻ, ശ്രീ. കെ. കെ. രാമദാസ് എന്നിവർ ഗവൺമെന്റ് പ്ലീഡർമാരായി പ്രവർത്തിച്ചുവരുന്നു. കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനായി ഗവൺമെന്റ് പ്ലീഡർമാർ ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. ഈ കാര്യത്തിൽ യാതൊരു വീഴ്ചയും സർക്കാർ അനുവദിക്കുകയില്ല എന്ന വിവരം അറിയിക്കുന്നു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കോടതി മുഖേനയും ട്രൈബ്യൂണലുകളിലൂടെയും വനം വകുപ്പിന്റെ എത്ര കേസ്സുകളിൽ വിധി വന്നിട്ടുണ്ട്, ഏതൊക്കെ കേസ്സുകളിൽ വിധി വന്നിട്ടുണ്ട്, ഏതൊക്കെ കേസ്സുകളിൽ സർക്കാരിന് അനുകൂലമായും പ്രതികൂലമായും വിധി വന്നിട്ടുണ്ട്. അത് ഏതൊക്കെ കാലഘട്ടങ്ങളിലാണ്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവിധ കോടതികൾ മുഖേനയും ട്രൈബ്യൂണലുകൾ മുഖേനയും നിക്ഷിപ്ത വനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആകെ 3879 കേസ്സുകളിലാണ് വിധി വന്നിട്ടുള്ളത്. അതിൽ 2218 കേസ്സുകൾ സർക്കാരിന് അനുകൂലമായും 1661 കേസ്സുകൾ സർക്കാരിന് പ്രതികൂലമായുമാണ് തീർപ്പാക്കിയിട്ടുള്ളത്. കാലപ്പഴക്കം കാരണം 1971 മുതലുള്ള പഴയ കേസ്സുകൾ ഓരോന്നിന്റെയും വിവരശേഖരണം പ്രായോഗികമല്ല.

<u>ശിപാർശ 33 (ഖണ്ഡിക 78)</u>

കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പുകൽപ്പിക്കുന്നതിനായി സമർത്ഥനായ ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡറെ കൂടിയെങ്കിലും നിയോഗിക്കണമെന്ന വനം വകുപ്പിന്റെ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2006-നുശേഷം ഹൈക്കോടതിയിൽ വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ഗവൺമെന്റ് പ്ലീഡറെക്കൂടി സർക്കാർ നിയോഗിച്ചിരുന്നു. കൂടാതെ പ്രധാനപ്പെട്ട കേസ്സുകളിൽ അഡ്വക്കേറ്റ് ജനറൽ/ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബഹു. കോടതിയിൽ ഹാജരാകുന്നുണ്ട്. നിലവിൽ വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ബഹു. ഹൈക്കോടതിയിൽ 2 ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്.

ശിപാർശ 34 (ഖണ്ഡിക 79)

വനം സംബന്ധമായി കെട്ടിക്കിടക്കുന്ന നിരവധി കേസ്സുകൾക്ക് കാലവിളംബം കൂടാതെ തീർപ്പുകൽപ്പിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക വനം-വന്യജീവി സംരക്ഷണ കോടതികളോ ബെഞ്ചുകളോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വനം സംബന്ധമായ കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി വനവും വന്യജീവിയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കീഴിൽ വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരും പരിസ്ഥിതി കേസ്സുകളിൽ പ്രാവീണ്യം നേടിയിട്ടുള്ള സീനിയർ അഭിഭാഷകരും അടങ്ങുന്ന ഒരു ലീഗൽ മോണിറ്ററിംഗ് സെൽ അടിയന്തരമായി രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം സംബന്ധമായ ക്രിമിനൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി പുനലൂർ, മഞ്ചേരി, നെടുമങ്ങാട് എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ നിലവിലുണ്ട്. മറ്റിടങ്ങളിൽ ഇത്തരം കേസ്സുകൾ JFCM/CJM കോടതികളാണ് കൈകാര്യം ചെയ്യുന്നത്. ക്രിമിനൽ കോടതികളിൽ നിലവിൽ അധികം കേസ്സുകൾ കെട്ടിക്കിടക്കുന്നില്ല. നിക്ഷിപ്ത വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഫോറസ്റ്റ് ട്രൈബ്യൂണൽ, കോഴിക്കോട് നിലവിലുണ്ട്. ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് ആക്ട് സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് കോഴിക്കോട്, പാലക്കാട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ ട്രൈബ്യൂണലുകളും ഉണ്ട്. വനം സംബന്ധമായ കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതലങ്ങളിൽ പ്രത്യേക സമിതികൾ നിലവിലുണ്ട്. കൂടാതെ സർക്കിൾ തലത്തിലും സംസ്ഥാന തലത്തിലും കേസ്സുകൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി സംവിധാനമുണ്ട്. വനം വകുപ്പ് ആസ്ഥാനത്തിലെ എഫ്.എം.ഐ.എസ്. (ഫോറസ്റ്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) വിഭാഗം സംസ്ഥാന തലത്തിൽ കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

ശിപാർശ 35 (ഖണ്ഡിക 80)

നിത്യഹരിതവനങ്ങളും നിബിഡ വനങ്ങളും കൃഷിഭൂമി എന്ന വ്യാജേന സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതും ദരിദ്രകർഷകരുടെ കൃഷിഭൂമി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി വനഭൂമിയായി കണക്കാക്കുന്നതും ആശാസ്യമല്ല. അതുകൊണ്ട് സ്വകാര്യവ്യക്തികൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന വനപ്രദേശങ്ങൾ കണ്ടെത്താൻ റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത പരിശോധന നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനിർമ്മാണത്തിലൂടെ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2005-ലെ 21-ാം ആക്ട് ആയ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ആക്ടിൽ സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന പാരിസ്ഥിതികമായി ദുർബല പ്രദേശങ്ങൾ കണ്ടെത്തി സർക്കാർ ഏറ്റെടുക്കുന്നതിനും കർഷകരുടെ കൃഷിഭൂമി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് വിട്ടുകൊടുക്കുന്നതിനും ആവശ്യമായ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ 36 (ഖണ്ഡിക 81)</u>

ഓരോ വർഷവും എത്രത്തോളം വനഭൂമി കയ്യേറ്റം ചെയ്യപ്പെടുന്നുവെന്നും വനങ്ങൾ നശിപ്പിക്കപ്പെടുന്നുവെന്നുമുള്ള കൃത്യമായ കണക്കുകൾ ലഭ്യമാക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണമെന്നും ഒരു മരംപോലും മുറിക്കാനിടനൽകാത്ത വിധത്തിൽ ഫലപ്രദമായ രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വനം കയ്യേറ്റം നടന്ന സ്ഥലങ്ങളിൽ അടിയന്തരമായി അതിർത്തി തിരിച്ച് വനഭൂമി സംരക്ഷിക്കുന്നതിന് മുൻതൂക്കം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1-1-1977-നുശേഷമുള്ള കയ്യേറ്റങ്ങൾ അനധികൃതമെന്നും അവ ഒഴിപ്പിക്കേണ്ടതാണെന്നും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. 1980-ൽ നിലവിൽവന്ന കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ അനധികൃത കയ്യേറ്റങ്ങൾ വരുന്നതിനാൽ കേന്ദ്ര സർക്കാരും ബഹു. സുപ്രീം കോടതിയും വനഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി വനഭൂമി സംരക്ഷിക്കണമെന്ന് കർശനമായ നിർദ്ദേശം എല്ലാ സംസ്ഥാനങ്ങൾക്കും നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ ഉണ്ടാകുന്നത് അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കാറുണ്ട്. സംസ്ഥാനത്ത് ആകെ 7290 ഹെക്ടറിലാണ് അനധികൃത കയ്യേറ്റമുള്ളത്. ഇതിൽ 2002-2003 വർഷങ്ങളിൽ വയനാട് ജില്ലയിൽ ശ്രീ. എ. കെ. പുന്നന്റെ നേതൃത്വത്തിൽ നടത്തിയ കയ്യേറ്റവും ഉൾപ്പെടുന്നു. ഈ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വനം വകുപ്പിൽ നിന്നുമുണ്ടായ ശ്രമങ്ങൾ റവന്യൂ വകുപ്പിന്റെ പങ്കാളിത്തം ലഭ്യമാകാത്തതിനാൽ ഫലപ്രദമായില്ല. ക്രമസമാധാന പ്രശ്നങ്ങൾ ഉന്നയിച്ചാണ് ബലമായ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാത്തത്.

അനധികൃത മരംമുറി ഫലപ്രദമായി തടയുന്നതിനും വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. പുതിയതായി ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങളും ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വനനശീകരണ പ്രവർത്തനങ്ങളെ അടിയന്തരമായി നേരിടുന്നതിന് രണ്ട് ദ്രുതകർമ്മ സേനകൾ പ്രവർത്തിക്കുന്നുണ്ട്.

വനം കയ്യേറ്റം നടന്ന സ്ഥലങ്ങളിൽ അതിർത്തിതിരിച്ച് 1977-ന് മുൻപുള്ള കയ്യേറ്റങ്ങൾ ജണ്ടകെട്ടി വേർതിരിക്കാനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അതിർത്തി സുരക്ഷിതമാക്കുന്നതിനുമുള്ള നടപടികൾക്ക് മുൻഗണന നൽകി പൂർത്തിയാക്കി വരുന്നു.

## ആവശ്യപ്പെട്ട അധികവിവരം

2002-03 വർഷങ്ങളിൽ വയനാട് ജില്ലയിൽ ശ്രീ. എ. കെ. പുന്നന്റെ നേതൃത്വത്തിൽ നടത്തിയ വനഭൂമി കയ്യേറ്റത്തിന്റെ വിശദാംശങ്ങളും ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തുകൊണ്ടാണ് റവന്യൂ വകുപ്പിന്റെ പങ്കാളിത്തം ലഭ്യമാകാതിരുന്നത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുക, കൂടാതെ വനം കയ്യേറ്റം നടന്ന സ്ഥലങ്ങളിൽ അതിർത്തിതിരിച്ച് 1977-ന് മുൻപുള്ള കയ്യേറ്റങ്ങൾ ജെണ്ടകെട്ടി വേർതിരിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അതിർത്തി സുരക്ഷിതമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുക.

## സർക്കാരിൽ നിന്നും 22-9-2007, 18-3-2009 എന്നീ തീയതികളിൽ ലഭിച്ച മറുപടികൾ

### 22-9-2007-ലെ മറുപടി

2002-03 വർഷങ്ങളിൽ വയനാട് ജില്ലയിൽ ശ്രീ. എ. കെ. പുന്നന്റെ നേതൃത്വത്തിൽ നടത്തിയ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് കണ്ണൂർ ഉത്തരമേഖല ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ താഴെ ചേർക്കുന്നു:

മേൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ജി.ഒ.(എംഎസ്.) 15/2003/വനം തീയതി 8-3-2003 പ്രകാരം സമിതികൾ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ശ്രീ. വീരേന്ദ്രകുമാർ, എം. പി. സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 11-11-2003-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ നിർദ്ദേശത്താൽ താൽക്കാലികമായി ഒഴിപ്പിക്കൽ നടപടി നിർത്തിവച്ചു. തുടർന്ന് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അപേക്ഷയെ തുടർന്ന് വയനാട് ജില്ലാ കളക്ടറുടെ എൽ.5/22222/03/തീയതി 27-7-2004 പ്രകാരം സ്റ്റേ നടപടികൾ നീക്കം ചെയ്യാൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ സർക്കാർ ഉത്തരവ് 42551/SSA2/2003/ഹോം തീയതി 8-12-2004 പ്രകാരം ഒഴിപ്പിക്കൽ നടപടിക്കുവേണ്ടി നിയോഗിച്ച പോലീസ് സഹായം നിർത്തിവച്ചിരിക്കുന്നതുമാണ്. രാഷ്ട്രീയ പാർട്ടികളുടെ പിൻബലത്തോടെയുള്ള ആദിവാസികളുടെ സംഘടിതമായ വനഭൂമി കയ്യേറ്റങ്ങൾ ക്രമസമാധാനപ്രശ്നം മുൻനിർത്തി ഒഴിപ്പിക്കാൻ കഴിയാറില്ലെന്ന് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ പ്രശ്നത്തിൽ റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ സംയുക്തമായ സഹായത്തോടൊപ്പം സർക്കാർ നയപരമായ തീരുമാനത്തോടെയും മാത്രമേ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് ബോധിപ്പിക്കുന്നു.

2006-07 കാലഘട്ടത്തിൽ 5420 ജണ്ടകൾ കെട്ടിയും 1307 ജണ്ടകൾക്ക് അറ്റകുറ്റപ്പണികൾ നടത്തിയും അതിർത്തി സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനഭൂമിയിൽപ്പെട്ട പ്രദേശങ്ങൾക്ക് പട്ടയം നൽകുന്നത് റവന്യൂ വകുപ്പാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് വാങ്ങാറുണ്ട്. നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട പ്രദേശങ്ങളിൽ പട്ടയം നൽകിയ ചില കേസ്സുകളിൽ അധികം സ്ഥലമാണെന്ന് കണക്കാക്കി അവയുടെ പട്ടയം റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാരോട് വനം വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങൾക്ക് പട്ടയം നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. റവന്യൂ വകുപ്പ് വാങ്ങിവരുന്നുണ്ട്.

<u>18-3-2009-ലെ മറുപടി</u>

സംസ്ഥാനത്ത് 1-1-1977-നുശേഷം ഉണ്ടായിട്ടുള്ള അനധികൃത വനം കയ്യേറ്റങ്ങൾ പലതും ഘട്ടംഘട്ടമായി ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലപ്പോഴും ബാഹ്യശക്തികളുടെ പിൻബലത്തോടെയുള്ള കയ്യേറ്റം സംഘടിത ചെറുത്തുനിൽപ്പിന്റെ ഫലമായി ഒഴിപ്പിക്കൽ നടപടിയിൽ കാര്യമായ പുരോഗതി ഉണ്ടാകാറില്ല.

വനം കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് G.O. (Ms.) 15/03/F & WLD തീയതി 8-3-2003 പ്രകാരം വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് നടപടികൾ എടുത്തുവരുന്നുണ്ട്.

വനഭൂമിയുടെ അതിരുകൾ പൂർണ്ണമായും സർവ്വേ ചെയ്ത് അളന്നു തിട്ടപ്പെടുത്തി ജണ്ടകളും കയ്യാലകളും കെട്ടി വനാതിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർവ്വേയർമാരുടെ ലഭ്യത കുറവായതുകാരണം സർവ്വേ ജോലികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

വനം സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടത്തുന്നതിനായി വനത്തിന് സമീപമുള്ള പ്രദേശങ്ങളിലെ ജനങ്ങളെക്കൂടി ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനത്തിന് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. വനസമ്പത്ത് കൊള്ളയടിക്കുന്നതിനെതിരെ വനസംരക്ഷണ പ്രവർത്തകർ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2002-03 വർഷങ്ങളിൽ വയനാട് ജില്ലയിൽ ആദിവാസി ക്ഷേമസമിതിയുടെ (AKS) നേതൃത്വത്തിലാണ് വനഭൂമി കയ്യേറിയത്. ശ്രീ. എ. കെ. പുന്നൻ എന്നത് ടൈപ്പിംഗിൽ വന്ന തെറ്റാണ്. ആയതിനാൽ എ. കെ. പുന്നൻ എന്നതിനു പകരം എ.കെ.എസ് എന്നു തിരുത്തുവാൻ അപേക്ഷിക്കുന്നു. ഉദ്ദേശം 101 ഹെക്ടറോളം ഭൂമിയാണ് ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ 2002-03 വർഷങ്ങളിൽ വയനാട് ജില്ലയിൽ കയ്യേറിയത്. ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വനം, റവന്യൂ, പോലീസ് വകുപ്പുകളുടെ നേതൃത്വത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ബഹുമാനപ്പെട്ട ശ്രീ. വീരേന്ദ്രകുമാർ എം.പി. സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 11-11-2003-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ നിർദ്ദേശത്താൽ ഒഴിപ്പിക്കൽ നടപടി താൽക്കാലികമായി നിർത്തിവച്ചു. തുടർന്ന് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അപേക്ഷയെത്തുടർന്ന് അന്നത്തെ ജില്ലാ കളക്ടർ വയനാട് L5-22222/2003 തീയതി 27-7-2004 കത്ത് പ്രകാരം സ്റ്റേ നടപടികൾ നീക്കം ചെയ്യുവാൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ട്രൈബൽ റൈറ്റ് ആക്ട് 2005 നിലവിൽവന്നു കഴിഞ്ഞിരുന്നതിനാൽ 13-12-2005-ന് മുമ്പുവരെയുള്ള ആദിവാസികളുടെ കയ്യേറ്റം ഒഴിപ്പിക്കാൻ തടസ്സമുണ്ട്.

<u>ശിപാർശ 37 (ഖണ്ഡിക 84)</u>

വനംകൊള്ള തടയുന്നതിനായി വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വനസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവർക്ക് ആധുനിക രീതിയിലുള്ള ആയുധങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനംകൊള്ള തടയുന്നതിന് വനം, എക്സൈസ്, പോലീസ് എന്നീ വകുപ്പുകളുടെ സംയുക്ത സമിതി സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.) 356/2005/വനം തീയതി 24-6-2005 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പുതിയതായി ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങളും ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകി സജ്ജമാക്കിയിട്ടുണ്ട്.

<u>ശിപാർശ 38 (ഖണ്ഡിക 87)</u>

ഇനിമുതൽ വനഭൂമിക്ക് പട്ടയം നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനഭൂമിക്കോ വനത്തിനു സമീപത്തോ പട്ടയം നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന ശിപാർശ അംഗീകരിക്കാവുന്നതാണ്.

<u>ആവശ്യപ്പെട്ട അധികവിവരം</u>

മറുപടി തൃപ്തികരമല്ലെന്നും വനഭൂമിക്കോ വനത്തിനു സമീപത്തോ പട്ടയം നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കിയോ എന്നുള്ള വിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ</u>

വനഭൂമിയിൽപ്പെട്ട പ്രദേശങ്ങൾക്ക് പട്ടയം നൽകുന്നത് റവന്യൂ വകുപ്പാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് വാങ്ങാറുണ്ട്. നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട പ്രദേശങ്ങളിൽ പട്ടയം നൽകിയ ചില കേസ്സുകളിൽ അധികം സ്ഥലമാണെന്ന് കണക്കാക്കി അവയുടെ പട്ടയം റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാരോട് വനം വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങൾക്ക് പട്ടയം നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. റവന്യൂ വകുപ്പ് വാങ്ങിവരുന്നുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് പട്ടയമോ, കൈമാറ്റമോ ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഒ.എ. കേസ്സുകളിൽ വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. റവന്യൂ വകുപ്പിന് നൽകുന്നുണ്ട്.

<u>ശിപാർശ 39 (ഖണ്ഡിക 90)</u>

പാരിസ്ഥിതിക ക്ഷിപ്ര സചേതനമായ (Ecologically Fragile) പ്രദേശങ്ങളിലൊന്നായ ശബരിമലയിൽ നടക്കുന്ന വൻതോതിലുള്ള കഴവെട്ട് (Poling) അടിയന്തരമായി നിർത്തലാക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ കഴകൾ പുറത്തുനിന്ന് കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ശബരിമല പ്രദേശങ്ങളിലെ കാട്ടുകളിൽ നിന്നും കഴ വെട്ടുന്നത് ഇപ്പോൾ പൂർണ്ണമായും നിയന്ത്രണ വിധേയമാണ്. പരമ്പരാഗത പാതയിൽ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി മുഖേന മാത്രമാണ് കടകൾ നടത്തുന്നത്. ആയതിനു വേണ്ടി കഴകളൊന്നും വനത്തിൽ നിന്നും ശേഖരിക്കുന്നില്ല. പമ്പയിൽ നിന്നും സന്നിധാനം വരെയുള്ള വഴിയിലും വനത്തിൽ നിന്നുള്ള കഴകളുപയോഗിച്ചുള്ള നിർമ്മാണം കർശനമായി നിരോധിച്ചിട്ടുണ്ട്.

ശിപാർശ 40 (ഖണ്ഡിക 91)

ശബരിമലയിലേക്കുള്ള പരമ്പരാഗത പാതയിലെ എല്ലാ അനധികൃത നിർമ്മാണങ്ങളും അടിയന്തരമായി പൊളിച്ച് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പരമ്പരാഗത പാതയിൽ ഇപ്പോൾ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി മാത്രമാണ് കടകൾ നടത്തുന്നത്. അനധികൃത നിർമ്മാണങ്ങളെല്ലാം കർശനമായി നിർത്തലാക്കിയിട്ടുണ്ട്.

ശിപാർശ 41 (ഖണ്ഡിക 92)

കെ.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലംമാത്രം ശബരിമല വികസനത്തിന് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ നിയമിതമായ ഇക്കോ സ്മാർട്ട് എന്ന കൺസൾട്ടൻസിയുടെ ഉപദേശാനുസൃതം പി.റ്റി.ആർ. വന്യജീവി സങ്കേതത്തിൽ നിന്നും 12.675 ഹെക്ടർ വനഭൂമി ശബരിമല വികസനത്തിനുവേണ്ടി നൽകിക്കഴിഞ്ഞു.

ശിപാർശ 42 (ഖണ്ഡിക 93)

നിർദ്ദിഷ്ട ശബരി റയിൽപാത വനാതിർത്തിക്കുമുമ്പായി അവസാനിപ്പിക്കത്തക്ക വിധത്തിൽ മാത്രമേ പ്രവർത്തനം ആരംഭിക്കാവൂ എന്ന് നിഷ്കർഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നിർദ്ദിഷ്ട ശബരി റയിൽപാതയ്ക്കു വേണ്ടിയുള്ള യാത്രാമാർഗ്ഗം ഇതേവരെ അന്തിമ തീരുമാനമായിട്ടില്ല. വനം വകുപ്പിൽ ഈ പാതയ്ക്കുവേണ്ടി വനം വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിലില്ല. ഭാവിയിൽ പാതയുടെ യാത്രാമാർഗ്ഗം തീരുമാനിക്കുമ്പോൾ സമിതിയുടെ ശിപാർശ പരിഗണിച്ച മാത്രം തീരുമാനമെടുക്കുന്നതിനായി ശിപാർശയുടെ പകർപ്പ് ഗതാഗത വകുപ്പിന് കൈമാറിയിട്ടുണ്ട്.

ശിപാർശ 43 (ഖണ്ഡിക 94)

വനഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെട്ട കയ്യേറ്റക്കാർ വീണ്ടും വനഭൂമി കയ്യേറാതിരിക്കുവാൻ വേണ്ടി നിയമനടപടികൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെട്ട കയ്യേറ്റക്കാർ വീണ്ടും വനഭൂമി കയ്യേറാതിരിക്കുവാൻ ആവശ്യമായ വ്യവസ്ഥ കേരള ഫോറസ്റ്റ് ആക്ട് 1961-ൽ ഉണ്ട്. ക്രമസമാധാനപ്രശ്നം മുൻനിർത്തിയാണ് പലപ്പോഴും കയ്യേറ്റക്കാരെ ഒഴിപ്പിക്കാതിരിക്കുന്നത്.

അധികവിവരം (തെളിവെടുപ്പ്)

വനഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെട്ട കയ്യേറ്റക്കാർ വീണ്ടും വനഭൂമി കയ്യേറാതിരിക്കുവാൻ വേണ്ടി നിയമനടപടികൾ കാലോചിതമായി പരിഷ്കരിക്കണമെന്ന സമിതി ശിപാർശയിൻമേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് വനം വകുപ്പ് സെക്രട്ടറിയിൽനിന്നും റവന്യൂ വകുപ്പ് സെക്രട്ടറിയിൽ നിന്നും 17-2-2010-ൽ തെളിവെടുപ്പ് നടത്തി.

തെളിവെടുപ്പിൽ സമിതി മുമ്പാകെ നൽകിയ മറുപടി

ഒഴിപ്പിക്കപ്പെട്ട കയ്യേറ്റക്കാർ വീണ്ടും വനഭൂമി കയ്യേറാതിരിക്കാൻ വനാതിർത്തികൾ സർവ്വേ നടത്തി ജണ്ടകൾ സ്ഥാപിക്കുകയും പുതിയ വനം കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി അപ്പപ്പോൾ ഒഴിപ്പിക്കുകയും കുറ്റക്കാർക്കെതിരെ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം എഴുപത്തി അഞ്ച് ശതമാനത്തോളം വനാതിർത്തികൾ സർവ്വേ നടത്തി ജണ്ടകൾ കെട്ടിയിട്ടുണ്ട്, ജണ്ടകൾ നിർമ്മിക്കാൻ സാധിക്കാത്ത സ്ഥലങ്ങൾ കയ്യാലകെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഇനി ഏകദേശം 50000-ഓളം ജണ്ടകൾ കൂടി സ്ഥാപിക്കേണ്ടി വരും. വകുപ്പ് എല്ലാ ട്രൈബൽ

സെറ്റിൽമെന്റുകളുടെയും താൽക്കാലിക മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടാണ് ജണ്ടകൾ സ്ഥാപിക്കുന്നത്. ഒഴിപ്പിക്കാൻ പോകുമ്പോൾ പലസ്ഥലങ്ങളിലും എതിർപ്പുണ്ടാകാറുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അത് പരിഹരിച്ചശേഷം മാത്രമേ ജണ്ടകൾ സ്ഥാപിക്കാനാകൂ. അങ്ങനെയാണ് കാലതാമസമുണ്ടാകുന്നത്. ജണ്ടകൾ അഞ്ച് ആറ് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ഇത് സമയബന്ധിതമായി ചെയ്യാൻ സാധിക്കില്ല. 1977-നു മുമ്പുള്ളതും ശേഷമുള്ളതുമായ എല്ലാ അനധികൃത കയ്യേറ്റങ്ങളും റഗുലറൈസ് ചെയ്യണം. ഏകദേശം എണ്ണായിരം ഹെക്ടറോളം സ്ഥലത്തെ കയ്യേറ്റം 1977-നു ശേഷമുള്ളതാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ അവരെ ഒഴിപ്പിക്കാൻ സാധിക്കുന്നില്ലെന്നും ഇതിനുവേണ്ടി ചീഫ് സെക്രട്ടറി തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രശ്നങ്ങളുണ്ടാക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നാണ് സർക്കാരിന്റെ നയം.

എതിർപ്പുള്ള പ്രദേശങ്ങളും കേസ് നിലനിൽക്കുന്ന പ്രദേശങ്ങളും മലമ്പ്രദേശങ്ങളും ഒഴിച്ച് ബാക്കിയുള്ള വനാതിർത്തികൾ സർവ്വേ നടത്തി ബൗണ്ടറി തിട്ടപ്പെടുത്തി ജണ്ടകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

1977-നുശേഷമുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്നും ചില പ്രദേശങ്ങൾ രേഖയിൽ വനഭൂമിയാണെങ്കിലും പ്രത്യക്ഷത്തിൽ ഫലവൃക്ഷങ്ങൾ നിറഞ്ഞ കൃഷിഭൂമിയാണെന്നുമുള്ള വിവരം സംബന്ധിച്ച് ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് 2002-03-ൽ വസ്തുക്കളുടെ പ്ലോട്ടുതിരിച്ചുള്ള വിവരവും അനധികൃത കയ്യേറ്റം സംബന്ധിച്ചുള്ള വിശദവിവരങ്ങളും ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് അതു സംബന്ധിച്ച എല്ലാ വിവരങ്ങളും ഗവൺമെന്റിന്റെ പക്കലുണ്ട് പക്ഷേ എന്ത് ചെയ്യണമെന്ന നിർദ്ദേശം സർക്കാർ തലത്തിലേക്ക് നൽകാൻ വകുപ്പിന് അധികാരമില്ല. കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നും മാസാമാസങ്ങളിലെ പ്രോഗ്രസ്സ് ഹൈക്കോടതിയെ അറിയിക്കണമെന്നുമുള്ള നിർദ്ദേശം നിലവിലിരിക്കുന്ന സാഹചര്യത്തിൽ വേറൊരു തീരുമാനം എടുക്കാൻ വകുപ്പിന് സ്വാതന്ത്ര്യമില്ല.

ഇത്തരം വിഷയങ്ങളിൽ വകുപ്പുതലത്തിൽ നയപരമായ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ല. ഇന്ത്യാ ഗവൺമെന്റിന്റെ അനുവാദം വേണം ആയതിന് സെക്രട്ടറി തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇതിനൊരു പരിഹാരം കണ്ടെത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

1977-നുശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ അപര്യാപ്തതയില്ലെന്നും സാമൂഹിക രാഷ്ട്രീയ ചുറ്റുപാടുകൾ കാരണം ഇത് നടപ്പാക്കാൻ കഴിയുന്നില്ലെന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു

ശിപാർശ 44 (ഖണ്ഡിക 95)

വനം കയ്യേറ്റം യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം ഉണ്ടാകരുതെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനം കയ്യേറ്റം യഥാസമയം കണ്ടുപിടിച്ച് അത് തടയുന്നതിനു വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) നൽകിയിട്ടുണ്ട്. അവയെല്ലാം പാലിക്കുന്നുണ്ട്.

ശിപാർശ 45 (ഖണ്ഡിക 96)

മുറിച്ചുകടത്തപ്പെടുന്ന തടിയുടെ വിലയ്ക്കനുസൃതമായി പിഴസംഖ്യയും കൂട്ടുന്നതിനുള്ള നിയമനടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും അതനുസരിച്ച് കാലോചിതമായി വനസംരക്ഷണനിയമം പരിഷ്കരിച്ച് വനപരിപാലന കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനകുറ്റങ്ങൾക്ക് ഏറ്റവും കുറഞ്ഞത് ഒരു വർഷം വരെയും പരമാവധി അഞ്ച് വർഷം വരെയും ഏറ്റവും കുറഞ്ഞത് 1,000 രൂപയും പരമാവധി 5,000 രൂപയും പിഴ വിധിക്കാവുന്നതാണ്. ശിക്ഷ കൂട്ടുന്നതിനേക്കാൾ പ്രാധാന്യം കുറ്റമറ്റ രീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുക എന്നതാണ്. പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് മറ്റു വകുപ്പുകളിലുള്ള കേസ്സുകൾ കൂടി കൈകാര്യം ചെയ്യേണ്ടതിനാലും പരിമിതികളുള്ളതിനാലും വനം കുറ്റകൃത്യങ്ങൾക്ക് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം.

സമിതി ആവശ്യപ്പെട്ട അധികവിവരം

2004-നുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു. അതിൽ എത്ര കേസ്സുകൾ തീർപ്പുകൽപ്പിച്ചു, എത്ര രൂപ പിഴ ഇനത്തിൽ ലഭിച്ചു പിഴസംഖ്യ വർദ്ധിപ്പിക്കാനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചു കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്.

## സർക്കാർ സ്വീകരിച്ച നടപടി

വനം വകുപ്പിൽ 2004-നുശേഷം 8879 കേസ്സുകൾ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 2860 കേസ്സുകൾ തീർപ്പുകൽപ്പിക്കുകയും പിഴയിനത്തിൽ 23,62,175 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കേരള വനനിയമ പ്രകാരം തടിമുറിച്ചു കടത്തുന്നതിന് 1 വർഷം മുതൽ 5 വർഷം വരെ തടവും, 1,000 രൂപ മുതൽ 5,000 രൂപ വരെ പിഴയുമാണ് നിലവിൽ ശിക്ഷയായി നിഷ്കർഷിച്ചിട്ടുള്ളത്. കുറ്റകൃത്യംമൂലം വനത്തിനുണ്ടായ നഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന് പുറമേയാണിത്. ചന്ദനം പോലെയുള്ള വിലപിടിപ്പുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള കുറ്റകൃത്യത്തിന് കൂടുതൽ കഠിനമായ ശിക്ഷയും പിഴയും ഉൾപ്പെടുത്തിക്കൊണ്ട് 2010-ൽ കേരള വനനിയമം ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ശിക്ഷാ കാലാവധി 3 മുതൽ 7 വർഷം വരെയും പിഴ 10,000 രൂപ മുതൽ 25,000 രൂപ വരെയുമാണ്. രണ്ടാമത് നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞ ശിക്ഷാകാലാവധി 5 വർഷമായും കുറഞ്ഞ പിഴസംഖ്യ 20,000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ചന്ദനമരങ്ങളുടെ അനധികൃത ശേഖരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞ ശിക്ഷ 3 വർഷമായും കൂടിയ ശിക്ഷ 7 വർഷമായും പിഴ 25,000 മുതൽ 1 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ടി ഭേദഗതി നടപ്പിൽ വരുത്തുന്നതിനായി ജി.ഒ. (പി) നമ്പർ 50/2012/വനം തീയതി 16-4-2012 പ്രകാരം ചന്ദനമരങ്ങളുടെ മുറിക്കൽ, വിൽപന, ലൈസൻസ്, സൂക്ഷിക്കൽ, കടത്തൽ എന്നിവ സംബന്ധിച്ച് റൂൾസ് നിലവിൽ വന്നിട്ടുണ്ട്. 2006-നുശേഷം ഹൈക്കോടതിയിൽ വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ഗവൺമെന്റ് പ്ലീഡറെക്കൂടി സർക്കാർ നിയോഗിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട കേസ്സുകളിൽ അഡ്വക്കേറ്റ് ജനറൽ/അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബഹു. കോടതിയിൽ ഹാജരാകുന്നുണ്ട്. നിലവിൽ വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ബഹു. ഹൈക്കോടതിയിൽ 2 ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്. വനം സംബന്ധമായ ക്രിമിനൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി പുനലൂർ, മഞ്ചേരി, നെടുമങ്ങാട് എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ നിലവിലുണ്ട്. വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഫോറസ്റ്റ് ട്രൈബ്യൂണൽ, കോഴിക്കോട് നിലവിലുണ്ട്. സർക്കിൾ തലത്തിലും സംസ്ഥാന തലത്തിലും കേസ്സുകൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി സംവിധാനമുണ്ട്. വനം വകുപ്പ് ആസ്ഥാനത്തിലെ എഫ്.എം.ഐ.എസ്. വിഭാഗം സംസ്ഥാന തലത്തിൽ കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

ശിപാർശ 46 (ഖണ്ഡിക 98)

1980-ലെ കേന്ദ്ര വനനിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഈ നിയമം ലംഘിച്ച് വനഭൂമി വിട്ടുകൊടുക്കുന്നത് പരിശോധിക്കണമെന്നും അത് തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഇത്തരം കേസ്സുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 47 (ഖണ്ഡിക 99)

വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ വ്യവസ്ഥ പ്രകാരം തുല്യ വിസ്തീർണ്ണ ഭൂമി നൽകുകയും വനവൽക്കരണം നടപ്പിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ വനഭൂമിയുടെ വിസ്തീർണ്ണം ഇത്രമാത്രം കുറയുകയില്ലായിരുന്നുവെന്നും ഈ വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ലായെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതിനെ സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തുന്നതോടൊപ്പം വനഭൂമി വനേതര ആവശ്യങ്ങൾക്ക് നൽകുമ്പോൾ നിഷ്കർഷിച്ചിരിക്കുന്ന പ്രഥമവും പ്രധാനവുമായ വ്യവസ്ഥയായ ബദൽ വനവൽക്കരണം കാര്യക്ഷമമായ രീതിയിൽ നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 11/94/വനം തീയതി 17-3-1994 പ്രകാരം 1993-94-ൽ ആരംഭിച്ച പരിഹാര വനവൽക്കരണ പരിപാടി 2002-03-ൽ അവസാനിച്ചു. 2002-03 വരെ ടി പദ്ധതി പ്രകാരം 42174.29 ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. നോൺ പ്ലാൻ സ്കീമായതുകൊണ്ട് ബാക്കിയുള്ള 15005.71 ഹെക്ടർ ഏരിയായിൽ കൂടി വനവൽക്കരണം നടത്തി പ്രസ്തുത പദ്ധതി പൂർത്തിയാക്കാനായി അടുത്ത വർഷങ്ങളിലേക്ക് അനുവാദം തന്നിട്ടുണ്ട്. 2003-04 വർഷത്തെ ബഡ്ജറ്റിൽ 1200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2003-04 വർഷം വരെ 5634.90 ഹെക്ടർ ഏരിയാ പൂർത്തിയാക്കിയിട്ടുണ്ട്.

കോംപൻസേറ്ററി അഫോറസ്റ്റേഷൻ (പരിഹാര വനവൽക്കരണം) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നുണ്ടോയെന്ന് കാലാകാലങ്ങളിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗവും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ ഓഫീസർമാരും മോണിറ്ററിംഗ് നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസ്തുത പരിപാടിയുടെ മുഖ്യ നിർണ്ണയം ബാഹ്യ ഏജൻസികൾ മുഖേന നടത്തിയിട്ടുണ്ട്.

ബദൽ വനവൽക്കരണ പദ്ധതിക്ക് 2002-03 വരെ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) | ഭൗതിക നേട്ടം (ഹെക്ടറിൽ) |
|---|---|---|---|
| 1993-1994 | .. | .. | .. |
| 1994-1995 | 400 | 395 | 1232.86 |
| 1995-1996 | 743 | 760 | 9894.56 |
| 1996-1997 | 643 | 647 | 10975.03 |
| 1997-1998 | 800 | 804 | 671.63 |
| 1998-1999 | 1000 | 996 | 11766.18 |
| 1999-2000 | 1000 | 749 | 3229.33 |
| 2000-2001 | 1200 | 838 | 2688.00 |
| 2001-2002 | 1200 | 791 | 1479.25 |
| 2002-2003 | 1200 | 928.80 | 237.45 |
| 2003-2004 | 1200 | 389.37 | 5634.90 |

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

പരിഹാര വനവൽക്കരണ പദ്ധതി പ്രകാരം 42174.29 ഹെക്ടർ സ്ഥലത്ത് നടത്തിയ വനവൽക്കരണത്തിന്റെ വിശദാംശങ്ങളും ടി പദ്ധതിക്ക് ചെലവായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകളും എസ്റ്റാബ്ലിഷ്മെന്റ് രേഖകളും ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>ലഭിച്ച മറുപടി</u>

സംസ്ഥാനത്തുള്ള 57180 ഹെക്ടർ നശീകരണം സംഭവിച്ച സ്വാഭാവികവനങ്ങളിൽ പരിഹാരവനവൽക്കരണം നടത്തുന്നതിന് 17-3-1994-ലെ സ.ഉ. (എംഎസ്.) 4/94/വനം പ്രകാരം സർക്കാർ ഭരണാനുമതി നൽകിയതനുസരിച്ചാണ് സാമൂഹ്യ വനവൽക്കരണ വിഭാഗം പ്രവർത്തിച്ചുവരുന്നത്.

1-1-2007-നുമുൻപ് കയ്യേറിയ 28588 ഹെക്ടർ വനപ്രദേശങ്ങൾ ക്രമീകരിക്കണമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ഈ

പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 1994 മുതൽ 2005-06 വരെ 52640 ഹെക്ടർ നശീകരണം സംഭവിച്ച വനങ്ങളിൽ പരിഹാരവനവൽക്കരണം നടത്തിയിട്ടുണ്ട്. 2006-07-ൽ 4410 ഹെക്ടർ സ്ഥലത്ത് പരിഹാരവനവൽക്കരണം നടപ്പിലാക്കുകയും ശേഷിക്കുന്ന 130 ഹെക്ടറിൽ 2007-08 വർഷത്തിൽ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. ഈ പദ്ധതി പ്രകാരം ഓരോ വർഷവും ചെലവായ തുകയും പരിഹാരവനവൽക്കരണം നടത്തിയ വനപ്രദേശത്തിന്റെ കണക്കും ചുവടെ ചേർക്കുന്നു:

<u>പരിഹാരവനവൽക്കരണം നടത്തിയതിന്റെ കണക്കുവിവരം</u>

| വർഷം | വനവൽക്കരണം നടത്തിയ ഏരിയ (ഹെക്ടറിൽ) | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| 1994-1995 | 1232.86 | 395.00 |
| 1995-1996 | 9894.56 | 760.00 |
| 1996-1997 | 10975.03 | 647 |
| 1997-1998 | 671.63 | 804 |
| 1998-1999 | 11766.18 | 996 |
| 1999-2000 | 3252.93 | 749 |
| 2000-2001 | 2686.26 | 838 |
| 2001-2002 | 1465.75 | 791 |
| 2002-2003 | 288.58 | 929.80 |
| 2003-2004 | 6869.54 | 523.59 |
| 2004-2005 | .. | 649.13 |
| 2005-2006 | 3537.66 | 905.36 |
| 2006-2007 | 4410.00 | 902.55 |
| ആകെ | 57050.98 | 9890.43 |

ശിപാർശ 48 (ഖണ്ഡിക 102)

സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ യഥാർത്ഥസ്ഥിതി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്നും കാലാവധി കഴിഞ്ഞ പാട്ടഭൂമി താമസംവിനാ ഏറ്റെടുത്ത് അതിർത്തി പുനർനിർണ്ണയം നടത്തി സുരക്ഷാ നടപടികൾ ഏർപ്പെടുത്തണമെന്നും അതിനുവേണ്ട നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി ഫലപ്രദമായ രീതിയിൽ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമികൾ പാട്ടക്കാലാവധി പൂർത്തീകരിച്ചതിനെത്തുടർന്ന് തിരികെ ഏറ്റെടുത്തിട്ടുണ്ട്. നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി പൂർത്തിയാക്കിയ റോസറി എസ്റ്റേറ്റ് (242.69 ഏക്കർ), ക്ലിഫ് വ്യൂ (14.85, 5.00 ഏക്കർ), ഈത്തംപാറ (351.36 ഏക്കർ) എന്നീ തോട്ടങ്ങൾ ഏറ്റെടുത്ത് സർക്കാർ സംരക്ഷിച്ചുവരുന്നു.

പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങളെ സംബന്ധിച്ചുള്ള കരാർ വ്യവസ്ഥകൾ പാട്ടക്കാർ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നുണ്ട്. ടി കരാർ വ്യവസ്ഥകളുടെ ലംഘനമുണ്ടായാൽ വനം വകുപ്പ് നടപടി എടുത്തുവരുന്നുണ്ട്. പാട്ടക്കരാർ ലംഘനത്തെ തുടർന്ന് നെല്ലിയാമ്പതിയിലും, താഴെപ്പറയുന്ന തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്:

ബിയാട്രീസ് (246.26 ഏക്കർ), മീരാഫ്ളോറസ് (82.45 ഏക്കർ, 126.50 ഏക്കർ, 93 ഏക്കർ, 27 ഏക്കർ), മീരാഫ്ളോറസ്, വാൾവൻചാൽ (157 ഏക്കർ) എന്നീ തോട്ടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാറുകളുടെ ലംഘനത്തെ തുടർന്ന് നെല്ലിയാമ്പതിയിൽ തന്നെ രാജാക്കാട് (288.85 ഏക്കർ), ഓങ് വുഡ് (232.82 ഏക്കർ), ചെറുനെല്ലി (250 ഏക്കർ) എന്നീ തോട്ടങ്ങളും സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നുവരുന്ന കേസുകളെ തുടർന്ന് ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ല. കൂടാതെ പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങളായ കാരപ്പാറ എ (1148 ഏക്കർ), അലക്സാണ്ട്രിയ (251.75 ഏക്കർ), ചന്ദ്രമല (808.4 ഏക്കർ) ബിയാട്രീസ് 33.68 ഏക്കർ എന്നിവയും ഏറ്റെടുക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

1990-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ചട്ടങ്ങൾ 2009-ൽ പുതുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവ്യവസ്ഥകൾ പുതുക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ തൃശ്ശൂർ ജില്ലയിൽ ഹാരിസൺ മലയാളം കമ്പനിക്ക് പാട്ടത്തിന് നൽകിയിരുന്ന തോട്ടങ്ങളിൽ മുപ്ലിവാലിയിലുള്ള 4896.65 ഏക്കർ സ്ഥലം കരാർ ലംഘനത്തെ തുടർന്ന് ഏറ്റെടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

പാലക്കാട് ജില്ലയിൽ പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയെ സംബന്ധിച്ചുള്ള കരാർ ലംഘനത്തെപ്പറ്റി പഠിക്കുന്നതിനും നടപടി എടുക്കുന്നതിനുമായി വനം വകുപ്പിലെ ഉദ്യോഗസ്ഥരെയും റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ, പോലീസ് എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരെയും ജില്ലാ ഗവൺമെന്റ് പ്ലീഡറെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വനഭൂമിയിലെ പാട്ടക്കരാർ ലംഘനം 1961-ലെ കേരള ഫോറസ്റ്റ് ആക്ടിന്റെയും 1980-ലെ കേരള ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെയും പരിധിയിൽ വരുന്ന കുറ്റകൃത്യമായതിനാൽ ടി നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശിപാർശ 49 (ഖണ്ഡിക 105)</u>

യഥാസമയം പാട്ടം അടയ്ക്കാത്തവർക്ക് പിഴയോടുകൂടി പാട്ടത്തുക അടയ്ക്കുന്നതിനു ഒരവസരം നൽകുകയും വീഴ്ചവരുത്തുന്ന കേസുകളിൽ പാട്ടം റദ്ദാക്കുകയും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

ഇപ്രകാരമുള്ള നടപടികൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്.

<u>ശിപാർശ 50 (ഖണ്ഡിക 106)</u>

സ്ഥിരമായി ലീസിനു നൽകുന്ന വനഭൂമിയിലെ മരങ്ങളുടെ നിയന്ത്രണവും അധികാരവും പൂർണ്ണമായും വനം വകുപ്പിന് നൽകുന്നതിനായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

നിലവിലെ നിയമപ്രകാരം സ്ഥിരമായി ലീസിനു നൽകുന്ന വനഭൂമിയിലെ മരങ്ങളുടെ നിയന്ത്രണവും അധികാരവും പൂർണ്ണമായും വനം വകുപ്പിനാണ്.

<u>ശിപാർശ 51 (ഖണ്ഡിക 112)</u>

കാലാകാലങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ വനങ്ങളുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ വനം സംരക്ഷിക്കേണ്ടതിൽ ഇവർക്കുള്ള പങ്കിനെക്കുറിച്ചും കാട്ടുതീയുടെ വിപത്തിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കാട്ടുതീ നിയന്ത്രിക്കുന്നതിനായി വനം വകുപ്പിലെ

ഉദ്യോഗസ്ഥർക്ക് അരിപ്പയിലെ പരിശീലനകേന്ദ്രത്തിൽനിന്നും ലഭിക്കുന്ന അഗ്നിശമന പരിശീലനം ആധുനിക സാങ്കേതിക വിദ്യകൾക്കനുസൃതമായി പരിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വനങ്ങളുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വനം സംരക്ഷണത്തിൽ ഇവർക്കുള്ള പങ്കിനെക്കുറിച്ചും കാട്ടുതീയുടെ വിപത്തിനെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇതിലേക്കായി 389 വനസംരക്ഷണ സമിതികൾ, 187 ഇക്കോ ഡെവലപ്പ്മെന്റ് സമിതികൾ എന്നീ ജനപങ്കാളിത്ത സമിതികൾ രൂപീകരിച്ച് ഉൽബോധനം നടത്തിവരുന്നുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങളും നൽകിവരുന്നുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ ഫോറസ്റ്റ് സ്കൂളുകൾ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ (ജെ.ഐ.സി.എ.) ധനസഹായത്തോടെ നവീകരിച്ചുവരുന്നുണ്ട്. ഇതിന്റെ പ്രവർത്തനം പൂർത്തിയാകുന്നമുറയ്ക്ക് വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിച്ചുവരുന്ന അഗ്നിശമന പരിശീലനം ആധുനിക സാങ്കേതിക വിദ്യകൾക്ക് അനുസൃതമായി പരിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതാണ്.

<u>ശിപാർശ 52 (ഖണ്ഡിക 113)</u>

ആധുനിക അഗ്നി നിയന്ത്രണ സംവിധാനങ്ങൾ (മോഡേൺ ഫയർ കൺട്രോൾ മെത്തേഡ്സ്) ഉപയോഗിച്ച് കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള ക്രമീകരണങ്ങളും വനം വകുപ്പ് സജ്ജമാക്കേണ്ടതാണ്. ആയതിനാൽ കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കൂടുതൽ വാച്ച് ടവറുകൾ നിർമ്മിച്ച് ഫയർ വാച്ചർമാരെ നിയോഗിക്കുന്നതിനും ഇവർക്ക് അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ നൽകുന്നതിനും ആധുനിക അഗ്നി നിയന്ത്രണ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും വനം വകുപ്പ് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

കാട്ടുതീ നിയന്ത്രിക്കുന്നതിനായി കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതും അനുയോജ്യമായ സ്ഥലങ്ങളിൽ വാച്ച് ടവറുകൾ നിർമ്മിച്ച് ഫയർ വാച്ചർമാരെ നിയമിക്കുകയും ഇവർക്ക് അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ (വയർലെസ്) വാക്കിടോക്കി തുടങ്ങിയവ നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 53 (ഖണ്ഡിക 114)

കാട്ടുതീ നിയന്ത്രിക്കുന്നതിൽ ഫയർലൈനിനുള്ള പങ്ക് കണക്കിലെടുത്ത് ഇവയുണ്ടാകുവാൻ സാദ്ധ്യതയുള്ള വനപ്രദേശങ്ങളിൽ അടിയന്തരമായി ഫയർലൈൻ നിർമ്മിക്കണമെന്നും വനം വകുപ്പിന്റെ എല്ലാ ആസ്ഥാനങ്ങളിലും അഗ്നി നിയന്ത്രണ യൂണിറ്റുകൾ (ഫയർ കൺട്രോളിംഗ് യൂണിറ്റ്) സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

സോഷ്യൽ ഫോറസ്റ്റി ഡിവിഷന്റെ പരിധിയിലുള്ള ട്രീറ്റ്മെന്റ് ഏരിയകളിൽ കാട്ടുതീ നിയന്ത്രിക്കുന്നതിന് ഫയർലൈനുകൾ എടുത്തിട്ടുണ്ട്. ഫയർലൈൻ ജോലികൾ എല്ലാവർഷവും ഡിസംബർ 31-ന് മുമ്പായി പൂർത്തിയാക്കുകയും ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തുവരുന്നുണ്ട്.

ശിപാർശ 54 (ഖണ്ഡിക 115)

നദീതടങ്ങളിലെ അനധികൃതമായ മണൽ വാരൽ, വൈഡൂര്യ ഖനനം, ചാരായവാറ്റ്, ഔഷധ സസ്യങ്ങൾ ശേഖരിക്കൽ എന്നിവമൂലം നമ്മുടെ വനസമ്പത്തിന് കാര്യമായ ശോഷണം സംഭവിക്കുന്നു എന്നുള്ള വസ്തുത ഖേദകരമാണ്. ആയതിനാൽ ഇതു തടയുന്നതിനാവശ്യമായ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

മണലിനെ വനവിഭവമായി പരിഗണിച്ച് വനത്തിൽ കൂടി ഒഴുകുന്ന നദികളിലെ കടവുകളിൽനിന്നും വനം വകുപ്പ് നൽകുന്ന പാസ്സിന്റെ അടിസ്ഥാനത്തിൽ മണൽ ശേഖരിക്കുന്ന രീതി 1980-ലെ വന (സംരക്ഷണ) നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നിലവിൽ ഉണ്ടായിരുന്നു. എന്നാൽ വന (സംരക്ഷണ) നിയമം നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ കർശനമായ നിയന്ത്രണങ്ങൾ വനം വകുപ്പ് ഏർപ്പെടുത്തി. 12-12-1996-ൽ 202/95-ാം നമ്പർ റിട്ട് ഹർജിയിൽ ബഹു. സുപ്രീം കോടതിയിൽ നിന്നുണ്ടായ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ കേന്ദ്രസർക്കാരിന്റെ അനുമതി ഇല്ലാതെ വനത്തിൽനിന്നും മണൽ ശേഖരിക്കുന്നത് പൂർണ്ണമായും അവസാനിപ്പിച്ചു. ഇതേ തുടർന്ന്, ചാലക്കുടി ഡിവിഷനിലെ കുറുമാലി പുഴയിലെ .95 ഹെക്ടർ സ്ഥലത്തുനിന്നും കൊല്ലം സർക്കിളിൽ, തിരുവനന്തപുരം, തെന്മല, റാന്നി ഡിവിഷനുകളിൽപ്പെട്ട 22 കടവുകൾ ഉൾപ്പെടുന്ന 10.452 ഹെക്ടർ സ്ഥലത്തുനിന്നും മണൽ ശേഖരിക്കുന്നതിന് വന (സംരക്ഷണ) നിയമപ്രകാരമുള്ള കേന്ദ്രാനുമതി ലഭിക്കുകയുണ്ടായി. ഇതിൽ തെന്മല ഡിവിഷനിലെ ഒരു കടവിൽനിന്നും, തിരുവനന്തപുരം ഡിവിഷനിലെ നാലു കടവുകളിൽനിന്നും മണൽ വാരുന്നതിന്

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ശിപാർശ ചെയ്തിട്ടില്ല. മറ്റ് കടവുകളിൽനിന്നും തദ്ദേശവാസികൾക്ക്, സ്വന്തം ഉപയോഗത്തിന് മണൽ ശേഖരിക്കാൻ വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ സീനിയറേജ് നിരക്കും റോയൽറ്റിയും ഈടാക്കിക്കൊണ്ട് പാസ്സ് നൽകുന്നുണ്ട്. മണൽ വാരൽ അനിയന്ത്രിതമാകാതിരിക്കുവാൻ ഓരോ അപേക്ഷകനും നിശ്ചിത അളവ് മണൽ (കൊല്ലം സർക്കിളിൽ 21 ക്യൂബിക് മീറ്റർ) മാത്രം അനുവദിക്കുക, വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ അതിർത്തി നിർണ്ണയിച്ച കടവുകളിൽനിന്നും മാത്രം മണൽ ശേഖരിക്കുക, നദിയുടെ ഇരുവശങ്ങളിലും നാലിൽ ഒന്ന് ഭാഗം വീതം ഒഴിച്ചിട്ട് മധ്യഭാഗത്തുനിന്നും മാത്രം മണൽ ശേഖരിക്കുക, ഓരോ ലോഡ് മണലിനും പാസ്സ് നിർബന്ധമാക്കുക ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുള്ള കുറഞ്ഞ സമയം മാത്രം അനുവദിക്കുക, ആഴ്ചയിൽ നിശ്ചിത ദിവസം മാത്രം പാസ്സ് അനുവദിക്കുക. മണൽ ഖനനത്തിന് മെക്കാനിക്കൽ സംവിധാനങ്ങൾ അനുവദിക്കാതിരിക്കുക, നദികൾക്കുള്ളിൽ വാഹനങ്ങൾ ഇറക്കി മണൽവാരുന്നതു തടയുക, വനത്തിനുള്ളിൽ റോഡു നിർമ്മാണം അനുവദിക്കാതിരിക്കുക എന്നിങ്ങനെ വനസമ്പത്തിനും നദീതടത്തിനും ശോഷണം സംഭവിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും വനം വകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ വനഭാഗത്തുനിന്നും അനധികൃത മണൽ വാരൽ നടക്കാതിരിക്കുന്നതിനു വിവിധ വനം റെയിഞ്ചുകളിലെയും ഫോറസ്റ്റ് ഫ്ളൈയിംഗ് സ്ക്വാഡിലെയും ഉദ്യോഗസ്ഥൻമാർ ജാഗ്രത പുലർത്തുന്നുണ്ട്.

വനപ്രദേശങ്ങളിലെ ചാരായവാറ്റ് തടയുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ തനിച്ചും എക്സൈസ്, പോലീസ് വകുപ്പുകളുമായി ചേർന്നും റെയിഡുകൾ നടത്തുന്നുണ്ട്. ഇത്തരം അനധികൃത പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന രഹസ്യവിവരം ശേഖരിക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഔഷധ സസ്യങ്ങളുടെ ശേഖരണം ഇപ്പോൾ നടത്തുന്നത് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വഴിയാണ്. ഈ സസ്യങ്ങളുടെ അനധികൃത ശേഖരണം തടയുന്നതിന് റെയിഞ്ച് തലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ശിപാർശ 55 (ഖണ്ഡിക 116)</u>

കഞ്ചാവുകൃഷി പരിപൂർണ്ണമായും വനപ്രദേശങ്ങളിൽനിന്നും ഒഴിവാക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മാത്രം പ്രവർത്തനം കൊണ്ട് സാധ്യമാകുകയില്ല എന്ന നിഗമനത്തിലേക്കാണ് വസ്തുതകൾ വെളിച്ചം വീശുന്നത്. ആയതിനാൽ ഈ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാന പോലീസ് സേനകളുടെയും എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടേയും പ്രകൃതി സ്നേഹികളുടെയും സർക്കാരിതര സംഘടനകളുടെയും സഹായത്തോടുകൂടി സംയുക്ത കഞ്ചാവു കൃഷി വേട്ട നടത്തുന്നതിനുള്ള തീവ്രയത്ന പരിപാടികൾ വനം വകുപ്പ് ആസൂത്രണം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

കഞ്ചാവുകൃഷി ഉൾപ്പെടെ വിവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായി ജില്ലാതല കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. [ജി.ഒ. (ആർടി.) 356/05/വനം തീയതി 24-6-2005]

ശിപാർശ 56 (ഖണ്ഡിക 124)

സംസ്ഥാനത്തെ വനവിഭവങ്ങളുടെ ഉല്പാദനം ദിനംപ്രതി കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഇതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

(1) പ്ലാന്റേഷന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിലെ അപാകത.

(2) ഗുണമേന്മ കുറഞ്ഞ ഇനം ചെടികളുടെ തെരഞ്ഞെടുപ്പ്.

(3) സാങ്കേതിക വിദ്യയുടെ അഭാവം.

(4) സമയാസമയങ്ങളിൽ വേണ്ട പ്രവർത്തനത്തിന്റെ അഭാവം.

(5) ഒരേ സ്പീഷീസ് തന്നെ വീണ്ടും വീണ്ടും നടത്തുന്നത്.

(6) അർപ്പണബോധവും ഉത്തരവാദിത്വവും ഇല്ലാത്തത്.

(7) ശരിയായ പരിചരണത്തിന്റെ കുറവ്.

പ്രധാന വനവിഭവങ്ങളുടെ 1999-2000 മുതൽ 2000-01 വരെയുള്ള വർഷങ്ങളിലെ വരുമാനം താഴെ കൊടുത്തിരിക്കുന്നു:

(1) 1999-2000 .. 11327.41 ലക്ഷം രൂപ

(2) 2000-2001 .. 14123.87 ലക്ഷം രൂപ

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വനം വകുപ്പ് അടിയന്തരമായി ശ്രദ്ധ പതിപ്പിച്ചാൽ മാത്രമേ വനവിഭവങ്ങളുടെ ഉല്പാദനത്തിൽ വരുന്ന കുറവ് പരിഹരിക്കാനും വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുകയുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. വനഭൂമിയിലുള്ള തേക്ക് തോട്ടത്തിൽ നിന്ന് മുറിച്ചെടുക്കുന്ന തടികൾ, കാറ്റിൽ വീണ മരങ്ങളിൽനിന്നും ശേഖരിക്കുന്ന തടികൾ, മറ്റ് വൻ തോട്ടങ്ങളിൽ നിന്നോ വനത്തിൽ നിന്നോ ശേഖരിക്കുന്ന തടികൾ, തേക്ക്-വിറക്, ഈട്ടി-വിറക് മുതലായവ കോൺട്രാക്റ്റ് സിസ്റ്റം വഴിയോ, ഡിപ്പാർട്ട്മെന്റലായോ സർക്കാർ ഡിപ്പോകളിൽ എത്തിക്കുന്നു. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതികളിൽ തടിവിൽപ്പനയ്ക്ക് ചുമതലപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പൊതു ലേലത്തിന്റെ നിബന്ധനകളെല്ലാം പാലിച്ച്

പരസ്യലേല വില്പന നടത്തുന്നു. ഇടവെട്ട് നടത്തിക്കിട്ടുന്ന കഴകളും അടച്ച മുറിയിൽ നിന്ന് ലഭിക്കുന്ന താണതരം തടി, വിറക് എന്നിവയും ജോലിസ്ഥലത്തിനടുത്ത ഡംപിംഗ് സെറ്റുകളിൽ വച്ച് ലേലം ചെയ്യുന്നുമുണ്ട്. ഈട്ടി ഇനത്തിലുള്ള തടി ഉണ്ടെങ്കിൽ ബന്ധപ്പെട്ട കൺസർവേറ്ററുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലേലം ചെയ്യാൻ പാടുള്ളൂ. ഷെഡ്യൂൾ റേറ്റിനേക്കാളും കഴിഞ്ഞ 3 ലേലത്തിന്റെ ശരാശരി നിരക്കിനേക്കാളും കൂടുതൽ നിരക്കിന് ലേലം വിളികൊണ്ട തടി ലോട്ടുകൾക്ക് തൽസമയം തന്നെ ലേലസ്ഥിരീകരണ ഉത്തരവ് നൽകുന്നു. എന്നാൽ ഈ ലോട്ടുകളുടെ മൊത്തവില 50,000 രൂപയിൽ താഴെയായിരിക്കണം. മറ്റെല്ലാ ലോട്ടുകളും കൺസർവേറ്റർ ആണ് ലേല സ്ഥിരീകരണ ഉത്തരവ് നൽകേണ്ടത്. സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം ലേലം കൊണ്ടയാൾ തടി നീക്കം ചെയ്തുകൊള്ളേണ്ടതാണ്. അതിനുശേഷം തടി ഡിപ്പോയിൽ കിടന്നാൽ ഗ്രൗണ്ട് റെന്റ്, പെനാൽറ്റി മുതലായവ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. വകുപ്പിന്റെ കീഴിൽ നിലവിലുള്ള തടി ഡിപ്പോകളുടെ വിശദവിവരം അനുബന്ധം 7 ആയി കൊടുത്തിരിക്കുന്നു. തടി ഡിപ്പോയിൽ വളരെക്കാലം ലേലം ചെയ്ത തടികൾ സൂക്ഷിക്കുന്നത് വകുപ്പിന് ഒരു ബാദ്ധ്യത എന്നതിനു പുറമേ പലവിധ അഴിമതികൾക്കും വഴിതെളിക്കുന്നു. വനം വകുപ്പിന്റെ കീഴിലുള്ള തടി ഡിപ്പോകളിൽ ലോട്ടുകൾ ലേലം ചെയ്തശേഷവും വനത്തിൽനിന്നും ലഭിക്കുന്ന തടികൾ കൊണ്ടുവന്ന് ലോട്ടുകളാക്കി വീണ്ടുമുള്ള ലേലത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ലേല സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റിയശേഷം 60 ദിവസത്തിനകം തടിമാറ്റിയാൽ മതി എന്നതിനുപകരം 30 ദിവസത്തിനകം തടികൾ മാറ്റണമെന്നും ഗ്രൗണ്ട് റെന്റ്, പെനാൽറ്റി മുതലായവ ഈടാക്കിക്കൊണ്ട് 60 ദിവസം വരെ മാത്രമേ തടികൾ ലേലം കൊണ്ടയാളിന് നൽകുകയുള്ളൂ എന്നും അതിനുശേഷം കെട്ടിവച്ചതുക (ഏണസ്റ്റ് മണി) കണ്ടുകെട്ടിക്കൊണ്ട് പുനർലേലം നടത്തുന്നതിനു വേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് ഗുണമേന്മ കൂടിയ വിത്തുകൾ ഉപയോഗിച്ചും ക്ലോൺ ടെക്നോളജി ഉപയോഗിച്ചും തോട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കെ.എഫ്.ഡി.സി. 2001-04 കാലഘട്ടത്തിൽ 335 ഹെക്ടർ സ്ഥലത്ത് ക്ലോൺ യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ നട്ടുവളർത്തിയിട്ടുണ്ട്. കൂടാതെ വനം വകുപ്പ് നല്ലയിനം വിത്തിനങ്ങളുടെ ലഭ്യതയ്ക്കായി 5 സെൻട്രൽ നഴ്സറികൾ കുളത്തൂപ്പുഴ, മൂന്നാർ, പെട്ടിക്കളം, നിലമ്പൂർ, കണ്ണൂർ എന്നിവടങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം നട്ടുവളർത്തിയതിൽ 17.94 ഹെക്ടർ ക്ലോൺ മൾട്ടിപ്ലിക്കേഷൻ ഏരിയ 12.3 ഹെക്ടർ സീഡ്ലിംഗ് സീഡ് ഓർച്ചാർഡ്, 5 ഹെക്ടർ ക്ലോൺ സീഡ് ഓർച്ചാർഡ് എന്നിവ ഉൾപ്പെടുന്നു. ഉദ്ദേശം 1000 ഹെക്ടറോളം തേക്കുല്പാദന തോട്ടങ്ങൾ ഉണ്ടാക്കുകയും അതിൽനിന്നും ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് വിതരണം നടത്തിവരികയും ചെയ്തുവരുന്നു.

ഇപ്പോൾ അനുവദിച്ചിട്ടുള്ള 60 ദിവസ കാലപരിധിക്കകം തടിവില അടച്ച് തടി നീക്കം ചെയ്യുന്നതിന് ഭൂരിഭാഗം ലേലക്കാർക്കും യഥാസമയം സാധിക്കുന്നില്ല കാരണം ലേലത്തിൽ പോയിട്ടുള്ള തടിയുടെ വില യഥാസമയം ലേലക്കാരന് സ്വരൂപിച്ച് ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കുവാൻ കാലതാമസം നേരിടുക സാധാരണയാണ്. ആയതിനാൽ കാലപരിധി 30 ദിവസമായി മാറ്റുന്നത് അഭികാമ്യമല്ല.

## ശിപാർശ 57 (ഖണ്ഡിക 127)

വനം കൊള്ളയുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സാധാരണയായി അതത് റേഞ്ചുകളിൽ കിടന്ന് തുരുമ്പെടുത്ത് നശിച്ചു പോകുന്നതായാണ് കണ്ടുവരുന്നത്. ഇതിൽ പലതും അധികം പഴക്കമില്ലാത്തവയുമായിരിക്കും. എന്നാൽ ലക്ഷങ്ങൾ വിലമതിക്കുന്ന ഈ വാഹനങ്ങൾ കേസിന്റെ പേരിൽ ഉപയോഗശൂന്യമായി നശിച്ചുപോകുന്നത് ഖേദകരമായ അവസ്ഥയാണ്. അന്യസംസ്ഥാനങ്ങളിൽ ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ വില നിശ്ചയിച്ച് ലേലം ചെയ്ത് തുക സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേസിന്റെ പേരിൽ ഇങ്ങനെ വാഹനങ്ങൾ നശിച്ചുപോകാനിടയാകുന്ന സാഹചര്യം ഒഴിവാക്കി പകരം മേൽപ്പറഞ്ഞ രീതി അവലംബിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനംകൊള്ളയുമായി ബന്ധപ്പെട്ട് വനം വകുപ്പ് പിടിച്ചെടുത്ത വാഹനങ്ങൾ അവയുമായി ബന്ധപ്പെട്ട് കോടതികളിൽ നിലനിൽക്കുന്ന കേസുകൾ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് ലേലം ചെയ്യുകയും അതിലൂടെ ലഭിക്കുന്ന തുക സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടാറുമുണ്ട്. പ്രസ്തുത വാഹനങ്ങളുമായി ബന്ധപ്പെട്ട് കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കാൻ ഊർജ്ജിത ശ്രമവും നടത്തിവരുന്നുണ്ട്. വിവിധ കേസുകളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വിവിധ വകുപ്പുകൾ കണ്ടുകെട്ടുന്ന വാഹനങ്ങൾ യഥാസമയം നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വരുന്നതിനാൽ അവ വെയിലത്തും മഴയത്തും കിടന്ന് നശിക്കുന്നതായി ബഹു. ഹൈക്കോടതി കണ്ടെത്തുകയും നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തി, കണ്ടുകെട്ടിയ വാഹനങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ മൂന്ന് മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് 2-12-2008-ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിയിലൂടെ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കണ്ടുകെട്ടിയ വാഹനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ 1-3-2009-ന് മുമ്പ് തീർപ്പാക്കണമെന്ന് 5-1-2009-ലെ 89584/ജി3/2008/ഹോം നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് തലവൻമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലർ 23-1-2009, 28-4-2009 എന്നീ തീയതികളിൽ വനം വകുപ്പിലെ എല്ലാ ഓഫീസ് മേധാവികൾക്കും അയയ്ക്കുകയും അടിയന്തര നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം

നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം വനം വകുപ്പിൽ കണ്ടുകെട്ടിയ 567 വാഹനങ്ങളിൽ 162 എണ്ണം വിവിധ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇതിനകം വിറ്റഴിക്കുകയുണ്ടായി. ശേഷിക്കുന്നവ വിറ്റഴിക്കാൻ തീവ്രശ്രമം നടത്തിവരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

വനം വകുപ്പ് കണ്ടുകെട്ടിയ 567 വാഹനങ്ങളിൽ 162 എണ്ണമാണ് ഇതുവരെ വിറ്റിട്ടുള്ളതെന്നും ബാക്കിയുള്ള വാഹനങ്ങൾ ലേലം ചെയ്തു വിൽക്കുന്നത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരായാൻ നിർദ്ദേശിച്ചു.

## സ്വീകരിച്ച നടപടി

1-1-2009 വരെ വിവിധ കേസുകളിലായി വനം വകുപ്പ് കണ്ടുകെട്ടിയത് 569 വാഹനങ്ങളാണ്. അതിൽ 392 വാഹനങ്ങൾ നാളിതുവരെ വിറ്റിട്ടുണ്ട്. അവശേഷിക്കുന്ന 177 വാഹനങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

## ശിപാർശ 58 (ഖണ്ഡിക 129)

വനംകൊള്ള തടയാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ അവരുടെ ജോലി വാഴ്വവ ബുദ്ധിയോടെ കാണരുതെന്ന് സമിതി അഭിപ്രായപ്പെട്ടു. വകുപ്പ് എറണാകുളത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സെൻട്രലൈസ്ഡ് സ്റ്റോറേജ് റൂം എത്രയുംപെട്ടെന്ന് ആരംഭിക്കണമെന്നും അവിടെ വേണ്ടത്ര സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തണമെന്നും തൊണ്ടിസാധനങ്ങളുടെ രജിസ്റ്റർ ഇവിടെയും അവപിടിച്ചെടുത്ത സർക്കിളുകളിലും സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനംകൊള്ള തടയാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. എറണാകുളത്തിനുപകരം വനം വകുപ്പ് ആസ്ഥാനത്ത് (തിരുവനന്തപുരം) സ്റ്റോറേജ് റൂം സ്ഥാപിച്ചിട്ടുണ്ട്. സ്റ്റോറേജ് റൂമിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പ്രവർത്തനം ഭദ്രമാക്കുന്നതിനുമുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് 494/2009/വനം തീയതി 21-10-2009 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊണ്ടി സാധനങ്ങളും അവയെ സംബന്ധിച്ചുള്ള രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനും വാർഷിക പരിശോധന നടത്തുന്നതിനുമുള്ള സംവിധാനത്തെപ്പറ്റി ടി മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അപ്രകാരം സ്റ്റോറേജ് റൂമിന്റെ സൂക്ഷിപ്പിന്റെ ചുമതല തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും, വിജിലൻസ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ആഫീസിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെയും ചുമതലയിലുമാണ്.

സ്ലോംഗ് റൂമിന്റെ വാർഷിക പരിശോധന എല്ലാ വർഷവും മാർച്ച് 31-ന് മുമ്പ് നടത്തിവരുന്നു. സ്ലോംഗ് റൂമിന്റെ വാതിൽ ഡബിൾ ലോക്ക് സിസ്റ്റത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. സ്ലോംഗ് റൂമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സർവൈലൻസ് ക്യാമറയും സ്ലോംഗ് റൂമിൽ സ്ഥാപിച്ചിട്ടുണ്ട്.

## ശിപാർശ 59 (ഖണ്ഡിക 130)

ചന്ദനത്തൈലം നിർമ്മിക്കുന്നതിനാവശ്യമായ ചന്ദനത്തടി സർക്കാർ ലേലം ചെയ്തുകൊടുക്കുകയും ചന്ദനത്തടിയുടെ ക്രയവിക്രയം സർക്കാർ ഏറ്റെടുക്കുകയും ചെയ്യണമെന്നും ഇതിനായി ഫോറസ്റ്റ് ആക്ടിൽ വേണ്ട ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ചന്ദനമരം മുറിച്ച് മാറ്റുന്നതിനും കച്ചവടം ചെയ്യുന്നതിനും നിയന്ത്രണം ആവശ്യമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ 1961-ലെ ഫോറസ്റ്റ് ആക്ടിൽ ചില ഭേദഗതികൾ വരുത്തുന്നതിനായി കരട് ഭേദഗതി ഓർഡിനൻസ് രൂപത്തിൽ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ചന്ദനമരം മുറിച്ചുമാറ്റുന്നതിനും കച്ചവടം ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനാവശ്യമായ 1961-ലെ ഫോറസ്റ്റ് ആക്ടിൽ ഭേദഗതി വരുത്താനായുള്ള കരട് ഭേദഗതി, ഓർഡിനൻസിന്റെ രൂപത്തിൽ പ്രസിഡന്റിന് അയച്ചതിന് അനുമതി ലഭിച്ചോയെന്ന വിവരം ആരായാൻ സമിതി നിർദ്ദേശിച്ചു.

## സർക്കാരിൽനിന്നും ലഭിച്ച മറുപടി

ചന്ദനമരം മുറിച്ച് മാറ്റുന്നതിനും കച്ചവടം ചെയ്യുന്നതിനും നിയന്ത്രണം ആവശ്യമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ 1961-ലെ ഫോറസ്റ്റ് ആക്ടിൽ ചില ഭേദഗതികൾ വരുത്തുന്നതിനായി കരട് ഭേദഗതി, ഓർഡിനൻസ് രൂപത്തിൽ പ്രസിഡന്റിന്റെ അനുമതിക്കായി 14-9-2004-ന് നൽകുകയും ഇതിന്മേൽ കേന്ദ്ര സർക്കാർ കൂടുതൽ വിശദാംശങ്ങൾ ആരായുകയും ആയതിന് മറുപടിയും നൽകിയിട്ടുണ്ട്. കൂടാതെ ഈ വിഷയം സംബന്ധിച്ച് 20-3-2006-ൽ ഒരുയോഗം ന്യൂ ഡൽഹിയിൽ വച്ച് നടക്കുകയും ഇതിൽ മുഖ്യ വനപാലകൻ പങ്കെടുക്കുകയും ചെയ്തു. മേൽ ഓർഡിനൻസിന്മേൽ ഗുണപരമായ നിലപാട് എടുക്കാമെന്നും ബഹു. ആഭ്യന്തര മന്ത്രിയിൽനിന്നും അനുവാദം വാങ്ങാമെന്നും യോഗത്തിനുശേഷം ജോയിന്റ് സെക്രട്ടറി, ആഭ്യന്തര മന്ത്രാലയം, ന്യൂ ഡൽഹി അറിയിച്ചതായി മുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ 60 (ഖണ്ഡിക 131)

മറയൂരിൽ സർക്കാർ നിയന്ത്രണത്തിൽ ഒരു ചന്ദന ഫാക്ടറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ രണ്ട് കിലോ ഗ്രാമിൽ കൂടുതൽ ചന്ദനത്തടി കൈവശം വയ്ക്കുവാൻ പാടില്ലാ എന്ന വ്യവസ്ഥ ഏർപ്പെടുത്തണമെന്നും എന്നാൽ വ്യവസ്ഥകൾക്ക് വിധേയമായി അമ്പലങ്ങൾക്ക് ഇതിൽ ഇളവ് അനുവദിക്കണമെന്നും ചന്ദന കള്ളക്കടത്തുകാർക്ക് എതിരെ വനസംരക്ഷണ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കടുത്ത ശിക്ഷ നൽകുന്നതിനുള്ള നിയമങ്ങൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

മറയൂരിൽ സർക്കാർ നിയന്ത്രണത്തിൽ ഒരു ചന്ദനതൈല നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച വിഷയം 8-8-2007-ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം പിൻവലിച്ചു. ആ വിഷയവും ചന്ദനമരം മുറിച്ച് മാറ്റുന്നതിനും കച്ചവടം ചെയ്യുന്നതിനും നിയന്ത്രണം ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ 1961-ലെ ഫോറസ്റ്റ് ആക്ടിൽ ചില ഭേദഗതികൾ വരുത്തുന്ന വിഷയവും മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്

ശിപാർശ 61 (ഖണ്ഡിക 133)

സംസ്ഥാന വനം വകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്തിന് പുറത്ത് തടി ഡിപ്പോകൾ സ്ഥിതി ചെയ്യുന്നുണ്ട്. തമിഴ്നാട്ടിൽ ചെങ്കോട്ടയിൽ 5.823 ഹെക്ടറും പൊള്ളാച്ചിയിൽ 3.200 ഹെക്ടറും കർണ്ണാടകത്തിൽ നഞ്ചൻകോട്ടിൽ 2.400 ഹെക്ടറും തടി വിൽപ്പന ഡിപ്പോകളായി ഉപയോഗിക്കുന്നു. എന്നാൽ നഞ്ചൻകോട് ഒഴികെ മറ്റ് ഡിപ്പോകൾ ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ സംസ്ഥാനത്തുള്ള ഡിപ്പോകൾ തടി വിറ്റഴിക്കുന്നതിന് പര്യാപ്തമാണെന്നും രേഖകൾ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ സംസ്ഥാന വനം വകുപ്പിന്റെ കീഴിൽ അന്യ സംസ്ഥാനങ്ങളിലുള്ള തടി ഡിപ്പോകൾക്കുള്ള സ്ഥലങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ടൂറിസത്തിനുള്ള സാറ്റലൈറ്റ് സ്റ്റേഷനുകളായി ഉപയോഗപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

സർക്കാർ അന്തർ സംസ്ഥാനങ്ങളിലുള്ള തടി ഡിപ്പോകളായി ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ലേലം ചെയ്യുന്നതിന് 11-11-2003-ൽ നടന്ന യോഗത്തിൽ ബഹു. വനം വകുപ്പുമന്ത്രി തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ അച്ചൻകോവിൽ ഡിപ്പോയിൽപ്പെട്ട ചെങ്കോട്ട ഡിപ്പോ വിൽക്കുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ,

കൊല്ലത്തിന്റെ നിർദ്ദേശപ്രകാരം അച്ചൻകോവിൽ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ പൻപൊളി സബ് രജിസ്ട്രാറെ സമീപിച്ചതിൽ ഏക്കറിന് 37,500 രൂപ മാത്രമാണ് വില നിശ്ചയിച്ചത്. തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷന്റെ അധികാര പരിധിയിൽ ഇരുന്നിരുന്ന പ്രസ്തുത ചെങ്കോട്ട ഡിപ്പോയും പരിസരവും 27-8-2003-ൽ അച്ചൻകോവിൽ ഡിവിഷനിലേക്ക് കൈമാറുകയുണ്ടായി.

പൻപൊളി സബ് രജിസ്ട്രാർ വില നിശ്ചയിച്ചത് കുറവാകയാൽ 5823 ഹെക്ടർ ഡിപ്പോ കോമ്പൗണ്ട് ഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിനായി കൊല്ലം കൺസർവേറ്റർക്ക് അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് പരിഗണനയിലിരിക്കുകയുമാണ്. മാത്രമല്ല ടി സ്ഥലം പാലരുവി, കുംഭാവുരുട്ടി, അച്ചൻകോവിൽ, തെന്മല, മണലാർ എന്നീ ഇക്കോടൂറിസം മേഖലയിലേക്ക് വരുന്ന ടൂറിസ്റ്റുകൾക്ക് വേണ്ട വിവരങ്ങൾ നൽകുവാനും ഇപ്പോൾ വിവാദമായിരിക്കുന്ന മേക്കര അണക്കെട്ട് നിരീക്ഷണവിധേയമാക്കുവാനും ഒരു ഇൻഫർമേഷൻ സെന്ററായോ ടൂറിസത്തിനുള്ള സാറ്റലൈറ്റ് സ്റ്റേഷനായോ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുന്നതുമാണ്.

കോഴിക്കോട് റീജിയണൽ ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിലുള്ള നെന്മാറ ഡിവിഷന്റെ കീഴിൽ പൊള്ളാച്ചിയിൽ 3200 ഹെക്ടർ സ്ഥലത്ത് ടിംബർ ഡിപ്പോ പ്രവർത്തിച്ചിരുന്നു. 1973-ൽ പറമ്പിക്കുളം വന്യജീവി സങ്കേതം നിലവിൽ വന്നതോടെ ടി ഡിപ്പോയുടെ പ്രസക്തി കുറയുകയും ക്രമേണ ഡിപ്പോയുടെ പ്രവർത്തനം തീരെ ഇല്ലാതാവുകയും ചെയ്തു. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം സംസ്ഥാന വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലം വനേതര ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. ആയതിനാൽ പൊള്ളാച്ചിയിൽ ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത സ്ഥലം ഇക്കോ ഡെവലപ്പ്മെന്റ് സെന്ററായോ പറമ്പിക്കുളം വൈൽഡ്‌ലൈഫ് ഡിവിഷന്റെ ആവശ്യത്തിന് മാറ്റാമോ എന്ന കാര്യവും പരിഗണിച്ചു വരുന്നു.

കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള നഞ്ചൻകോട് തടി വിൽപ്പന ഡിപ്പോയിൽ സാധാരണ മറ്റ് തടി വിൽപ്പന ഡിപ്പോയിൽ നടക്കുന്നതുപോലെ തടി ലേലം നടന്നുവരുന്നുണ്ട്. പ്രസ്തുത ഡിപ്പോയിൽ ഉയർന്ന നിരക്കിൽ തടി ലേലംനടന്നു വരുന്നുമുണ്ട്. ഈ ഡിപ്പോ നിൽക്കുന്ന സ്ഥലം ഇപ്പോൾ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചുവരുന്നു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

മറുപടി തൃപ്തികരമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടു.

## സർക്കാരിൽനിന്നും ലഭിച്ച അധികവിവര മറുപടി

സംസ്ഥാന വനം വകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്തിന് പുറത്ത് അച്ചൻകോവിൽ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെ അധീനതയിൽ ചെങ്കോട്ടയിൽ സ്ഥിതിചെയ്യുന്ന 5823 ഹെക്ടർ സ്ഥലം എസ്റ്റിമേറ്റ്സ് കമ്മിറ്റി ശിപാർശ ചെയ്തിരിക്കുന്നതുപോലെ ടൂറിസത്തിനുള്ള സാറ്റലൈറ്റ് സ്റ്റേഷനായി രൂപാന്തരപ്പെടുത്തുകയോ ഇൻഫർമേഷൻ/എക്സ്റ്റൻഷൻ സെന്ററായോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പ്രസ്തുത ഇൻഫർമേഷൻ സെന്ററിൽ കേരള വനം വകുപ്പിനെ സംബന്ധിച്ചുള്ള പ്രദർശനങ്ങളും മറ്റും നടത്താവുന്നതാണ്. തെന്മല ടൂറിസം, പാലരുവി ഇക്കോടൂറിസം വൈൽഡ്ലൈഫ് സാങ്ച്വറി മുതലായ ടൂറിസ പ്രാധാന്യമുള്ള സ്ഥലങ്ങളുടെ പ്രവേശന കവാടമായി രൂപാന്തരപ്പെടുത്തുകയും ഔഷധസസ്യ പ്രദർശനം, വനം വകുപ്പുമായി ബന്ധപ്പെട്ട വിവിധ ട്രെയിനിംഗുകളുടെ പ്രദർശനം എന്നിവയും ഉൾപ്പെടുത്താവുന്നതുമാണ്. മാത്രവുമല്ല പാലരുവി, കുംഭാവുരുട്ടി, അച്ചൻകോവിൽ, തെന്മല, മണലാർ എന്നീ ഇക്കോടൂറിസം മേഖലകളിലേക്ക് വരുന്ന ടൂറിസ്റ്റുകൾക്ക് വേണ്ട വിവരങ്ങൾ നൽകുവാനും മേക്കര അണക്കെട്ട് നിരീക്ഷിക്കുവാനും പ്രയോജനപ്പെടുത്താവുന്നതാണ്. ടി സ്ഥലത്ത് ഒരു ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും ഒരു കോമ്പൗണ്ട് ഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിനും 30 ലക്ഷം രൂപ അടങ്കലുള്ള പ്രൊപ്പോസൽ ഫോറസ്റ്റ് കൺസർവേറ്റർ കൊല്ലത്തിന്റെ പരിഗണനയിലാണ്.

പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ നെന്മാറ ഡിവിഷനിലെ പൊള്ളാച്ചിയിൽ 3200 ഹെക്ടർ സ്ഥലത്ത് ഒരു ടിംബർ ഡിപ്പോ പ്രവർത്തിച്ചിരുന്നു. 1973-ൽ പറമ്പിക്കുളം വന്യജീവി സങ്കേതം നിലവിൽ വന്നതോടെ ടി ഡിപ്പോയുടെ പ്രസക്തി കുറയുകയും ക്രമേണ പ്രവർത്തനം തീരെ ഇല്ലാതാകുകയും ചെയ്തു. ടി ഡിപ്പോ ഉൾപ്പെട്ട സ്ഥലം പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസലിന് നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണനയിലാണ്. കൂടാതെ പ്രസ്തുത സ്ഥലം ഇക്കോ ഡെവലപ്പ്മെന്റ് സെന്ററായി മാറ്റുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലാണ്. ഇത്തരത്തിലുള്ള എല്ലാ സ്ഥലങ്ങളും വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം വികസനത്തിനായി ഉപയോഗപ്പെടുത്തണമെന്നതാണ് സർക്കാരിന്റെ തീരുമാനം.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയിൽ പരാമർശിച്ച പ്രകാരം കോഴിക്കോട് ടിംബർ സെയിൽസിന്റെ കീഴിലുള്ള നഞ്ചൻകോട് തടി വില്പന ഡിപ്പോയിൽ ആദായകരമായി നല്ല രീതിയിൽ തടി വില്പന നടന്നുവരികയാണ്. ടി സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ടി സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചുവരുന്നു.

ശിപാർശ 62 (ഖണ്ഡിക 148)

വനവും വന്യജീവികളെയും സംരക്ഷിക്കുന്നതിനായി ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അടിയന്തരമായി രൂപീകരിക്കണമെന്നും ഇതിൽ വനിതാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനസംരക്ഷണത്തിനായി പ്രൊട്ടക്റ്റീവ് വിഭാഗത്തിലും റെയ്ഞ്ചർ വിഭാഗത്തിലും വനിതാ ജീവനക്കാരെ ഇതിനോടകംതന്നെ നിയമിച്ചിട്ടുണ്ട്.

ശിപാർശ 63 (ഖണ്ഡിക 149)

മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസുകളിൽ കേരള വനം വകുപ്പും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും കേന്ദ്ര വന്യജീവി ബോർഡും കക്ഷി ചേരുന്നതിനാവശ്യമായ നടപടികൾ വനവും വന്യജീവിയും വകുപ്പ് അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച അന്തിമമറുപടി

ഇക്കാര്യത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്ന നോഡൽ വകുപ്പായ ജലവിഭവ (ഐ.എസ്.ഡബ്ല്യു.സെൽ) വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

സർക്കാരിൽനിന്നും ലഭിച്ച അന്തിമമറുപടി

നിലവിലുള്ള മുല്ലപ്പെരിയാർ കേസ് (OS No.3/2006) ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരമാണ് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്. പ്രസ്തുത കേസിൽ എല്ലാ വകുപ്പുകളെയും പ്രതിനിധീകരിച്ചാണ് കേരള സർക്കാർ പ്രതിയായിട്ടുള്ളത്. സുപ്രീം കോടതി മുല്ലപ്പെരിയാർ കേസിന്റെ അന്തിമവാദം തുടങ്ങുവാൻ ഉദ്ദേശിച്ചിരുന്നത് 19-2-2013-നാണ്. പ്രസ്തുത കേസിനുവേണ്ടി ഇനി പുതിയതായി യാതൊരു തെളിവും സ്വീകരിക്കുന്നതല്ല എന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ കേസ് ഇത്രയും മുന്നോട്ടുപോയി ഏകദേശം അന്തിമഘട്ടത്തിൽ എത്തിനിൽക്കുന്ന ഈ സാഹചര്യത്തിൽ വനംവകുപ്പിനെ പ്രസ്തുത കേസിൽ കക്ഷിചേർക്കുവാൻ കഴിയില്ല.

ശിപാർശ 65 (ഖണ്ഡിക 155)

പറമ്പിക്കുളം ആളിയാർ പദ്ധതിക്കുവേണ്ടി തമിഴ്നാട് സർക്കാർ നിർമ്മിച്ച 226 കെട്ടിടങ്ങളിൽ 37 എണ്ണം തിരിച്ച് കേരള സർക്കാരിന് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ അത്യാവശ്യകാര്യങ്ങൾക്ക് ഇവിടെ താമസിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള

കെട്ടിടങ്ങൾ ഒഴികെ മറ്റെല്ലാ കെട്ടിടങ്ങളും തിരികെ നൽകണമെന്നാണ് പറമ്പിക്കുളം അളിയാർ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. 1977-ൽ പാലക്കാട് ജില്ലാ കളക്ടറുടെ കീഴിലുള്ള കമ്മിറ്റി 16 കെട്ടിടങ്ങൾ ഒഴികെ മറ്റെല്ലാ കെട്ടിടങ്ങളും തിരികെ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. അതിൻപ്രകാരം 173 കെട്ടിടങ്ങൾ പി.എ.പി. കേരള സർക്കാരിന് തിരിച്ച് ഏൽപ്പിക്കേണ്ടവയാണ്. എന്നാൽ തിരിച്ച് നൽകേണ്ടതായ ഈ കെട്ടിടങ്ങൾ റിട്ടയർ ചെയ്ത പി.എ.പി. ജീവനക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. ഇവയുടെ വ്യക്തമായ ഒരു പട്ടിക ഉണ്ടാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവ തിരിച്ച് കിട്ടിയാൽ (പ്രത്യേകിച്ച് ക്ലാർക്ക് ക്വാർട്ടേഴ്സ്) വനം വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് താമസ സൗകര്യത്തിനായി ഉപയോഗിക്കുവാൻ സാധിക്കും. ആയതിനാൽ പി.എ.പി. തിരിച്ച് നൽകേണ്ട 173 കെട്ടിടങ്ങൾ അടിയന്തരമായി സംസ്ഥാന സർക്കാരിന് കൈമാറുന്നതിനാവശ്യമായ നടപടികൾ കൂടുതൽ ഊർജ്ജസ്വലമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

പറമ്പിക്കുളം അളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള ജലവിഭവ വകുപ്പ് തമിഴ്നാട് സർക്കാരുമായിട്ടാണ് ഉടമ്പടി വച്ചിട്ടുള്ളത്. പ്രസ്തുത ഉടമ്പടിയിൽ വനം വകുപ്പ് കക്ഷിയല്ല.

പറമ്പിക്കുളം ജെ.സി.എൻ.ആർ. സംബന്ധിച്ച് കെട്ടിടങ്ങളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ പ്രകാരം തമിഴ്നാട് സർക്കാരിന്റെ കൈവശമുള്ള കെട്ടിടങ്ങളും അനുബന്ധ സ്ഥലങ്ങളും ഏറ്റെടുക്കുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ 12-7-2007-ലെ ഡി-1721/93 നമ്പർ കത്ത് പ്രകാരം പറമ്പിക്കുളം വൈൽഡ്‌ലൈഫ് വാർഡൻ കേരള ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകുകയുണ്ടായി. കേരള വനം വകുപ്പും തമിഴ്നാട് പൊതുമരാമത്ത് വകുപ്പും വാട്ടർ റിസോഴ്സ് ഓർഗനൈസേഷനും പറമ്പിക്കുളം ജോയിന്റ് വാട്ടർ റെഗുലേഷൻ സബ് ഡിവിഷനും സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. തുടർന്ന് പാലക്കാട് സംയുക്ത ജല ക്രമീകരണ വിഭാഗം ജോയിന്റ് ഡയറക്ടർ 30-7-2007-ലെ ഡി1-616/77(1) നമ്പർ കത്ത് പ്രകാരം പറമ്പിക്കുളം വൈൽഡ് ലൈഫ് വാർഡന് നൽകിയ റിപ്പോർട്ടിൽ ഇനിയും തമിഴ്നാട് സർക്കാരിന്റെ കൈവശമുള്ള കെട്ടിടങ്ങളും അനുബന്ധ സ്ഥലങ്ങളും വിട്ടുകിട്ടുന്നതിനായി അടുത്ത ജെ.ഡബ്ല്യൂ.ആർ.ബി. യോഗത്തിൽ തമിഴ്നാടുമായി ചർച്ച ചെയ്യാമെന്നും, ഇപ്പോൾ തമിഴ്നാട് സർക്കാരിന്റെ കൈവശമുള്ള കെട്ടിടങ്ങൾ ഡാമുകളുടെ അറ്റകുറ്റപ്പണികൾക്കും നിയന്ത്രണത്തിനും ആവശ്യമായ കാര്യാലയങ്ങളായും ജീവനക്കാരുടെ വസതികളായും ഉപയോഗിക്കുവാൻ അത്യാവശ്യമായതിനാൽ കേരളത്തിന് വിട്ടുനൽകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന നിലപാടാണ് ഇതുവരെ നടന്ന

ജെ.ഡബ്ല്യു.ആർ.ബി. യോഗങ്ങളിൽ തമിഴ്നാട് കൈക്കൊണ്ടിട്ടുള്ളതെന്നും, ഈ വിഷയം തമിഴ്നാട്ടുമായി സർക്കാർ തലത്തിലും മന്ത്രിതലത്തിലും നടന്ന അന്തർ സംസ്ഥാന ചർച്ചകളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണെന്നും അടുത്ത ജെ.ഡബ്ല്യു.ആർ.ബി. സബ് കമ്മിറ്റിയിൽ ഈ വിഷയം വീണ്ടും ശക്തമായി ഉന്നയിച്ച് അനുകൂല തീരുമാനം ഉണ്ടാക്കാവുന്നതാണ്.

തമിഴ്നാട് കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം 80 ആണെന്ന് ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാടിന്റെ ജോയിന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. തമിഴ്നാട് ഗവൺമെന്റിന്റെ പൊതുമരാമത്ത് സെക്രട്ടറിയുടെ കത്തിൽ നിലവിൽ തമിഴ്നാട് കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ അവരുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് സ്റ്റാഫിന്റെ താമസത്തിനും അത്യാവശ്യമാണെന്നും ആയതിനാൽ കൂടുതൽ കെട്ടിടങ്ങൾ കേരളത്തിന് കൈമാറാൻ നിർബന്ധിക്കരുതെന്നും അഭ്യർത്ഥിച്ചു.

മേൽപ്പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ (ഐ.എസ്.ഡബ്ല്യു.) താഴെപ്പറയുന്ന കാര്യങ്ങൾ കേരള ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു:

(1) തമിഴ്നാടിന്റെ കൈവശമുള്ള എല്ലാ കെട്ടിടങ്ങളും ഏറ്റെടുക്കുക.

(2) പി.എ.പി.യിൽ ഉൾപ്പെട്ട ഡാമുകളുടെയും മറ്റ് അനുബന്ധ സ്ട്രക്ച്ചേഴ്സിന്റെയും ഓപ്പറേഷനും അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള അത്യാവശ്യം ജീവനക്കാരുടെയും അവർക്ക് താമസിക്കാൻ വേണ്ട കെട്ടിടങ്ങളും, ഇരു സംസ്ഥാനത്തുമുള്ള സമാനമായ ഡാമുകളുമായി ബന്ധപ്പെടുത്തി നിർണ്ണയിക്കുന്നതിന് ഇരു സംസ്ഥാനങ്ങളുടെയും ഗവൺമെന്റിന്റെ പ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റിയെ നിയമിക്കുക.

(3) അങ്ങനെ മേൽപ്പറഞ്ഞ കമ്മിറ്റി ആവശ്യമെന്നു കണ്ടെത്തുന്ന കെട്ടിടങ്ങൾ തികച്ചും വാടക അടിസ്ഥാനത്തിൽ മാത്രം തമിഴ്നാടിന് കൈമാറുക എന്നിവയാണ്.

കൂടാതെ കെട്ടിടങ്ങൾ കേരളത്തിന് കൈമാറണമെന്ന് 30-5-2006-ൽ തിരുവനന്തപുരത്ത് വച്ച് ചീഫ് സെക്രട്ടറി തലത്തിലുള്ള പി.എ.പി. എഗ്രിമെന്റിന്റെ റിവ്യൂ മീറ്റിംഗിലും ശക്തമായി തമിഴ്നാടിനോടാവശ്യപ്പെട്ടിട്ടുണ്ട്.

<u>പ്രസ്തുത വിഷയം സംബന്ധിച്ച് 17-2-2010-ൽ നടത്തിയ തെളിവെടുപ്പ് വേളയിൽ ലഭിച്ച അധികവിവരം</u>

പറമ്പിക്കുളം ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിന്റെ കൈവശമുള്ള 226 കെട്ടിടങ്ങളിൽ കേരള സർക്കാരിന് തിരിച്ചുനൽകിയ 37 എണ്ണം കഴിച്ച്

ബാക്കിയുള്ള കെട്ടിടങ്ങൾ കേരള സർക്കാരിന് കൈമാറിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, 73 കെട്ടിടങ്ങൾ കേരള സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളത് ഇപ്പോഴും തമിഴ്നാടിന്റെ കയ്യിലാണെന്നും കെട്ടിടങ്ങളുടെ കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റുമായി കേരള ഗവൺമെന്റ് ശക്തമായ കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും 27-2-2009-ൽ ചീഫ് സെക്രട്ടറി തലത്തിലുള്ള ഒരു മീറ്റിംഗിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ഈ കെട്ടിടങ്ങൾ തുടർന്നും അവർക്കാവശ്യമുള്ളതാണെന്നാണ് തമിഴ്നാട് വാദിച്ചതെന്നും സെക്രട്ടറി തലത്തിലും തമിഴ്നാട്ടിൽവച്ച് ചർച്ചകൾ നടത്തിയിരുന്നെന്നും ചർച്ചയിൽ ഒരു തീരുമാനവുമുണ്ടായില്ലെന്നും കെട്ടിടങ്ങൾ കൈമാറണമെന്നാവശ്യപ്പെട്ട് പലതവണ കത്തുകൾ അയച്ചെങ്കിലും ഇതുവരെ അവ കൈമാറിയിട്ടില്ലെന്നും 29-4-2010-ൽ ചീഫ് സെക്രട്ടറി തലത്തിൽ ഇതു സംബന്ധിച്ച് ഒരു ചർച്ചകൂടി നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ചർച്ചയിലൂടെ ഈ പ്രശ്നം പരിഹരിക്കണമെന്നതാണ് ഗവൺമെന്റ് നിലപാടെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. 80 കെട്ടിടങ്ങളാണ് തമിഴ്നാട് കൈവശം വച്ചുകൊണ്ടിരിക്കുന്നതെന്നും അവ കൈമാറണമെന്നാണ് അവസാനമായി അവരോട് ആവശ്യപ്പെട്ടിരിക്കുന്നത്. 92 കെട്ടിടങ്ങൾ കൈമാറാനുണ്ടെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പറഞ്ഞത് താല്ക്കാലിക കെട്ടിടങ്ങളും ഉൾപ്പെടുത്തിയാണെന്നും അത് ഒഴിവാക്കി 80 കെട്ടിടങ്ങൾ ഉണ്ടെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു.

<u>ശിപാർശ 66 (ഖണ്ഡിക 156)</u>

പറമ്പിക്കുളം, അളിയാർ പ്രോജക്ടിന്റെ ഡാം നിർമ്മാണ വേളയിൽ വെള്ളത്തിനടിയിലായിപ്പോയ തേക്ക് തോട്ടങ്ങൾക്കുള്ള നഷ്ടപരിഹാരമായി 12-2-1965-ൽ ഇരു സംസ്ഥാന ഗവൺമെന്റുകളും ധാരണയിലെത്തിയ പ്രകാരം 15 ലക്ഷം രൂപ ലഭിക്കുവാനുണ്ട്. ഈ തുക ഇതുവരെ തമിഴ്നാട് സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. ഈ തുക പലിശസഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

പ്രസ്തുത ഡാമിന്റെ നിർമ്മാണവേളയിൽ വെള്ളത്തിനടിയിലായ തേക്കു തോട്ടങ്ങൾക്ക് നഷ്ടപരിഹാരമായി ഇരു സംസ്ഥാന സർക്കാരുകളും 12-8-1965-ൽ ഉണ്ടാക്കിയ കരാർ പ്രകാരമുള്ള 15 ലക്ഷം രൂപ 29-3-2005-ൽ തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് പലിശ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ ഇനി നടപടി വേണ്ട എന്നും പലിശ ഈടാക്കുന്നതിനുള്ള നടപടികൾ പിൻവലിക്കുവാനും സർക്കാർ തീരുമാനിച്ചു.

## ശിപാർശ 67 (ഖണ്ഡിക 157)

പറമ്പിക്കുളം അളിയാർ പദ്ധതി പ്രദേശത്തിന്റെ തറവാടക കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുള്ള നിരക്കിൽ തമിഴ്നാട്ടിൽനിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാരിൽനിന്നും ലഭിച്ച മറുപടി

കേരളവും തമിഴ്നാടുമായുള്ള പറമ്പിക്കുളം അളിയാർ കരാർ 9-11-1958-ൽ നിലവിൽ വരികയും 8-11-1988-ൽ കാലാവധി അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പുതിയൊരു കരാർ ഇതുവരെ പ്രായോഗികമായിട്ടില്ല. പുതിയൊരു കരാറിൽ ഏർപ്പെടുമ്പോൾ സമിതിയുടെ ശിപാർശ പരിഗണിക്കുന്നതിനും തീരുമാനം നിയമസഭാ സെക്രട്ടറിയെ നേരിട്ട് അറിയിക്കുന്നതിനും ജലവിഭവ വകുപ്പിന് പകർപ്പ് നൽകിയിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ടി റിപ്പോർട്ടിലെ 157-ാമത് ഖണ്ഡികയിന്മേൽ വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ 'കേരളവും തമിഴ്നാടുമായുള്ള പറമ്പിക്കുളം-അളിയാർ കരാറിന്റെ കാലാവധി 8-11-1988-ൽ അവസാനിച്ചുവെന്നും പുതിയ ഒരു കരാർ ഇതുവരെ പ്രായോഗികമായിട്ടില്ലെന്നുമുള്ള' മറുപടി പരിഗണിച്ച സമിതി, പ്രസ്തുത മറുപടി ശരിയല്ലെന്നും ആയതിനാൽ ഇതു സംബന്ധിച്ച് പരിശോധന നടത്തണമെന്ന് വകുപ്പിനെ അറിയിക്കുന്നതിനും തീരുമാനിച്ചു

## സർക്കാരിൽനിന്നും ലഭിച്ച മറുപടി (വനം-വന്യജീവി വകുപ്പ്)

കേരള സർക്കാരും തമിഴ്നാട് സർക്കാരും 9-11-1958 മുതൽ പ്രാബല്യം നൽകി 29-5-1970-ൽ പൊതുവായ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം ജലം പങ്ക് വയ്ക്കുന്നത് സംബന്ധിച്ച് ഇരു സർക്കാരുകൾ തമ്മിൽ പൊതുവായ ധാരണയിൽ എത്താൻ കഴിഞ്ഞിട്ടില്ല. ഇതിനായുള്ള പരിശ്രമങ്ങൾ തുടർന്നു വരികയാണ്. ഇരു സംസ്ഥാനങ്ങളും തമ്മിൽ ധാരണയിലെത്തിയാൽ മാത്രമേ കരാറിലെ വ്യവസ്ഥകൾ അവലോകനം ചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്തി നിലവിലുള്ള പൊതുവായ കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. പറമ്പിക്കുളം അളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട പ്രദേശത്തിന്റെ തറവാടക ഈടാക്കുന്നതും മറ്റുമായി ബന്ധപ്പെട്ട കരട് കരാർ വനം വകുപ്പ് പരിശോധിച്ചു വരികയാണ്. പ്രസ്തുത കരാർ അന്തിമമാക്കുന്നതിന് മുമ്പ് സമിതിയുടെ ശിപാർശ പരിഗണിക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പറമ്പിക്കുളം അളിയാർ കരാറിലെ വ്യവസ്ഥകൾ പ്രകാരം ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ നടന്ന ചർച്ച സംബന്ധിച്ച ഏറ്റവും പുതിയ റിപ്പോർട്ട് ലഭ്യമാക്കുക.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി (ജലവിഭവ വകുപ്പ്)</u>

പറമ്പിക്കുളം-അളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്നും വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിക്കാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. പറമ്പിക്കുളം അളിയാർ കരാറനുസരിച്ച് 2012-13 ജലവർഷത്തിൽ കേരള സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടില്ല. പി.എ.പി. കരാറനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം നൽകണമെന്നും കരാറിലെ വ്യവസ്ഥകൾ പാലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുതലത്തിലും സർക്കാർ തലത്തിലും തമിഴ്നാട് സർക്കാരുമായി നിരവധി കത്തിടപാടുകൾ നടത്തുകയും കേരള സർക്കാരിന്റെ ശക്തമായ നിലപാടുകളുടെയും ഇടപെടലുകളുടെയും അടിസ്ഥാനത്തിൽ സംയുക്ത ജലക്രമീകരണ ബോർഡിന്റെ അടിയന്തരയോഗത്തിൽ 16-12-2012 മുതൽ 26-12-2013 വരെ കേരളത്തിന് ലഭിച്ച 253 എം.സി.എഫ്റ്റി. ജലത്തിനുപുറമെ 27-12-2012 മുതൽ 31-1-2013 വരെയുള്ള കാലയളവിലേക്ക് 1200 എം.സി.എഫ്റ്റി. ജലം കൂടി നൽകാമെന്ന് തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി. 2012-13 ജലവർഷത്തിൽ കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ടുന്ന ബാക്കി ജലം മണക്കടവ് വിയറിലും കേരള ഷോളയാറിലും ലഭ്യമാക്കേണ്ടതിനെപ്പറ്റിയും ചിറ്റൂർപ്പുഴ പ്രദേശത്തെയും ചാലക്കുടിപ്പുഴ പ്രദേശത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ഇരു സംസ്ഥാനങ്ങളുടെയും മന്ത്രിതല യോഗത്തിൽ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർപ്പുഴ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി കാലവർഷം ശക്തിപ്രാപിക്കുന്നതുവരെ മണക്കടവ് വിയറിൽ 100 ക്യൂസക്സ് എന്ന തോതിൽ ജലം ലഭ്യമാക്കാൻ തമിഴ്നാട് തയ്യാറായി. എന്നാൽ പറമ്പിക്കുളത്ത് ലഭ്യമായ ജലം ചാലക്കുടിപ്പുഴ പ്രദേശത്തേക്ക് തുറന്നുവിടണമെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാട് നിരാകരിച്ചെങ്കിലും കേരളത്തിന്റെ ശക്തമായ ഇടപെടൽമൂലം 8-5-2013 മുതൽ തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേക്ക് പവർഹൗസ് 2 വഴി 14-5-2013 വരെ ജലം തമിഴ്നാട് നൽകുകയുണ്ടായി. ചില സാങ്കേതിക കാരണങ്ങളാൽ 14-5-2013-ൽ

പവർഹൗസ് 2-ന്റെ പ്രവർത്തനം നിർത്തിയതിനാൽ, 17-5-2013 മുതൽ പ്രസ്തുത പവർഹൗസിന്റെ ബൈപ്പാസ് തുറന്ന് കേരളത്തിന് ജലം നൽകുന്നതിനുള്ള നടപടിയും തമിഴ്നാട് സ്വീകരിച്ചിരുന്നു. ഇരു സംസ്ഥാനങ്ങളുടെയും മന്ത്രിതല ചർച്ചയ്ക്ക് മുമ്പ് വരെ മണക്കടവ് വിയറിൽ 5043 എം.സി.എഫ്റ്റി. ജലമാണ് ലഭിച്ചത്. ചർച്ചയ്ക്കുശേഷം 31-5-2013 വരെ 285 എം.സി.എഫ്റ്റി. ജലം കൂടി ലഭിച്ചിട്ടുണ്ട്. 2012-13 ജലവർഷത്തിൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനായി മണക്കടവ് വിയറിൽ ലഭിക്കേണ്ട 7250 എം.സി.എഫ്റ്റി. ജലത്തിന്റെ സ്ഥാനത്ത് 5574 എം.സി.എഫ്റ്റി. ജലം മാത്രമേ കേരളത്തിന് ലഭിച്ചിട്ടുള്ളൂ. അതുപോലെ തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേക്ക് ഇരു സംസ്ഥാനങ്ങളുടെയും മന്ത്രിതല ചർച്ചയ്ക്കുമുമ്പുവരെ 5407.32 എം.സി.എഫ്റ്റി. ജലവും മന്ത്രിതല ചർച്ചയ്ക്കുശേഷം 31-5-2013 വരെ തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേക്ക് 419.97 എം.സി.എഫ്റ്റി. ജലം കൂടി കിട്ടുകയുണ്ടായി. 2012-13 ജലവർഷത്തിൽ ആകെ ലഭിക്കേണ്ട 12300 എം.സി.എഫ്റ്റി. ജലത്തിൽ 10662.57 എം.സി.എഫ്റ്റി. മാത്രമാണ് കിട്ടിയത്. ഇതിനുപുറമേ കേരള ഷോളയാർ റിസർവോയറിൽ സെപ്റ്റംബർ 1-നും, ഫെബ്രുവരി 1-നും ഫുൾ റിസർവോയർ ലെവൽ (എഫ്.ആർ.എൽ.) ആയ 2663 അടിയിൽ നിലനിർത്തണം എന്ന വ്യവസ്ഥയും സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ 2658 അടിയിൽ നിലനിർത്തണം എന്ന വ്യവസ്ഥയും 2012-13 വർഷത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

എന്നാൽ 2013-14 ജലവർഷത്തിൽ 2013 ജൂലൈ ആദ്യം മുതൽ 2014 ജനുവരി പകുതിവരെ ഏറെക്കുറെ കേരളം ആവശ്യപ്പെട്ട അളവിൽ ജലം തമിഴ്നാട് മണക്കടവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ജലവർഷം ജനുവരി 15 വരെ 4805 എം.സി.എഫ്റ്റി. ജലം മണക്കടവിൽ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കേരള ഷോളയാർ റിസർവോയറിൽ 2013 സെപ്റ്റംബർ 1-ന് ജലനിരപ്പ് കരാർ പ്രകാരം ഫുൾ റിസർവോയർ (എഫ്.ആർ.എൽ.) ലെവലിൽ നിലനിർത്തിയിരുന്നു. കൂടാതെ 2014 ഫെബ്രുവരി 1-ന് കേരള ഷോളയാറിലെ ജലനിരപ്പ് ഫുൾ റിസർവോയർ (എഫ്.ആർ.എൽ.) ലെവലിലും 2014 വരെ അവിടത്തെ ജലനിരപ്പ് എഫ്.ആർ.എൽ.-ൽ നിന്ന് 5 അടി കുറയാതെ നിലനിർത്താമെന്നും ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ (സംയുക്ത ജല ക്രമീകരണ സമിതി) യോഗത്തിൽ തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.

തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥ ലംഘനങ്ങൾ സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിലെ ധാരണ പ്രകാരം, പരാമർശവിഷയത്തിന്റെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ ബന്ധപ്പെട്ട വിദഗ്ദ്ധരുമായി കൂടിയാലോചിച്ചശേഷം 16-4-2013-ന് തമിഴ്നാടിന്റെ കരാർ ലംഘനങ്ങൾക്കെതിരായി ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (OS.No.2/2013) ഒരു ഇടക്കാല ഹർജിയും (IA No.01/2013) ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയിൽ കേസ് വാദിക്കുന്നതിനായി പ്രഗത്ഭരായ

സുപ്രീം കോടതി അഭിഭാഷകരായ ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ. വി. ഗിരി, ശ്രീ. മോഹൻ വി. കാട്ടാർക്കി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്റ്റാൻഡിംഗ് കൗൺസിലിനെയും (ശ്രീ. രമേശ് ബാബു എം.ആർ.) നിയമിച്ചിട്ടുണ്ട്.

ശിപാർശ 68 (ഖണ്ഡിക 158)

പി.എ.പി. നിർമ്മിച്ചിരിക്കുന്ന ഡാമുകളുടെ വെള്ളം കയറിക്കിടക്കുന്ന വനഭാഗങ്ങൾ പാരിസ്ഥിതിക പ്രാധാന്യമുള്ളവയാണ്. അതുകൊണ്ടുതന്നെ അവയുടെ സംരക്ഷണത്തിനായി രണ്ട് ഉന്നതോദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിച്ച് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വെള്ളം കയറിക്കിടക്കുന്ന ഭാഗങ്ങൾ ഇതിനകം ടൈഗർ റിസർവ്വായി ഉൾപ്പെടുത്തി സംരക്ഷിച്ചു വരുന്നുണ്ട്. ആയതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു steering committee രൂപീകരിച്ചിട്ടുണ്ട്.

ശിപാർശ 69 (ഖണ്ഡിക 159)

പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഇക്കോടൂറിസം വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഇക്കോടൂറിസം പദ്ധതിക്ക് ആരംഭം കുറിച്ചുകഴിഞ്ഞു.

ശിപാർശ 70 (ഖണ്ഡിക 160)

ടൂറിസ്റ്റുകൾക്ക് പറമ്പിക്കുളം വന്യജീവി സങ്കേതം സന്ദർശിക്കുന്നതിന് വനം വകുപ്പുതന്നെ വാഹനസൗകര്യം ഏർപ്പെടുത്തി ഓരോ ദിവസവും നിശ്ചിത എണ്ണം ആൾക്കാരെ മാത്രമേ കടത്തി വിടുകയുള്ളൂവെന്ന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് പറമ്പിക്കുളത്ത് നിന്നും വാഴച്ചാലിലേക്കുള്ള റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിക്കണമെന്നും വന്യജീവികളുടെ സഞ്ചാരത്തേയും വനത്തേയും ബാധിക്കാത്ത തരത്തിൽ ടൂറിസ്റ്റുകൾക്ക് ഈ റോഡിലൂടെ പറമ്പിക്കുളത്തേക്ക് പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

പറമ്പിക്കുളത്ത് നിന്നും വാഴച്ചാൽ വഴിയുള്ള റോഡ് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്താൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുള്ളതിനാൽ ഈ വിഷയത്തിൽ പുനർചിന്തനം വേണമെന്ന് അപേക്ഷിക്കുന്നു.

ശിപാർശ 71 (ഖണ്ഡിക 163)

തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ സമീപം റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും വിമാനത്താവളത്തിലും ഇവിടെ വരുന്ന റെയർ ബേഡ്സിന്റെ കളർ പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ഈ സ്ഥലത്ത് വന്നുചേരാനുള്ള വഴിയുടെ വിശദവിവരങ്ങളും മറ്റു കാര്യങ്ങളും അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്താൽ വിനോദ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ ടൂറിസ്റ്റുകളെ ഈ സ്ഥലത്തേക്ക് ആകർഷിക്കാൻ സാധിക്കുകയും അതുവഴി കൂടുതൽ വരുമാനം സമാഹരിക്കുവാൻ സാധിക്കുകയും ചെയ്യുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

ശിപാർശ 72 (ഖണ്ഡിക 165)

വന്യജീവി സങ്കേതങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫിന് ഒരു സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് പ്രോഗ്രാം തുടങ്ങുന്നതിനും ക്രമീകരിക്കുന്നതിനും ഗൈഡുകൾക്ക് സയന്റിഫിക് ട്രെയിനിംഗ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനം വകുപ്പിലെ എല്ലാ ജീവനക്കാർക്കും അരിപ്പ ഫോറസ്റ്റ് സ്കൂളിൽവെച്ചും ഗൈഡുകൾക്ക് അതത് വന്യജീവി സങ്കേതങ്ങളിൽവെച്ചും പരിശീലനം നൽകുന്നുണ്ട്.

ശിപാർശ 73 (ഖണ്ഡിക 167)

തട്ടേക്കാട് പക്ഷിസങ്കേതത്തെ ഒരു ടൂറിസ്റ്റ് സെന്ററായി മാറ്റുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും ഇക്കോ സിസ്റ്റത്തെ ബാധിക്കാത്ത വിധത്തിൽ ഈ സങ്കേതത്തെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വനം വന്യജീവി വകുപ്പ് കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഇക്കോ സിസ്റ്റത്തെ ബാധിക്കാത്ത ഇക്കോടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ശിപാർശ 74 (ഖണ്ഡിക 168)

പൊൻമുടി പ്രദേശത്തെ വരയാടുകളുടെ ആവാസ വ്യവസ്ഥ, പ്രാദേശിക ജനിതക വ്യത്യാസങ്ങൾ എന്നിവയൊക്കെ കൂടുതൽ ശാസ്ത്രീയമായി പഠിക്കുന്നതിന് ഫീൽഡ് ബയോളജിസ്റ്റുകൾ, വനഗവേഷകർ, പരിസ്ഥിതി ശാസ്ത്ര വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടുന്ന പഠന സംഘത്തെ അടിയന്തരമായി നിയോഗിച്ച് പൊൻമുടി, ഹൈബ്ലക്ക് ഹിൽ പ്രദേശത്തെ വരയാടുകളുടെയും അവയുടെ പ്രത്യേക ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിന് ഈ പ്രദേശത്തെ ഏകദേശം 27 സ്ക്വയർ കി.മീ. വരുന്ന വനപ്രദേശങ്ങൾ ഒരു സംരക്ഷിത മേഖലയായി പ്രഖ്യാപിക്കണമെന്നും ഇരവികുളം ദേശീയോദ്യാനത്തിൽ നടപ്പിലാക്കിയിട്ടുള്ള എല്ലാ സംരക്ഷണ ഉപാധികളും പൊൻമുടിയിലെ വരയാടുകളുടെ സംരക്ഷണത്തിനും നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വരയാടുവേട്ട ഉൾപ്പെടുന്ന വനപ്രദേശം പ്രത്യേക സംരക്ഷണ മേഖലയാക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ഈ പ്രദേശത്ത് വരയാടുകൾക്ക് പുറമേ മറ്റു വന്യമൃഗങ്ങളെയും കണ്ടുവരുന്നുണ്ട്. പ്രസ്തുത സ്ഥലത്തെ സസ്യസമ്പത്ത് പ്രത്യേകം പരിഗണന അർഹിക്കുന്നതാണ്. ഇതനുസരിച്ച് 27 സ്ക്വയർ കി.മീ. സ്ഥലം പ്രത്യേക സംരക്ഷിത മേഖലയായി പരിഗണിക്കാവുന്നതാണ്. ഇതിനായി വിശദമായ പ്രൊപ്പോസലും കരട് നോട്ടിഫിക്കേഷനും തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ 75 (ഖണ്ഡിക 169)

നെയ്യാർ ജലസംഭരണിയുടെ സമീപത്ത് താമസിക്കുന്നവർക്ക് ചീങ്കണ്ണികളുടെ ആക്രമണത്തിൽനിന്ന് രക്ഷനേടുന്നതിന് കമ്പിവേലി കെട്ടി സുരക്ഷിതമാക്കിയ കടവുകൾ വനം വകുപ്പ് അടിയന്തരമായി നിർമ്മിച്ചുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നെയ്യാർഡാമിൽ നിന്നും ചീങ്കണ്ണികളെ പിടികൂടി നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

നെയ്യാർഡാമിൽനിന്നും അപകടകാരികളായ ചീങ്കണ്ണികളെ പിടിച്ചു മാറ്റിയിട്ടുണ്ട്. ചീങ്കണ്ണിശല്യം ഈ പ്രദേശത്ത് അടുത്ത കാലത്തൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അപകടകാരികളായ ചീങ്കണ്ണികളെ ഉടനെതന്നെ പിടിച്ചു മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതുകൊണ്ട് കമ്പിവേലി കെട്ടിയുള്ള കടവുകൾ ആവശ്യമായി വരുന്നില്ല.

ശിപാർശ 76 (ഖണ്ഡിക 174)

ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ വനഭൂമിയും റവന്യൂഭൂമിയും സ്വകാര്യവ്യക്തികൾക്ക് കൈവശാവകാശം കൊടുത്തും കൊടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളതുമായ കേസുകളിൽ പുനഃപരിശോധന നടത്തണമെന്നും വനം വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്കുശേഷം മാത്രമേ കേസുകൾ തീർപ്പാക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഇക്കാര്യത്തിൽ ബന്ധപ്പെട്ട മൂന്നാർ, മറയൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് നടപടി സ്വീകരിക്കുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ 77 (ഖണ്ഡിക 176)

വംശനാശഭീഷണി നേരിടുന്ന സസ്യജന്തുജാലങ്ങളുടെ അന്താരാഷ്ട്ര വ്യാപാരം നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

കേന്ദ്ര സർക്കാരിന്റെ കയറ്റുമതി ഇറക്കുമതി നയം, അന്താരാഷ്ട്ര വ്യാപാര ഉടമ്പടി, വന്യജീവി സംരക്ഷണ നിയമം എന്നീ ശക്തമായ നിയമ വ്യവസ്ഥകൾ ഇപ്പോൾതന്നെ ഇക്കാര്യത്തിൽ നിലവിലുണ്ട്.

ശിപാർശ 78 (ഖണ്ഡിക 177)

വന്യജീവികളുടെ മേലുള്ള കടന്നാക്രമണവും കള്ളക്കടത്തും തടയാനും കുറ്റകൃത്യ ങ്ങളെക്കുറിച്ച് അറിയിപ്പ് കിട്ടിയാലുടൻ തന്നെ മേൽനടപടി സ്വീകരിക്കാനുമായി ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ കീഴിൽ ഒരു എൻഫോഴ്സ്മെന്റ് സെൽ രൂപീകരിക്കണമെന്നും നിയമപരമായി വന്യജീവി ഉൽപ്പന്നങ്ങളെയും ഔഷധ സസ്യങ്ങളെയും കേരളത്തിനുപുറത്ത് കൊണ്ടുപോകാൻ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്നും ഇതിനുവേണ്ടി വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

കേന്ദ്രസർക്കാരിന്റെ കയറ്റു ഇറക്കുമതി നയം, അന്താരാഷ്ട്ര വ്യാപാര ഉടമ്പടി, വന്യജീവി സംരക്ഷണ നിയമം എന്നീ ശക്തമായ നിയമങ്ങൾ ഇപ്പോൾ തന്നെയുണ്ട്.

<u>ശിപാർശ 79 (ഖണ്ഡിക 178)</u>

വന്യജീവികളും ഔഷധ സസ്യങ്ങളും അവയുടെ ഉൽപ്പന്നങ്ങളും മറ്റും കയറ്റുമതി ചെയ്യുന്നതിന് അതിനായി നിർദ്ദേശിച്ചിട്ടുള്ള തുറമുഖങ്ങൾ/വിമാനത്താവളങ്ങൾ വഴി മാത്രമേ അനുവദിക്കാവൂ. കേരള വനം നിയമത്തിലും 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തി വന്യജീവികളുടെയും ഔഷധ സസ്യങ്ങളുടെയും ഇറക്കുമതിയും കയറ്റുമതിയും നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു. അതിനായി സംസ്ഥാനത്തെ എല്ലാ ദേശീയ അന്തർദേശീയ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കേരള വനം വകുപ്പ് എക്സിം യൂണിറ്റുകൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വന്യജീവി ഉല്പന്നങ്ങളുടെ അനധികൃത കള്ളക്കടത്ത് തടയുന്നതിന് ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നിയന്ത്രണത്തിൽ ഒരു എക്സിം യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

<u>പ്രസ്തുത വിഷയം സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ ലഭിച്ച അധികവിവരം</u>

എക്സിം യൂണിറ്റ് രൂപീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും അത് പ്രായോഗികമല്ലെന്നാണ് വ്യക്തിപരമായ അഭിപ്രായമെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡെവലപ്പ്മെന്റ്) അറിയിച്ചു. സംസ്ഥാനത്ത് എയർപോർട്ടുകളിലും സീ പോർട്ടുകളിലും ആവശ്യത്തിന് സ്റ്റാഫ് ഇല്ലെന്നും ഉള്ള ഉദ്യോഗസ്ഥരെ വച്ചുകൊണ്ടാണ് കാര്യങ്ങൾ ചെയ്യുന്നതെന്നും ഉദ്യോഗസ്ഥരുടെ അപര്യാപ്തതമൂലം വന്യജീവികളുടെ അനധികൃത കടത്ത് തടയാൻ സാധിക്കുന്നില്ലെന്നും ഇപ്പോൾ 8 ജില്ലകളിൽ മാത്രമാണ് ഫ്ളയിംഗ് സ്ക്വാഡ് ഉള്ളതെന്നും 14 ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡ് വേണമെന്നുള്ള നിലയിൽ ഇത് റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാരിനു സമർപ്പിക്കുന്നുണ്ടെന്നും ഓരോ ജില്ലയിലും ഓരോ ഫ്ളയിംഗ് സ്ക്വാഡും ജനങ്ങളിൽ ഇതു സംബന്ധിച്ച ബോധവൽക്കരണവും കൂടിവന്നു കഴിഞ്ഞാൽ അനധികൃത കടത്ത് തടയാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും എക്സിം യൂണിറ്റ് രൂപീകരിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും എയർപോർട്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലായതിനാൽ ഇത് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാലേ നടപ്പാക്കാനാകൂ എന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു.

<u>ശിപാർശ 80 (ഖണ്ഡിക 179)</u>

വനം ` വന്യജീവി നിയമലംഘകരെ കണ്ടുപിടിക്കുന്നതിന് അധികൃതരെ സഹായിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുന്നതിനായി ക്യാഷ് അവാർഡ്

ഏർപ്പെടുത്തുന്നതിനും കസ്റ്റംസ് വകുപ്പിൽ ഉള്ളതുപോലെ വലിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും ഫോറസ്റ്റ് അധികൃതരെ സഹായിക്കുന്നവർക്ക് 1995-ലെ കേരളാ ഫോറസ്റ്റ് (റഗുലേഷൻ ഓഫ് റിവാർഡ്സ്) റൂൾ 6 പ്രകാരം മെരിറ്റ് സർട്ടിഫിക്കറ്റും കേസ് ഒന്നിന് പരമാവധി 2,500 രൂപ എന്ന ക്രമത്തിൽ വ്യക്തി ഒന്നിന് 500 രൂപവരെ പ്രതിഫലം നൽകുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇതേ റൂൾ പ്രകാരം വിശിഷ്ട സേവന സർട്ടിഫിക്കറ്റ്/സ്തുത്യർഹ്യസേവന രേഖ നൽകുന്നതിനും വ്യക്തി ഒന്നിന് 500 രൂപയും കേസ് ഒന്നിന് 2,500 രൂപയുമായി നിജപ്പെടുത്തി പാരിതോഷികം നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഇതിനുപരി കേരളാ ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യത്തിന്റെ അനുബന്ധം 6 പ്രകാരമുള്ള രഹസ്യ സേവന ചെലവുകൾ സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ക്യാഷ് അവാർഡ് നൽകുന്നതിന് എല്ലാവർഷവും നിശ്ചിത തുക നീക്കിവയ്ക്കാറുണ്ട്. നടപ്പു സാമ്പത്തികവർഷമായ 2012-13-ൽ 2406-01-001-95-15 സീക്രട്ട് സർവ്വീസ് എക്സ്പെൻസസ് എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ടി ആവശ്യത്തിന് മതിയാകുന്നതാണ്.

ശിപാർശ 81 (ഖണ്ഡിക 180)

വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയും വകുപ്പു തലങ്ങളിൽ ഉണ്ടായിട്ടുള്ള വീഴ്ചകളെക്കുറിച്ച് വിശദമായ പരിശോധനകൾ നടത്തുകയും ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേന്ദ്രവിഹിതമായി ലഭിക്കേണ്ട മുഴുവൻ തുകയും കൃത്യസമയത്തുതന്നെ ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

സർക്കിൾ ഡിവിഷൻ തലത്തിൽ വിലയിരുത്തലുകൾ നടത്തുകയും കേന്ദ്ര വിഹിതത്തിനുള്ള പദ്ധതികൾ സമർപ്പിച്ച് തുക ലഭ്യമാക്കാനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

ശിപാർശ 82 (ഖണ്ഡിക 181)

വനദർശൻ പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിച്ചതായി വ്യാജരേഖകളും കള്ള വൗച്ചറുകളും ചമച്ച് ലക്ഷങ്ങൾ തട്ടിയെടുക്കുന്നതായി പരാതിയുണ്ട്.

ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വനം വകുപ്പ് ശ്രദ്ധിക്കുകയും പരാതികൾ പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വനദർശൻ പരിപാടികളിൽ വ്യാജരേഖകൾ ഉണ്ടാക്കി സർക്കാർ പണം തട്ടിയെടുത്ത സംഭവങ്ങളെപ്പറ്റി പരാതികൾ ഉണ്ടായിട്ടുണ്ട്. അന്വേഷണത്തിൽ ഒരു സംഭവം കണ്ടുപിടിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലുള്ള സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കുവാനും ഏതെങ്കിലും സംഭവം ഉണ്ടായാൽ കർശന നടപടികൾ സ്വീകരിക്കാനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ 83 (ഖണ്ഡിക 182)</u>

നവീന രീതിയിൽ സംസ്ഥാനത്തെ ഇക്കോട്ടൂറിസത്തിന് വ്യക്തമായ രൂപരേഖ തയ്യാറാക്കി ഇവ ശീഘ്രഗതിയിൽ നടപ്പിലാക്കണമെന്നും വനത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് ഒരു കോട്ടവും തട്ടാത്ത വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ പങ്കാളിത്ത വനപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കോട്ടൂറിസം പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. അതത് പ്രദേശത്തെ വനസംരക്ഷണ സമിതികളും വനം വകുപ്പും സംയുക്തമായി പദ്ധതി നടപ്പാക്കുന്നു. മേൽനോട്ടവും നിയന്ത്രണവും വന ഡിവിഷൻ തലത്തിലുള്ള വനവികസന ഏജൻസി (എഫ്.ഡി.എ.) യ്ക്കാണ്. നടപ്പാക്കുന്ന സ്ഥലങ്ങൾ:

(1) കല്ലാർ .. തിരുവനന്തപുരം ഡിവിഷൻ

(2) പാലരുവി .. തെന്മല ഡിവിഷൻ

(3) മണലാർ .. കുംഭാവുരുട്ടി-അച്ചൻകോവിൽ ഡിവിഷൻ

(4) കാൽവരി മൗണ്ട് .. കോട്ടയം ഡിവിഷൻ

(5) അതിരപ്പിള്ളി .. വാഴച്ചാൽ-വാഴച്ചാൽ ഡിവിഷൻ

(6) നെടുങ്കയം .. നിലമ്പൂർ സൗത്ത് ഡിവിഷൻ

(7) മീൻവല്ലം .. പാലക്കാട് ഡിവിഷൻ

(8) കുറുവ .. സൗത്ത് വയനാട് ഡിവിഷൻ

ഇവ കൂടാതെ യുക്തമായ പല സ്ഥലങ്ങളിലും ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വനത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും നദീജല സ്രോതസ്സുകൾക്കും കോട്ടംതട്ടാത്ത വിധത്തിൽ സംരക്ഷണം ഉറപ്പാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ 84 (ഖണ്ഡിക 186)</u>

വന്യജീവികളുടെ ആവാസ വ്യവസ്ഥകൾക്ക് കോട്ടംതട്ടാത്ത രീതിയിൽ ഇതിലേക്കാവശ്യമായ സമഗ്രമായ പദ്ധതികൾ സമർപ്പിച്ച് ടൂറിസം വകുപ്പിൽനിന്ന് ഫണ്ട് ലഭ്യമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വന്യജീവികളുടെ ആവാസ വ്യവസ്ഥകൾക്ക് കോട്ടംതട്ടാത്ത രീതിയിൽ ടൂറിസം പദ്ധതികൾ ടൂറിസം വകുപ്പിന് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>ശിപാർശ 85 (ഖണ്ഡിക 188)</u>

വയനാട് വന്യജീവി സങ്കേതത്തിൽ വന്യജീവികൾ കൃഷി നശിപ്പിക്കുന്നതും സമീപ പ്രദേശത്തെ താമസക്കാർക്ക് ശല്യമുണ്ടാക്കുന്നതും തടയുന്നതിനായി വൈദ്യുത കമ്പിവേലി സ്ഥാപിക്കുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനും ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെട്ട പ്രോജക്ട് എലഫന്റ് എന്ന സ്കീമിൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് വൈദ്യുത കമ്പിവേലിയും കിടങ്ങുകളും ഈ പ്രദേശത്ത് നടത്തിവരുന്നുണ്ട്.

<u>ശിപാർശ 86 (ഖണ്ഡിക 198)</u>

ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി സംസ്ഥാനത്തെ എല്ലാ വനവാസി മേഖലകളിലും വ്യാപിപ്പിക്കുകയും കൂടുതൽ ആദിവാസികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യാൻ ആവശ്യമായ നടപടികൾ വനം വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി സംസ്ഥാനത്തെ എല്ലാ വന്യജീവി സങ്കേതങ്ങളിലും തുടങ്ങിയിട്ടുണ്ട്. ഇന്ത്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ പെരിയാർ ടൈഗർ

റിസർവ്വിൽ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് 1997 മുതൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ.എഫ്.ഡി.പി.-യുടെ കീഴിൽ നെയ്യാർ, പേപ്പാറ, ചിന്നാർ, ഇടുക്കി, പറമ്പിക്കുളം എന്നീ വന്യജീവി സങ്കേതങ്ങളിലും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതര വന്യജീവി സങ്കേതങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിലും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. വന്യജീവി സങ്കേതങ്ങളല്ലാത്ത വനവാസി മേഖലകളിൽ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നില്ല. ഇതിനു പകരമായി ഈ പ്രദേശങ്ങളിൽ പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ വന സംരക്ഷണ സമിതികൾ രൂപീകരിച്ചുവരുന്നു.

<u>ശിപാർശ 87 (ഖണ്ഡിക 203)</u>

ഓരോ കേസിന്റെയും ഗൗരവവും പ്രാധാന്യവും പരിഗണിച്ച് ശിക്ഷ നൽകുന്നതിന് വേണ്ടി ഫോറസ്റ്റ് ആക്ടിലെ പ്രസക്ത നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഓരോ കേസിന്റെയും ഗൗരവവും പ്രാധാന്യവും പരിഗണിച്ച് ശിക്ഷ നൽകുന്നതിനുവേണ്ടി ഫോറസ്റ്റ് ആക്ടിലെ പ്രസക്ത നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

പ്രസ്തുത ശിപാർശകൾക്ക് ലഭ്യമാക്കിയ മറുപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതിയെ അറിയിക്കുക.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

കേരള വനനിയമം കാലോചിതമായി ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വന നിയമ പ്രകാരം തടി മുറിച്ചുകടത്തുന്നതിന് 1 വർഷം മുതൽ 5 വർഷംവരെ തടവും 1,000 രൂപ മുതൽ 5,000 രൂപവരെ പിഴയുമാണ് നിലവിൽ ശിക്ഷയായി നിഷ്കർഷിച്ചിട്ടുള്ളത്. ചന്ദനം പോലുള്ള വിലപിടിപ്പുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള കുറ്റകൃത്യത്തിന് കൂടുതൽ കഠിനമായ ശിക്ഷയും പിഴയും ഉൾപ്പെടുത്തിക്കൊണ്ട് 2010-ൽ കേരള വന നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ശിക്ഷാ കാലാവധി 3 മുതൽ 7 വർഷം വരെയും പിഴ 10,000 രൂപ മുതൽ 25,000 രൂപവരെയുമാണ്. രണ്ടാമത് നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞ ശിക്ഷാ

കാലാവധി 5 വർഷമായും കുറഞ്ഞ പിഴസംഖ്യ 20,000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ചന്ദന മരങ്ങളുടെ അനധികൃത ശേഖരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞ ശിക്ഷ 3 വർഷമായും കൂടിയ ശിക്ഷ 7 വർഷമായും പിഴ 25,000 മുതൽ 1 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ടി ഭേദഗതി നടപ്പിൽ വരുത്തുന്നതിനായി ജി.ഒ. (പി) നമ്പർ 50/2012/വനം തീയതി 16-4-2012 പ്രകാരം ചന്ദന മരങ്ങളുടെ മുറിക്കൽ, വിൽപ്പന, ലൈസൻസ്, സൂക്ഷിക്കൽ, കടത്തൽ എന്നിവ സംബന്ധിച്ച് റൂൾസ് നിലവിൽ വന്നിട്ടുണ്ട്.

<u>ശിപാർശ 88 (ഖണ്ഡിക 204)</u>

പോലീസ് വകുപ്പിലുള്ളതുപോലെ സ്വതന്ത്ര ചുമതലയുള്ള ഒരു ചീഫ് കൺസർവേറ്ററുടെ കീഴിൽ സ്ഥിര സംവിധാനത്തോടുകൂടിയ ഒരു വിജിലൻസ് വിഭാഗം രൂപീകരിക്കണമെന്നും അന്വേഷണം നടത്തി കണ്ടുപിടിക്കപ്പെടുന്ന കേസുകൾ വിജിലൻസ് ലീഗൽ സെൽ മുഖാന്തിരം കോടതികളിൽ കേസ് ഫയൽ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വനം വകുപ്പിന്റെ കീഴിൽ സി.സി.എഫ്. (വിജിലൻസ്) തലവനായി സുസജ്ജമായ ഒരു വിജിലൻസ് സെൽ നിലവിൽ പ്രവർത്തിച്ചു വരുന്നു. സമിതി നിർദ്ദേശിച്ച പ്രകാരം സ്വതന്ത്ര ചുമതലയോടുകൂടിയ ഒരു വിജിലൻസ് വിഭാഗം വനം വകുപ്പിൽ രൂപീകരിക്കുകയാണെങ്കിൽ, സ്വതന്ത്ര ചുമതലയോടെ പ്രവർത്തിക്കുന്നതിനാവശ്യമായ കൂടുതൽ ജീവനക്കാർ നിയമോപദേശം നൽകുന്നതിനും കേസുകൾ നടത്തുന്നതിനും വേണ്ടി ലീഗൽ സെൽ തുടങ്ങി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള മുഴുവൻ സംവിധാനങ്ങളും പ്രത്യേക വനം വിജിലൻസിലും ഒരുക്കേണ്ടതുണ്ട്. അപ്രകാരം വനം വകുപ്പിൽ സ്വതന്ത്ര വിജിലൻസ് സംവിധാനം നിലവിൽ വന്നാലും ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച കേസുകൾ നിലവിലുള്ള നിയമത്തിന്റെ വെളിച്ചത്തിൽ പോലീസ് വിജിലൻസ് വിഭാഗത്തിന് മാത്രമേ അന്വേഷിച്ച് നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. വനം വകുപ്പിൽ സാധാരണ ഉണ്ടാകുന്ന വനം കുറ്റകൃത്യങ്ങൾ അതത് റെയിഞ്ച് ഉദ്യോഗസ്ഥൻമാർ അന്വേഷിച്ച് ഡെപ്യൂട്ടി റെയിഞ്ചറിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ വനം കോടതികളിലോ വനം കോടതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ക്രിമിനൽ കോടതികളിലോ ചാർജ്ജ് ചെയ്ത് കേരള ഫോറസ്റ്റ് ആക്ട് 1961 പ്രകാരവും വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരവുമാണ് കേസുകൾ കൈകാര്യം ചെയ്യുന്നത്. ഇത്തരം കേസുകൾക്ക് നിലവിലുള്ള സംവിധാനം തുടരേണ്ടതായും വരും. ഉദ്യോഗസ്ഥന്മാർക്ക് എതിരെയുള്ള ആരോപണങ്ങൾ നിലവിലുള്ള വനം, വിജിലൻസ് വിഭാഗം അന്വേഷിച്ച് 1961-ലെ കെ.സി.എസ്. (സി.സി. ആന്റ് എ.) റൂൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന്

ബന്ധപ്പെട്ട ശിക്ഷണാധികാരിക്ക് കൈമാറുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള നിയമം അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. വനം വകുപ്പിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജി.ഒ. (പി) 34/97/വിജി. തീയതി 11-6-1997 സർക്കാർ ഉത്തരവ്, 9-1-2003-ലെ 10609/സി.1/02/വിജി. നമ്പർ സർക്കാർ സർക്കുലർ എന്നിവയ്ക്ക് അനുസൃതമായി ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ (വിജിലൻസ്)-നെ വിജിലൻസ് ഓഫീസർ ആയി നിയമിക്കുകയും ടി സെല്ലിൽ 2 ഫോറസ്റ്റ് കൺസർവേറ്റർമാർ, 8 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, 23 റെയ്ഞ്ച് ഓഫീസർമാർ എന്നിവർ ഉൾപ്പെടെ 267 ജീവനക്കാരുടെ സേവനം ടി വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. വനം വകുപ്പിലെ വിജിലൻസ് സംബന്ധമായ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

<u>ശിപാർശ 89 (ഖണ്ഡിക 213)</u>

സാമൂഹ്യ വനവൽക്കരണത്തിന്റെ മറവിൽ നടന്ന എല്ലാ പ്രവർത്തനങ്ങളെയുംപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി കാലാകാലങ്ങളിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗവും മറ്റും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സാമൂഹ്യ വനവൽക്കരണത്തിന്റെ മറവിൽ നടന്ന എല്ലാ പ്രവർത്തനങ്ങളെയുംപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്ന സമിതിയുടെ ശിപാർശയ്ക്ക് നിരുത്തരവാദിത്വപരമായ മറുപടിയാണ് നൽകിയിട്ടുള്ളതെന്ന് സമിതി അഭിപ്രായപ്പെടുകയും കഴിഞ്ഞ 5 വർഷക്കാലമായി എത്ര അന്വേഷണം നടത്തിയിട്ടുണ്ടെന്നും അവയുടെ ഫലമെന്താണെന്നും അന്വേഷണത്തിന്മേൽ എന്ത് തുടർ നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദവിവരം ആരായാൻ സമിതി നിർദ്ദേശിച്ചു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി കാലാകാലങ്ങളിൽ മൂല്യനിർണ്ണയം നടത്തുകയും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ട സന്ദർഭങ്ങളിൽ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(1) എറണാകുളം സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ പരിഹാരവനവൽക്കരണ പ്രവൃത്തികളിൽ നടന്ന ക്രമക്കേടിന്റെ പേരിൽ ഒരു അസി. കൺസർവേറ്റർ ഉൾപ്പെടെ 12 പേർക്കെതിരെ ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്.

(2) വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ , സുൽത്താൻബത്തേരി റെയിഞ്ചിലെ പ്രവർത്തനങ്ങളിൽ നടത്തിയ ക്രമക്കേടിൽ ബന്ധപ്പെട്ട റെയിഞ്ചാഫീസറുടെ പേരിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(3) ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ അറക്കപ്പാടം സി.എ. തോട്ടത്തിൽ നടന്ന തീപിടുത്തത്തിന് ഉത്തരവാദികളായ അസി. കൺസർവേറ്റർക്കും ഫോറസ്റ്റർക്കും ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്.

(4) 25 ഹെ. കമ്പമല പ്ലാന്റേഷനിൽ നടന്ന ക്രമക്കേടിൽ ബന്ധപ്പെട്ട ഫോറസ്റ്റർ, റേഞ്ച് ഓഫീസർ എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്. 11-7-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 50/2000/വനം പ്രകാരം സർക്കാർ നഷ്ടം എഴുതിത്തള്ളിയിട്ടുണ്ട്.

(5) തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കാളക്കല്ല്; കൊല്ലത്തിരിമേട് തോട്ടങ്ങളിൽ നടന്ന ക്രമക്കേടിൽ ബന്ധപ്പെട്ട റേഞ്ച് ഓഫീസർ, ഫോറസ്റ്റർ എന്നിവർക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ 90 (ഖണ്ഡിക 214)</u>

സാമൂഹ്യവനവൽക്കരണ പദ്ധതികൾവഴി വനനശീകരണത്തിലൂടെ നഷ്ടപ്പെട്ട നമ്മുടെ വന സമ്പത്ത് തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്. അതിനായി കൂടുതൽ ബദൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു വൃക്ഷംപോലും വളരാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ തൈ നടുന്ന സമ്പ്രദായം നിർത്തലാക്കി പകരം വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി സമഗ്രമായ പ്ലാനിംഗിലൂടെ നമ്മുടെ നാടിന്റെ തനിമ നിലനിർത്തുന്ന വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്നും ഇവയുടെ വളർച്ച മോണിറ്റർ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും ത്രിതല പഞ്ചായത്തുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

വനനശീകരണത്തിലൂടെ നഷ്ടപ്പെട്ട നമ്മുടെ വനസമ്പത്ത് പുനഃസ്ഥാപിക്കുന്നതിനായി വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം പല പദ്ധതികളും നടപ്പിലാക്കിവരുന്നു. 1993-94-ൽ ആരംഭിച്ച കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പരിപാടി 2002-03-ൽ ആരംഭിച്ച ഹരിതോത്സവം 2003-04-ൽ ആരംഭിച്ച ഗ്രാമവനം ഔഷധസസ്യങ്ങളുടെ വ്യാപനത്തിനായി സഞ്ജീവനി വനം എന്നീ സംസ്ഥാന സഹായത്തോടുകൂടിയ പരിപാടികളും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ഔഷധസസ്യങ്ങളുടെ കൃഷിയെപ്പറ്റി

പൊതുജനബോധവൽക്കരണം മുൻനിർത്തിയുള്ള സഞ്ജീവനി വനം, നബാർഡ് ബോർഡ് ധനസഹായത്തോടുകൂടിയ പദ്ധതി എന്നീ പരിപാടികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പരിപാടികൾ.

ഇതിൽ ഗ്രാമവനം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി, സംസ്ഥാനത്തെ 991 പഞ്ചായത്തുകളിലും വനങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിപാടിയാണ്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. വനം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്തിലെ കീഴ്പള്ളിയിൽ 31-8-2003-ൽ നിർവ്വഹിക്കുകയുണ്ടായി. ബദൽ വനവൽക്കരണ പരിപാടികൾക്കായി ഗുണമേന്മ തീരെയില്ലാത്ത സ്ഥലങ്ങളാണ് സാധാരണ വൃക്ഷവൽക്കരണത്തിന് ലഭിക്കുക. അത്തരം സ്ഥലങ്ങൾക്കനുയോജ്യമായ വൃക്ഷത്തൈകളാണ് ടി പദ്ധതി പ്രകാരം നട്ടു വളർത്തുന്നത്.

<u>ശിപാർശ 91 (ഖണ്ഡിക 225)</u>

വീട്ടുവളപ്പിലെ വനവൽക്കരണം പ്രധാനമായും ഫലവൃക്ഷങ്ങളെ ഉദ്ദേശിച്ചുള്ളതായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും ലഭിച്ച മറുപടി</u>

സ്വകാര്യവ്യക്തികളുടെ കൈവശത്തിലിരിക്കുന്ന തരിശു ഭൂമിയും വീട്ടുപറമ്പ് പുരയിടങ്ങളും പരിസരങ്ങളും വൃക്ഷവൽക്കരിക്കുന്നതോടൊപ്പം പൊതു സ്ഥലങ്ങളിലും പൊതു സ്ഥാപനങ്ങളുടെ ചുറ്റുപാടിലും മരങ്ങളും ചെടികളും വച്ചു പിടിപ്പിക്കുന്ന ഒരു നൂതന പദ്ധതിയാണ് ഹാബിറ്റാറ്റ് ഫോറസ്ട്രി അഥവാ പാർപ്പിട വനവൽക്കരണം. ഈ പദ്ധതിയിൽ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്നതിന് ഈ വർഷം ഏകദേശം 19 ലക്ഷം സസ്യതൈകൾ തയ്യാറായി കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിസ്ഥിതി രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിവഴി കേരളത്തിലെ വനവിസ്തൃതി അഞ്ച് ശതമാനം കണ്ട് കൂട്ടുകയെന്നത് കൂടാതെ കേരളത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കുടിവെള്ള ക്ഷാമത്തിനും കാലാവസ്ഥാവ്യതിയാനത്തിനും ഒരളവുവരെ ആശ്വാസം കണ്ടെത്തുകയെന്നതും ഉദ്ദേശിക്കുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ ഈ പദ്ധതി വഴി കേരളത്തിലെ തടിയുടെ ലഭ്യത കൂട്ടാനും തദ്വാര തടിയിറക്കുമതിക്കായി കേരളം ഇപ്പോൾ വർഷംതോറും ചെലവിടുന്ന അഞ്ഞൂറ് കോടിരൂപ ലാഭിക്കാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

<u>ശിപാർശ 92 (ഖണ്ഡിക 227)</u>

സംയുക്ത വനപരിപാലനം, കാട്ടുതീ തടയൽ, സ്വകാര്യ ഭൂമിയിലെ വനവൽക്കരണം, ജൈവവൈവിദ്ധ്യം, സംരക്ഷണം എന്നീ രംഗങ്ങളിൽ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിജ്ഞാന വ്യാപന പരിപാടികൾ ശ്ലാഘനീയമാണെന്നും ജനങ്ങളിൽ

വനംസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിന് വനവിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സഹായകരമാണെന്നതിനാൽ എല്ലാ ജില്ലകളിലും വനവിജ്ഞാന വ്യാപന കേന്ദ്രങ്ങൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാരിൽനിന്നും 17-5-2008-ൽ ലഭിച്ച മറുപടി</u>

സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള എല്ലാ ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും വനവിജ്ഞാന വ്യാപന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവിടങ്ങളിൽ സംയുക്ത വനപരിപാലനം, കാട്ടുതീ തടയൽ, സ്വകാര്യ ഭൂമിയിലെ വനവൽക്കരണം, ജൈവവൈവിദ്ധ്യം, സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും പ്രസ്തുത വനവിജ്ഞാന വ്യാപന കേന്ദ്രങ്ങൾവഴി നടത്തിവരുന്നുണ്ട്. പാലക്കാട് ജില്ലയിൽ വനവിജ്ഞാന വ്യാപനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിക്കുന്നു.

<u>31-8-2010-ന് ലഭിച്ച മറുപടി</u>

സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാര പരിധിയിലുള്ള എല്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും ജില്ലാ വന വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. വർഷംതോറും സംയുക്തവനപരിപാലനം, കാട്ടുതീ തടയൽ സ്വകാര്യ ഭൂമിയിലെ വനവൽക്കരണം തുടങ്ങിയവയെപ്പറ്റി സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികളുടെ കീഴിൽ സ്വകാര്യ ഭൂമിയിൽ വനവൽക്കരണം നടത്തുന്നുണ്ട്. ജൈവവൈവിദ്ധ്യം, സ്വകാര്യ ഭൂമിയിൽ വനവൽക്കരണം എന്നീ രംഗങ്ങളിൽ വനം വകുപ്പ് ജനങ്ങൾക്ക് വിജ്ഞാന പരിപാടികൾ നടത്തുന്നുണ്ട്.

<u>ശിപാർശ 93 (ഖണ്ഡിക 228)</u>

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിൽ നിലവിലുള്ള വനങ്ങളുടെയും പുൽമേടുകളുടെയും ജൈവസ്വഭാവം നിലനിർത്തിക്കൊണ്ട് കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണമെന്നും ഫോറസ്ട്രി പദ്ധതിയുടെ കാര്യമായ നടത്തിപ്പിനുവേണ്ടി പരിസ്ഥിതി പ്രവർത്തകരും വനശാസ്ത്രജ്ഞൻമാരും ഉൾക്കൊള്ളുന്ന വിദഗ്ദ്ധസമിതി രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി പരിചരണം നടത്തിയ പ്രദേശങ്ങളെ സംബന്ധിച്ച് എല്ലാ വരവുചെലവ് കണക്കുകളും ഓരോ പ്രദേശത്തും ചെയ്ത ജോലികൾ, നേട്ടങ്ങൾ മുതലവായവ അടങ്ങിയ വിവരങ്ങളും ഈ സമിതിക്ക് സമർപ്പിക്കുന്നതിനും സ്പെഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

ലോകബാങ്ക് പദ്ധതിയിലെ എ.എൻ.ആർ., ആർ.സി.എഫ്. ഘടകങ്ങൾ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ള വാട്ടർഷെഡ് ഡെവലപ്പ്മെന്റ് പ്രോജക്ടിൽ കൂടുതൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനു നിർദ്ദേശമുള്ള ഈ പ്രോജക്ടിന് സാമ്പത്തിക സഹായം വിദേശ ഏജൻസികളിൽനിന്നും നേടുന്നതിനുള്ള ശ്രമം തുടർന്നുവരുന്നു. വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിൽ ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി പരിചരണം നടത്തിയ പ്രദേശങ്ങളെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും ഓരോ പ്രദേശങ്ങളും ചെയ്ത ജോലികൾ, നേട്ടങ്ങൾ മുതലായവ അടങ്ങിയ വിവരങ്ങളും സമിതിക്ക് ലഭ്യമാക്കാവുന്നതാണ്. എന്നാൽ കാലാകാലങ്ങളിലെ എ.ജി.യുടെ ഓഡിറ്റ്, ലോകബാങ്കിന്റെ സൂപ്പർവൈസറി മിഷൻ സന്ദർശനം, വിജിലൻസ് ആന്റ് ഇവാല്യുവേഷന്റെയും മറ്റു യഥാസമയ പരിശോധന എന്നിവയുടെ വെളിച്ചത്തിൽ മറ്റൊരു സ്പെഷ്യൽ ഓഡിറ്റിന്റെ ആവശ്യകതയെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. കൂടാതെ അവസാനമായി കേരള ഫോറസ്ട്രി പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുവേണ്ടി അഗ്രികൾച്ചറൽ ഫൈനാൻസ് കോർപ്പറേഷന് നൽകിയിട്ടുള്ള കൺസൽട്ടൻസിയെ ഇതിന് ഉപോൽബലകമായി സ്വീകരിക്കാവുന്നതാണ്.

ശിപാർശ 94 (ഖണ്ഡിക 240)

വനം വകുപ്പും ഗിരിജനക്ഷേമവും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ച് ഗിരിജനക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കണമെന്നും തദ്ദേശ വനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് അവരെ ഉത്ബുദ്ധരാക്കുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

വനം വന്യജീവി വകുപ്പിൽനിന്നും ലഭിച്ച മറുപടി

പങ്കാളിത്ത വനപരിപാലനം വനസംരക്ഷണത്തിനും പരിപാലനത്തിനും പുറമേ വനാശ്രിത സമൂഹങ്ങളുടെ ക്ഷേമവും ലക്ഷ്യമിടുന്നു. കേരളത്തിൽ ഇപ്പോൾ 326-ഓളം വനസംരക്ഷണ സമിതികൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. വനത്തെ ആശ്രയിക്കുന്ന ഏത് ജനവിഭാഗത്തിനും ഇതിൽ പങ്കാളികളാകാം. പട്ടികജാതി/പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ധാരാളം അംഗങ്ങൾ വനസംരക്ഷണ സമിതികളിൽ പ്രവർത്തിക്കുന്നു. വനാശ്രിത ആദിവാസി സമൂഹങ്ങൾക്ക് മാത്രമായുള്ള ആദിവാസി വനസംരക്ഷണ സമിതികൾ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളോടെ നിലവിലുണ്ട്.

വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും പ്രസ്തുത സമൂഹങ്ങളെ ഉത്ബുദ്ധരാക്കുന്നത് വനസംരക്ഷണ സമിതികളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതിൽ പല സമിതികളും വിജയം കൈവരിച്ചതായി കാണുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച മറുപടി

ശിപാർശയിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ പുനരധിവാസ മിഷന്റെ (റ്റി.ആർ.ഡി.എം.) പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പും വനം വകുപ്പും സംയുക്തമായി എടുക്കുന്ന തീരുമാനപ്രകാരമാണ് നടപ്പിലാക്കിവരുന്നത്. ജില്ലാതലത്തിൽ മിഷൻ പ്രവർത്തനം നടത്തുന്നതിനായി കളക്ടർ ചെയർമാനായും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, പ്രോജക്ട് ഓഫീസർ, ഡി.ആർ.ഡി.എ., ജില്ലാ കൃഷി ഓഫീസർ, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളായി ജില്ലാ മിഷനുകളും പ്രവർത്തിച്ചുവരുന്നു.

വി. ഡി. സതീശൻ,
*ചെയർമാൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 16.